"നീ എല്ലാവരേയുംകാൾ ചെറിയവനാണെന്നു തന്നത്താൻ പരിഗണിക്കുന്നതുകൊണ്ടു് നിനക്കു യാതൊരു ദോഷവും വരാനില്ല; എന്നാൽ നീ ആരെയെങ്കിലുംകാൾ യോഗ്യനാണെന്നു സ്വയം പരിഗണിച്ചാൽ അതു നിനക്കു വളരെ ദോഷകരമായിരിക്കും. എളിമയുള്ളവൻ അനസ്യൂതമായ ശാന്തിയനുഭവിക്കുന്നു; എന്നാൽ അഹങ്കാരിയുടെ ഹൃദയത്തിൽ മുറ്റു സ്പർദ്ധയും ക്രോധവും കുടികൊള്ളുന്നു."

—ക്രിസ്ത്വനുകരണം

# സത്യദീപം

"അനന്തരം അവിടുന്നു അവർക്കു ഇങ്ങനെ മുന്നറിയിപ്പുനൽകി: നാമിപ്പോൾ ഓർശ്ലത്തേക്കു പോകയാണല്ലോ. മനുഷ്യപുത്രനെപ്പററി പ്രവാചകന്മാരാൽ എഴുതപ്പെട്ടിരിക്കുന്നവയെല്ലാം നിറവേറണം. അവൻ പുറജാതികൾക്കു ഏല്പിച്ചുകൊടുക്കപ്പെടുകയും പരിഹസിക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും തുപ്പപ്പെടുകയും ചെയ്യും. അവർ ചമ്മട്ടികൊണ്ടടിച്ചശേഷം അവനെ വധിക്കുകയും ചെയ്യും."

—ലൂക്കാ XVIII: 31-33

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഫെബ്രുവരി 27—ബുധനാഴ്ച | Vol. 30, No. 28

## കത്തോലിക്കനും കമ്മ്യൂണിസവും

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)

ദൈവച്ഛായയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഒരു ഉന്നതസൃഷ്ടിയാണു് മനുഷ്യൻ. അവൻെറ വ്യക്തിത്വം പൂർണ്ണമാകുന്നതു് ആത്മസാക്ഷാല്ക്കാരംവഴി ദൈവത്തെ പ്രാപിക്കുമ്പോഴാണു്. ഇതിനത്യന്താപേക്ഷിതമായിട്ടുള്ളതു് അചഞ്ചലമായ ദൈവവിശ്വാസവും തജ്ജന്യമായ ദൈവസ്നേഹവുമാണു്.

ദൈവപരിപാലന മനുഷ്യബുദ്ധിക്കു് തികച്ചും അജ്ഞാതമാണു്. അവിടുത്തെ ഭരണക്രമത്തിൻെറ നിഗൂഢരഹസ്യങ്ങളെ പ്രവചിക്കുവാൻ യാതൊരു ശാസ്ത്രജ്ഞനും കഴിഞ്ഞിട്ടില്ല; കഴികയുമില്ല.


ശാസ്ത്രവിജ്ഞാനംകൊണ്ടുമാത്രം ഒരുവൻ ദൈവത്തെ അറിയുന്നില്ല. ഗവേഷണാലയമായി മാറിയിരിക്കുന്ന ഇന്നത്തെ പരിഷ്കൃതലോകം ഒരു പ്രതിസന്ധിഘട്ടത്തിലാണു് എത്തിച്ചേർന്നിരിക്കുന്നതു്. ദൈവം, മതം, സത്യം, നീതി ഇവയെ പലരും പലവിധത്തിൽ വ്യാഖ്യാനിക്കുന്ന ഒരു ദശാസന്ധിയിലാണു് ഇന്നു നാം ജീവിക്കുന്നതു്.

"യുക്തിയേന്തി മനുഷ്യൻെറ
ബുദ്ധിശക്തി ഖനിച്ചതിൽ
ലഭിച്ചതല്ലാതില്ലൊന്നും ലോക
വിജ്ഞാനരാശിയിൽ"

എന്നുവരെ എത്തിയിട്ടുണ്ടു്, പുരോഗമനവാദികളെന്നു ഭീമാനിക്കുന്ന ചില തത്വചിന്തകരുടെ ആശയഗതി. സ്വാതന്ത്ര്യത്തിൽനിന്നും മുളയെടുത്ത ഈദൃശ വിഷബീജങ്ങൾ മനുഷ്യസമുദായത്തിലേക്കു സംക്രമിക്കുംതോറും അവയെത്ര നികൃഷ്ടങ്ങളായിത്തീരുന്നുവെന്നു് അവരിൽ പലരും ചിന്തിക്കാറില്ല. മനുഷ്യനു് ദൈവം പ്രദാനം ചെയ്തിരിക്കുന്ന ആദ്ധ്യാത്മികമൂല്യങ്ങളോടുള്ള ഒരു വെല്ലുവിളിയാണിതു്. അവൻ ലോകത്തിനുവേണ്ടിമാത്രം ജീവിക്കുന്നവനല്ല; ജീവിക്കേണ്ടവനല്ല എന്ന തത്വം പലരും മറന്നുകളയുന്നു; അല്ലാ മനപ്പൂർവ്വം നിരാകരിക്കുന്നു. എന്തിനുവേണ്ടി? മറെറാന്നിനുമല്ലാ, തന്നിഷ്ടംപോലെ ജീവിക്കുവാൻ. നാഥനില്ലാത്ത കുടുംബംപോലെ, ഭരണകർത്താവില്ലാത്ത രാഷ്ട്രംപോലെ, അവരവരുടെ ഇഷ്ടംപോലെ എന്തനീതിയും ചെയ്തു ജീവിക്കുവാനുള്ള ഒരു സർട്ടിഫിക്കററാണു് നാസ്തികവാദം. "ദൈവമില്ല" എന്ന നാലക്ഷരങ്ങളിൽ സർവ്വസ്വാതന്ത്ര്യങ്ങളും അടങ്ങിയിരിക്കുന്നുവെന്നു് പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി ധരിച്ചുവച്ചിരിക്കുന്ന ചില നരാധമന്മാർ ഇന്നുമുണ്ടു് ലോകത്തിൽ. ഈ മിഥ്യാബോധം മനുഷ്യഹൃദയങ്ങളിൽനിന്നും വേരോടെ പിഴുതുകളയാത്തിടത്തോളംകാലം, അധഃപ്പതനമായിരിക്കും ഫലം. ഈ ദുരനുഭവം കഠിനമായ ദൈവശിക്ഷയിലേക്കും വഴിതെളിക്കും.

ലോകത്തിനുവേണ്ടിമാത്രം ജീവിക്കുന്ന ഒരു വ്യക്തിക്കു് മൃഗത്തെക്കാൾ കൂടുതലായ ലക്ഷ്യമൊന്നുമില്ല. തിന്നണം, കുടിക്കണം, സ്വതന്ത്രമായി സുഖിക്കണം എന്നതിൽക്കവിഞ്ഞു് അവൻ ഒരാഗ്രഹവും ഉണ്ടായിരിക്കയില്ല. അങ്ങനെ കുറേക്കഴിയുമ്പോൾ "ആറടിമണ്ണിൽ" അവൻ ഒതുങ്ങിച്ചേരും. എല്ലാംകഴിഞ്ഞു. മേല്പറഞ്ഞ ലക്ഷ്യങ്ങൾമാത്രം മുൻനിറുത്തി ജീവിക്കുന്നവർക്കു് ഒന്നും ഭയപ്പെടുവാനില്ല. ദൈവം ഉണ്ടാകട്ടെ, ഉണ്ടാകാതിരിക്കട്ടെ, ആത്മാവു വരട്ടെ, പോകട്ടെ, അവനു ഒന്നിലും കാര്യമില്ല.

ഒരു കത്തോലിക്കൻ! മററു മനുഷ്യരെ അപേക്ഷിച്ചു അവനു വല്ല മേന്മയുമുണ്ടോ? ക്രിസ്തുവിൻെറ അനുയായികൾ എന്നഭിമാനിക്കുന്ന നമ്മിൽ പലരും ഇന്നു് ഇതിനെപ്പററി കൂടുതലൊന്നും ചിന്തിക്കാറില്ല. ക്രിസ്തീയകുടുംബത്തിൽ ജനിച്ചതുകൊണ്ടു് ക്രിസ്ത്യാനി, അല്ലെങ്കിൽ കത്തോലിക്കൻ എന്നതിൽ കവിഞ്ഞു് അധികമാരും ഈ വിഷയത്തെപ്പററി ആലോചിക്കാറില്ല. ഈ സങ്കുചിതമനസ്ഥിതി മാറേറണ്ട കാലം ആസന്നമായിരിക്കുന്നു; അല്ലാ അതിക്രമിച്ചിരിക്കയാണു്. നാം ഉറക്കത്തിൽനിന്നും ഉണരേണ്ടകാലം വൈകിയിരിക്കുന്നു. കാരണം അന്ധകാരശക്തികൾ നാലുപാടും വലയംചെയ്തിരിക്കയാണു് നമ്മെ. ഈ ദയനീയരംഗം കാണുവാൻ നമ്മുടെ ബലഹീനങ്ങളായ നേത്രങ്ങൾ ശക്തങ്ങളല്ലാത്തതുപോലെ തോന്നുന്നു. കാരണം ലോകസ്നേഹതിമിരംകൊണ്ടു് നമ്മുടെ നയനങ്ങൾ അന്ധമായിപ്പോയി. അതിനെ പ്രകാശമാനമാക്കണമെങ്കിൽ ദൈവത്തിൽ സുദൃഢമായി നാം വിശ്വസിക്കണം. അപ്പോൾ സർവ്വശക്തനായ—നിത്യോജ്ജ്വലനായ—ആ തേജഃപുഞ്ജം നമ്മുടെ ഹൃദയാന്ധകാരത്തെ മാററി, തൽസ്ഥാനത്തു് അവർണ്ണനീയമായ പ്രഭാപൂരം പരത്തും. അപ്പോൾ സത്യം സത്യമായിത്തന്നെ നാം കാണും; നീതിയെ അനീതിയായി ഒരിക്കലും വ്യാഖ്യാനിക്കയില്ല നമ്മുടെ മനസ്സാക്ഷി.



മനുഷ്യരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്ന നീതിയുടെ ത്രാസ്

(ആത്മപരിശോധനയ്ക്കുള്ള നോമ്പുകാലം സമാഗതമാകുന്നു)

ഈശ്വരാസ്തികൃത്തെ പ്രവൃത്തിമൂലം പലപ്പോഴും നിഷേധിച്ചുകൊണ്ടിരിക്കുന്ന നമ്മിൽ പലരും നന്മയെ തിന്മയായി രൂപാന്തരപ്പെടുത്തുന്നുണ്ടു്, പരോക്ഷമായിട്ടെങ്കിലും. ഇവ ഒരു കത്തോലിക്കനു ചേർന്നതാണോ? ഒരിക്കലുമല്ല. കാരണം അവൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയാണു്. സത്യദൈവത്തെപ്പററിയുള്ള ജ്ഞാനം അവനു മാത്രമേ നൽകപ്പെട്ടിട്ടുള്ളു. തെററിദ്ധരിക്കരുതു്. മനസ്സുണ്ടെങ്കിൽ ആർക്കും സത്യദൈവത്തെപ്പററി അറിയാം, ഒരു കത്തോലിക്കനു് ദൈവം പ്രദാനംചെയ്തിരിക്കുന്ന വിശിഷ്ടാനുഗ്രഹങ്ങൾ ഏവ? പരിശോധിക്കാം. 1) മാമ്മോദീസാമൂലം ദൈവത്തിൻെറ ദത്തുപുത്രൻ, തന്മൂലം മോക്ഷത്തിൻെറ അവകാശി. 2) ദിവ്യകാരുണ്യസ്വീകരണത്താൽ ഈശോയേയും, സൈ്ഥര്യലേപനത്താൽ പരിശുദ്ധാത്മാവിനേയും കൈക്കൊണ്ടിരിക്കുന്നവൻ. 3) ദൈവമാതാവിനെത്തന്നെ അമ്മയായി കിട്ടിയിരിക്കുന്നവൻ. 4) ദൈവദൂതൻെറ സംരക്ഷണയിലുള്ളവൻ. 5) വിശുദ്ധന്മാർ സ്നേഹിതന്മാരായുള്ളവൻ. 6) ദൈവം തന്നെ സ്ഥാപിച്ച മതത്തിൽ ജീവിക്കുന്നവൻ. ഇവയിൽപ്പരം ഒന്നു സൗഭാഗ്യമാണു് ഒരു മനുഷ്യവ്യക്തിക്കു ലഭിക്കാനുള്ളതു്. ദൈവപ്രസാദവരത്താൽ സവിശേഷം അനുഗൃഹീതനായ ഒരു കത്തോലിക്കൻ അവൻെറ ഉല്ക്കർഷങ്ങളെപ്പററി വേണ്ടവിധത്തിൽ എപ്പോഴും ചിന്തിക്കയും തദനുസൃതം ജീവിക്കയുംചെയ്യും. ദൈവാസ്തികൃബോധം അചഞ്ചലമായി സ്ഥിതിചെയ്യുന്ന മനുഷ്യാത്മാവിൽ ഒരിക്കലും അശുദ്ധാരൂപികൾക്കു് പ്രവേശനമില്ല. കാരണം അവൻെറ സകല പ്രവർത്തനങ്ങളും ദൈവസ്നേഹചൈതന്യത്തിലധിഷ്ഠിതമായിരിക്കും. അതിനെ ഇളക്കുവാൻ യാതൊരു സൃഷ്ടവസ്തുക്കളും ശക്തമാകയില്ല.

"കുഞ്ഞാടിൻെറ വേഷം ധരിച്ച ചില ചെന്നായ്ക്കൾ" ഇന്നു് ലോകത്തിൽ പല ഭാഗങ്ങളിലും, "ശർക്കരയിൽ പൊതിഞ്ഞ പാഷാണ"വുമായി നമ്മിൽപ്പലരേയും സമീപിക്കുന്നുണ്ടു്. അല്ലാ, സംഘടിതമായി അവ സാധുക്കൾക്കു് വിതരണം ചെയ്യുവാൻ വെമ്പൽ കൊള്ളുന്നുണ്ടു്. അല്പജ്ഞന്മാരായ പലരും അതു് വാങ്ങി ഭക്ഷിച്ചു് അകാലമൃത്യു അടയുന്നുമുണ്ടു്. വിശപ്പുകൊണ്ടും ദാഹംകൊണ്ടും നഗ്നതകൊണ്ടും കിടപ്പാൻ സ്ഥലമില്ലാത്തതുകൊണ്ടും വലയുന്നവരെ തൃപ്തിപ്പെടുത്തുന്ന ഒരു ദിവ്യൗഷധമായി അവർ ഇതിനെ പെരുമ്പറയടിക്കും. അവരുടെ ആദർശങ്ങൾ പൊതി അഴിച്ചു നോക്കുമ്പോഴാണു് പൂച്ചു് തെളിയുന്നതു്. അഴിച്ചുനോക്കാതെ പെട്ടെന്നു് സുഖം കിട്ടുവാൻവേണ്ടി അതു് ഭക്ഷിക്കുമ്പോഴാണു് ആപത്തു് നേരിടുന്നതു്. "സമത്വസുന്ദരമായ ഒരു ഭാവിയെ" സമാധാനപൂരിതമായ ഒരു "നാളെയെ" സൃഷ്ടിക്കുകയെന്നതാണു് അവർ വ്യാമോഹിക്കുന്ന ലക്ഷ്യം. മനുഷ്യജീവിതം സ്വർഗ്ഗതുല്യമാക്കാമെന്നുപോലും അവർ വാഗ്ദാനം ചെയ്യും. പക്ഷെ, ഫലമോ? അതാണു് അസഹനീയം. കൊലയും കൊള്ളിവെപ്പും, അക്രമവും അനീതിയും, മനുഷ്യനെ കുരുതികൊടുക്കുകയെന്നതാണു് വിജയലക്ഷ്യത്തിനു് അവർ ഉപയോഗിക്കുന്ന പ്രായോഗിക മാർഗ്ഗം. സാഹോദര്യം വിളിച്ചറിയിക്കുന്ന "സഖാവു്" എന്നുള്ള അവരുടെ സംബോധന കേട്ടാൽതോന്നും, മനുഷ്യസ്നേഹം മുഴവനും അവരിൽ ഒതുങ്ങിനില്പുണ്ടെന്നു്.

അവരുടെ നരവേട്ടയും മററു അപഹാസ്യപ്രവർത്തനങ്ങളും സഹിക്കാം. എന്നാൽ, മാനുഷികസംസ്കാരത്തേയും സാന്മാർഗ്ഗികമൂല്യങ്ങളേയും നിർലജ്ജം വെല്ലുവിളിക്കുന്ന മറെറാരു ഹീനാദർശമുണ്ടവർക്കു്. "നിരീശ്വരത്വം!" ഈ തത്വം പ്രചരിപ്പിക്കുന്നതിനു് അഹോരാത്രം പരിശ്രമിക്കുകയാണു് ആ നരാധമന്മാർ, പരോക്ഷമായി. ഒരു ഉത്തമകത്തോലിക്കനു് ഈ തത്വം അംഗീകരിക്കാമോ? ഒരിക്കലും പാടില്ല. കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനപദ്ധതിയിൽനിന്നും നാം സ്വീകരിക്കേണ്ട നിഗമനം, അക്രമത്തിൽക്കൂടി സമാധാനം, നിരീശ്വരത്വത്തിൽക്കൂടി

(ശേഷം 3-ാംപേജിൽ)

# കത്തോലിക്കാ ഗ്രന്ഥശാലകൾ

(ജോസഫ് കുടപ്പിഴ, ചേനപ്പാടി)

ലോകം ഒട്ടാകെ ഒരു പുതിയ വ്യവസ്ഥിതിയിലേക്കു ആവേശപൂർവ്വം കുതികൊള്ളുന്ന ഇക്കാലത്തു് വളരുന്ന തലമുറയ്ക്കു മാനസികമായ ഒരു പരിവർത്തനം—ആദ്ധ്യാത്മികമായ ഒരു നവോത്ഥാനം—നൽകുന്നതിനു സാഹിത്യത്തിന്റെ അജയ്യമായ കഴിവു നാം വിനിയോഗിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രവും സാഹിത്യവും മതത്തെ കീഴ്പ്പെടുത്തിക്കളഞ്ഞുവെന്നു വീമ്പിളക്കുന്നവർ ചുരുക്കമല്ല. ലോകത്തിന്റെ ആദ്ധ്യാത്മികമായ—ധാർമ്മികമായ—അധഃപതനത്തെ ഇക്കാലത്തു് വളരെയധികം സാധിച്ചുകൊണ്ടിരിക്കയാണു് ദൂഷിച്ച സാഹിത്യകൃതികൾ എന്ന വസ്തുത മറച്ചുവയ്ക്കാവുന്നതല്ല. മനുഷ്യരാശിക്കു് അത്യന്താപേക്ഷിതമായ അഗ്നി എങ്ങനെ സംഹാരത്തിനുപയോഗിക്കാമോ അപ്രകാരംതന്നെ സാഹിത്യത്തേയും ദുർവിനിയോഗിക്കാമെന്നുള്ളതാണു് ഇതിനും കാരണം.

നാട്ടിലങ്ങോളമിങ്ങോളം ഗ്രന്ഥശാലകളും വായനശാലകളും ഉയർന്നുവരുന്ന ഒരു കാലമാണിതു്. ശക്തിയേറിയ പ്രസംഗങ്ങളേക്കാൾ മനുഷ്യമനസ്സിനെ ഇളക്കിമറിക്കുവാനും അടുക്കിഉയർത്തുവാനും പരിവർത്തനവിധേയമാക്കുവാനും സാഹിത്യത്തിനു കഴിയും. ഗ്രന്ഥശാലകൾവഴി ഇന്നു ഇങ്ങനെ പലതും സാധിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഭാരതത്തിൽ, പ്രത്യേകിച്ചു് കേരളത്തിൽ ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും മുന്നേറ്റത്തിന്റെ കാലവുമാണു്. മുളയ്ക്കുകയും നശിക്കുകയും ഒപ്പം കഴിയുന്ന ഗ്രന്ഥശാലകളും വായനശാലകളും നമ്മുടെ നാട്ടിൽ കുറവല്ല. എന്നാൽ ഈ അടുത്തകാലത്തു് ഗവമ്മെന്റുഗ്രാന്റും പഞ്ചായത്തുകളുടെ ഗ്രാന്റും ലഭിച്ചുതുടങ്ങിയതോടുകൂടി ആകപ്പാടെ മുൻനിലയ്ക്കു തെല്ലൊരു വ്യതിയാനം സംഭവിച്ചിട്ടുണ്ടു്. ഗ്രാന്റു വാങ്ങുന്നതിനുവേണ്ടിയെങ്കിലും വല്ലതുമൊക്കെ പ്രവർത്തിക്കണമെന്നൊരു തോന്നൽ ചുരുക്കം ചിലരിൽ ഉണ്ടായിട്ടുണ്ടു്. എന്നാൽ പൊതുമുതൽ വിനിയോഗിക്കുന്ന ഈ ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും പ്രത്യേകമായ താല്പര്യം ഗ്രന്ഥങ്ങളുടേയോ പത്രമാസികകളുടേയോ കാര്യത്തിൽ പാലിക്കുവാൻ സാദ്ധ്യമല്ല എന്ന മനോഭാവത്തിൽ യാതൊരു വിവേചനയും കൂടാതെ അനർഹമായ പ്രസിദ്ധീകരണങ്ങൾക്കു അവയിൽ സ്ഥാനമനുവദിക്കപ്പെടുന്നുണ്ടു്. ഇതു വലിയൊരു വിപത്താണെന്നു പറയാതെ തരമില്ല.

ലോകത്തിന്റെ ഇന്നത്തെ അടിയന്തിരമായ ആവശ്യം ജ്ഞാനസമ്പാദനത്തോടൊപ്പം സാന്മാർഗ്ഗികമായ ഉയർച്ചകൂടിയാണു്. മനുഷ്യരാശിക്കു വന്നുഭവിച്ചിരിക്കുന്ന സാന്മാർഗ്ഗികാധഃപതനത്തെ തടയുന്നതിനും ആദ്ധ്യാത്മികോന്നമനം സാധിക്കുന്നതിനും കത്തോലിക്കാസഭ വളരെയധികം പണിയെടുക്കുന്നുണ്ടു്. മനുഷ്യന്റെ മാനസികപരിവർത്തനം സാധിച്ചു് ഒരു നല്ല ലോകത്തെ—ശാന്തിയും സമാധാനവും നിറഞ്ഞ ഒരു നല്ല നാളെയെ—പടുത്തുയർത്തുകയാണു് ഇന്നത്തെ ആവശ്യമെന്നു് സഭ നല്ലവണ്ണം മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ സാഹിത്യത്തിന്റെ വിപുലമായ കഴിവിനെ എങ്ങനെ വിനിയോഗിക്കാമെന്നും സഭ നല്ലവണ്ണം പഠിച്ചിട്ടുണ്ടു്; ആ ജോലിയിൽ ശ്രദ്ധാപൂർവ്വം ഏർപ്പെട്ടിരിക്കയുമാണു്.

കേരളകത്തോലിക്കർ ഇന്നു പുരോഗതിയുടെ വഴിത്തിരിവിൽ നില്ക്കുകയാണു്. അതുകൊണ്ടു് നല്ലനല്ല സാഹിത്യഗ്രന്ഥങ്ങളുടെ പ്രചരണം ഇന്നു വളരെ ആവശ്യമാണു്. കേരളത്തിൽ ധാരാളം കത്തോലിക്കാഗ്രന്ഥശാലകളുംവായനശാലകളുമുണ്ടു്. വളർന്നുവരുന്ന സമുദായത്തിന്റെ ആശയാഭിലാഷങ്ങൾ രൂപംകൊള്ളുവാൻ ഈ ഗ്രന്ഥശാലകൾ സഹായിക്കുന്നു. നിസ്വാർത്ഥമായ പ്രവർത്തനങ്ങൾക്കു മാത്രമേ ഏതൊരു പ്രസ്ഥാനത്തേയും പുരോഗതിയിലേക്കു നയിക്കുവാൻ സാധിക്കയുള്ളു. എല്ലാ നിലയിലുമുള്ള പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും സ്തംഭിച്ചുപോകുന്നതു സ്വാർത്ഥതാല്പര്യം അതിരുകടക്കുന്നതിനാലാണു്. പലപ്പോഴും തകർച്ചയുടെ കാരണങ്ങൾ നിസ്സാരങ്ങളായിരിക്കും.

ഒരു ഗ്രന്ഥശാലയോ വായനശാലയോ അക്കാര്യത്തിൽ താല്പര്യമുള്ള ആരെങ്കിലും കുറെ ആളുകൾ യോജിച്ചു സ്ഥാപിച്ചു എന്നിരിക്കട്ടെ. അതിൽ മുന്നിട്ടുനിന്ന ആളിനോ ആളുകൾക്കോ എന്തെങ്കിലും കാരണവശാൽ ആവക പ്രവർത്തനങ്ങളിൽനിന്നു പിരിയേണ്ടതായിവരുകയും അക്കാര്യത്തിൽ താല്പര്യമുള്ളവർ വേറെ ഇല്ലാതിരിക്കയും ചെയ്താൽ പ്രവർത്തനം നിലയ്ക്കാതെ സാദ്ധ്യമല്ല. ഭാരവാഹികളുടെ തിരിഞ്ഞെടുപ്പുകൾ സംബന്ധിച്ചുണ്ടാകാറുള്ള ബാലിശമായ സൗന്ദര്യപ്പിണക്കങ്ങളും വളരെയധികം ഗ്രന്ഥശാലകളെ തകർത്തുകളഞ്ഞിട്ടുണ്ടു്. പ്രവർത്തകരിൽ ആരുടെയെങ്കിലും ഉയർച്ചയിലുള്ള അസൂയയും സ്ഥാപനങ്ങളെ തകിടംമറിക്കാറുണ്ടു്. പണാപഹരണമെന്നൊരു ചാർജ്ജും രാഷ്ട്രീയപാർട്ടികളുടെ നുഴഞ്ഞുകയററങ്ങളും തകർച്ചയ്ക്കുള്ള കാരണങ്ങളുടെ ലിസ്റ്റിൽ പെടുത്താവുന്നതാണു്. കേരളത്തിലെ നമ്മുടെ ഇടവകകളിൽ ഇങ്ങനെയുള്ള എത്രയെത്ര ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും നഷ്ടശിഷ്ടങ്ങൾ കാണുമെന്നു് ഒരു കണക്കെടുത്തുനോക്കിയാലറിയാം. എങ്കിലും ഈ അടുത്തകാലത്തു് പലതിന്റേയും പുനരുദ്ധാരണജോലികൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള വസ്തുത സന്തോഷാവഹംതന്നെ. മിക്കവാറും ഇടവകകളിൽ ഭക്തസംഘടനകളുടെ വകയായി ഗ്രന്ഥശാലകളും വായനശാലകളും രൂപംപ്രാപിച്ചുവരുന്നുണ്ടു്. ഒരുപക്ഷേ ഒരിടവകയിൽതന്നെ സംഘടനകളുടെ വകയായി ഒന്നിലധികം ഗ്രന്ഥാലയങ്ങൾ കണ്ടെന്നുംവന്നേക്കാം. എന്നാൽ ഈ കത്തോലിക്കാഗ്രന്ഥശാലകളെല്ലാംതന്നെ പരസ്പരം യാതൊരു ബന്ധവുമില്ലാതെയാണു് ഇപ്പോൾ തുടരുന്നതു്. ഇവയെല്ലാംകൂടി ബന്ധപ്പെടുത്തി ഒരു കേന്ദ്രമില്ലാത്തതാണിതിനു കാരണം. അതിനാൽ എല്ലാ കത്തോലിക്കാ ഗ്രന്ഥശാലകളും വായനശാലകളും അഖിലകേരളാടിസ്ഥാനത്തിൽ ഒരു കേന്ദ്രഗ്രന്ഥശാലാസംഘത്തിന്റെ കീഴിൽ അണിനിരത്തി പ്രവർത്തിപ്പിച്ചു പുരോഗമിപ്പിക്കണമെന്നു നിർദ്ദേശിക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം. അതിനു പണ്ഡിതോചിതമായ കൂടുതൽ കൂടുതൽ നിർദ്ദേശങ്ങൾ പ്രതീക്ഷിച്ചുകൊണ്ടു് പ്രായോഗികമായിത്തോന്നുന്ന ചില കാര്യങ്ങൾ ഇവിടെ കുറിക്കാം.

1) കേരളത്തിലുള്ള എല്ലാ കത്തോലിക്കാ ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും ഒരു കണക്കെടുക്കുക. പ്രവർത്തനം നിലച്ചുപോയവയുടെ വിവരങ്ങൾ പ്രത്യേകം ശേഖരിക്കുക.

2) ഒരു കേന്ദ്രഗ്രന്ഥശാലാസംഘം രൂപീകരിക്കുകയും എല്ലാ ഗ്രന്ഥശാലകളും വായനശാലകളും കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിപ്പിക്കുകയും ചെയ്യുക.

3) ഒരിടവകയിൽ ഒന്നിൽക്കൂടുതൽ ഗ്രന്ഥശാലകളുണ്ടെങ്കിൽ സൗകര്യാനുസരണം കഴിയുമെങ്കിൽ അവയെ യോജിപ്പിച്ചു് പ്രവർത്തനം തുടരുക.

4) ഗ്രന്ഥാലയങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തെ അടിസ്ഥാനമാക്കി ഗ്രേഡു തിരിക്കുക.

5) കേന്ദ്രം ഒരു മൂലധനം ശേഖരിച്ചുകൊണ്ടു് ഗ്രേഡനുസരിച്ചു് ഗ്രന്ഥശാലകൾക്കു് ഗ്രാന്റുനൽകി പ്രോത്സാഹിപ്പിക്കുക.

6) ഗ്രാന്റു ലഭിക്കുവാനും മററുമായി ഗ്രന്ഥശാലകളിൽ ഉണ്ടായിരിക്കേണ്ട പുസ്തകങ്ങളുടെ ഒരു ലിസ്റ്റു് തയ്യാറാക്കി പ്രസിദ്ധീകരിക്കുക.

7) ഒരു കത്തോലിക്കാ ബുക്കു്സ്റ്റാൾ തുറക്കുക.

# ചോദിച്ചാൽ പറയാം

77. ചോ: "മനുഷ്യപുത്രൻ മൂന്നുരാവും മൂന്നു പകലും ഭൂമിക്കുള്ളിൽ ഇരിക്കും" എന്നു നമ്മുടെ കർത്താവു പറഞ്ഞതായി വിശുദ്ധ മത്തായി രേഖപ്പെടുത്തുന്നുണ്ടല്ലോ. യഥാർത്ഥത്തിൽ, ക്രിസ്തു മരിച്ചിട്ടു് ഉയിർത്തതു മൂന്നുരാവും മൂന്നുപകലും കഴിഞ്ഞിട്ടല്ലല്ലോ.

(എം. സി. ജെ.)

ഉ: തന്നിൽനിന്നു് ഒരു അടയാളം കാണുവാൻ ആഗ്രഹിച്ച യൂദന്മാരോടു് യോനാസ് പ്രവാചകന്റെ അടയാളമല്ലാതെ മറെറാന്നും നൽകപ്പെടുകയില്ലായെന്നു പറഞ്ഞുകൊണ്ടാണു് "യോനാസ് മൂന്നുപകലും മൂന്നുരാവും മത്സ്യത്തിന്റെ വയററിൽ ഇരുന്നതുപോലെതന്നെ മനുഷ്യപുത്രൻ മൂന്നു പകലും മൂന്നുരാവും ഭൂമിക്കുള്ളിൽ ഇരിക്കും" (മത്തായി XII 40) എന്നു് ഈശോ അരുളിച്ചെയ്യുന്നതു്. വീണ്ടും "താൻ ഓറെശ്ലേത്തേക്കു പോകുവാനും......കൊല്ലപ്പെടുവാനും മൂന്നാംദിവസം ഉയിർക്കുവാനും ഇരിക്കുന്നെ"ന്നു (മത്തായി XIV 21) ഈശോ തന്റെ ശിഷ്യന്മാരോടു പറയുന്നു. "അവർ അവനെ കൊല്ലും. എന്നാൽ മൂന്നാംനാൾ അവൻ ഉയിർത്തെഴുന്നേൽക്കും" (മത്തായി XVII 23) "അവർ അവനെ അടിക്കുകയും കുരിശിൽ തറയ്ക്കുകയും ചെയ്യും. എന്നാൽ മൂന്നാംദിവസം അവൻ ഉയിർത്തെഴുന്നേൽക്കും" (മത്തായി XX, 19) എന്നിങ്ങനെ തുടർന്നും പ്രസ്താവിക്കപ്പെടുന്നു.

ക്രിസ്തു മരിച്ചതു് വെള്ളിയാഴ്ച 9-ാംമണിക്കു് (നമ്മുടെ സമയം 3 മണിക്കു്) ആണെന്നും (മത്തായി XXVII, 46) അവിടുന്നു ഉയിർത്തതു് "ആഴ്ചവട്ടത്തിലെ ഒന്നാംദിവസം പ്രകാശിക്കുന്ന സാബത്തു് രാത്രിയിൽ ആണെന്നും (മത്തായി XXVIII, 1) വിശുദ്ധ മത്തായി പ്രസ്താവിക്കുന്നുണ്ടു്. യഹൂദന്മാരുടെ കണക്കനുസരിച്ചു് ആഴ്ചവട്ടത്തിലെ ഒന്നാംദിവസം ശനിയാഴ്ച വൈകുന്നേരം 6 മണിമുതൽ ഞായറാഴ്ച വൈകുന്നേരം 6 മണിവരെയാണു്. അതിനാൽ ക്രിസ്തു ഉയിർത്തതു് ശനിയാഴ്ച രാത്രിയിലാണെന്നു വ്യക്തമാണല്ലോ. ക്രിസ്തു വെള്ളിയാഴ്ച വൈകുന്നേരം 3 മണിക്കു മരിക്കുകയും ശനിയാഴ്ച രാത്രിയിൽ ഉയിർക്കുകയും ചെയ്ത സ്ഥിതിക്കു "മൂന്നുരാവും മൂന്നുപകലും" എന്ന പ്രയോഗം എങ്ങനെ ശരിയാകുമെന്നതാണു ചോദ്യകർത്താവിന്റെ സംശയം.

യഹൂദന്മാരോടു സംസാരിക്കുന്ന ക്രിസ്തു അവർക്കു മനസ്സിലാകുന്ന ഒരു ശൈലി ഉപയോഗിക്കുക മാത്രമാണു് ഇവിടെ ചെയ്തിരിക്കുന്നതു്. 12 മണിക്കൂർവീതമടങ്ങിയ മൂന്നുപകലും മൂന്നുരാത്രിയും—72 മണിക്കൂർ—താൻ ഭൂമിക്കുള്ളിലായിരിക്കുമെന്ന വാച്യാർത്ഥത്തിലല്ലാ ക്രിസ്തു സംസാരിക്കുന്നതെന്നു മൂന്നാംദിവസം, മൂന്നാംനാൾ എന്നീ പ്രയോഗങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ. പഴയ എബ്രായഭാഷാശൈലി അനുസരിച്ചു ഒരു ദിവസത്തിന്റെ ഏതെങ്കിലുംഭാഗത്തെ ഉദ്ദേശിച്ചു ഒരു പകലും ഒരു രാത്രിയും എന്നും. ഒരു ദിവസം എന്നും പറയുക പതിവായിരുന്നു. ദിവസത്തിന്റേയും മാസത്തിന്റേയും വത്സരത്തിന്റേയും അംശങ്ങളെ പൂർണ്ണമായി പ്രതിപാദിക്കുന്ന ഒരു സമ്പ്രദായം അവരുടെ ഇടയിലുണ്ടായിരുന്നു. അതിനാൽ ഒരു രാത്രിയും ഒരു പകലും എന്നു പറഞ്ഞാൽ 24 മണിക്കൂർസമയമുള്ള ഒരു ദിവസം എന്ന ഇന്നത്തെ അർത്ഥത്തിൽ നാം മനസ്സിലാക്കേണ്ടതില്ല. വിശുദ്ധ മത്തായി തന്റെ സുവിശേഷം എഴുതിയതു എബ്രായഭാഷയിലാണു്. തന്മൂലം എബ്രായഭാഷാസാധാരണമായ ശൈലി അദ്ദേഹം പ്രയോഗിച്ചു എന്നേ ഉള്ളു.

എബ്രായഭാഷയിലെ ഈ ശൈലി മനസ്സിലാക്കുന്നതിനു എസ്തേറിന്റെ പുസ്തകത്തിലെ ഒരു പ്രയോഗം വളരെ സഹായിക്കുന്നതാണു്. "നീ പോയി സൂസാനിൽ കാണുന്ന സകല യഹൂദരെയും വിളിച്ചുകൂട്ടുകയും, എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. മൂന്നുപകലും മൂന്നുരാവും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ അരുതു്. എന്റെ പരിചാരികകളോടുകൂടി ഞാനും അപ്രകാരംതന്നെ ഉപവസിക്കും. അതിനുശേഷം കല്പനയ്ക്കു വിരോധമായിത്തന്നെ, വിളിക്കപ്പെടാതെ ഞാൻ രാജസന്നിധിയിൽ പ്രവേശിക്കും." (എസ്തേർ IV 16) എന്നു് എസ്തേർ മർദ്ദോക്കെയോടു പറയുന്നു. പക്ഷേ "മൂന്നാം ദിവസം എസ്തേർ രാജവസ്ത്രങ്ങൾ ധരിച്ചു് രാജസന്നിധിയിലേക്കു പോയി" (എസ്തേർ V. 1) എന്നു തുടർന്നു പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ മൂന്നുരാവും മൂന്നു പകലും എന്നു എസ്തേർ പ്രസ്താവിക്കുന്നതു 72 മണിക്കൂർ ഉള്ള മൂന്നുദിവസം എന്ന അർത്ഥത്തിലല്ലായെന്നു് അവരുടെ പ്രവൃത്തിയിൽനിന്നുതന്നെ വ്യക്തമാണല്ലോ.

ക്രിസ്തു മരിച്ചതിന്റെ മൂന്നാം ദിവസം ഉയിർത്തു എന്നു മാത്രമേ വേദപുസ്തകത്തിലെ പ്രസ്താവങ്ങളിൽനിന്നു് അർത്ഥമാക്കേണ്ടതുള്ളു. വെള്ളിയാഴ്ച മരിച്ച ക്രിസ്തു, അതിന്റെ മൂന്നാംദിവസമായ ഞായറാഴ്ചയാണല്ലോ ഉയിർത്തതു്. ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ട വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിൽ "മൂന്നാംദിവസം അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും" (മർക്കോ: IX, 30) എന്നാണു പ്രസ്താവിച്ചിരിക്കുന്നതു്.

78. ചോ: ഗത്സേമൻ തോട്ടത്തിൽവെച്ചു്, തന്റെ കൂടെ ഉണർന്നിരുന്നു് അല്പസമയം പ്രാർത്ഥിക്കുവാൻ മിശിഹാ തന്റെ ചില ശിഷ്യന്മാരോടു ഒന്നിലധികം പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അവർ അതു ചെയ്യാതിരുന്നതു് എന്തുകൊണ്ടു്?

(പി. ജെ. എം. പാലാ)

ഉ: മിശിഹാ തന്റെ ശിഷ്യന്മാരോടു് പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ട എന്നു പറഞ്ഞിരിക്കുന്നിടത്തുതന്നെ, അവർ പ്രാർത്ഥിക്കാതെ പോയതിന്റെ കാരണവും പറഞ്ഞിട്ടുണ്ടു്. വിശുദ്ധ മത്തായിയുടെ സുവിശേഷം 26-ാം അദ്ധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു:-

"അനന്തരം ഈശോ ശിഷ്യരോടുകൂടി ഗെത്സേമൻ എന്നു പറയപ്പെടുന്ന സ്ഥലത്തുവന്നു തന്റെ ശിഷ്യരോടു്, ഞാൻ പോയി പ്രാർത്ഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിക്കുവിൻ എന്നു് അരുളിച്ചെയ്തു. പിന്നെ കേപ്പായേയും സബ്ദെയുടെ ഇരുപുത്രന്മാരേയും കൂട്ടിക്കൊണ്ടുപോയി അവൻ ദുഃഖിക്കുവാനും വ്യസനിക്കുവാനും തുടങ്ങി. അവൻ അവരോടു് ......നിങ്ങൾ എന്നെ പാർത്തു് ഇവിടെ ഇരിക്കുവിൻ. എന്നോടുകൂടി ഉണർന്നിരിക്കുകയും ചെയ്യുവിൻ എന്നു് അരുളിച്ചെയ്തു. പിന്നെ അവൻ അല്പം അകലെ മാറി കവിഴ്ന്നുവീണു.....പ്രാർത്ഥിച്ചു. അനന്തരം അവൻ തന്റെ ശിഷ്യന്മാരുടെ അടുക്കൽവന്നു് അവർ ഉറങ്ങുന്നതുകണ്ടു് കേപ്പായോടു അരുളിച്ചെയ്തു. ഇങ്ങനെയോ? ഒരു മണിനേരം എന്നോടുകൂടി ഉണർന്നിരിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ? നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ. ആത്മാവു് ഒരുക്കമുള്ളതായിരിക്കുന്നു, എന്നാൽ ശരീരം ബലഹീനം......അവൻ വീണ്ടും വന്നപ്പോൾ അവർ ഉറങ്ങുന്നതുകണ്ടു. എന്തുകൊണ്ടെന്നാൽ അവരുടെ കണ്ണുകൾ ഭാരപ്പെട്ടിരുന്നു..." (വാ. 36—44)

"ആത്മാവു ഒരുക്കമുള്ളതായിരുന്നു; എന്നാൽ ശരീരം ബലഹീനം" എന്നതുതന്നെയാണു്, അവർ ക്രിസ്തു നിർദ്ദേശിച്ചതുപോലെ ഉണർന്നിരുന്നു പ്രാർത്ഥിക്കാതിരിക്കാൻ കാരണം. അവരുടെ കണ്ണുകൾ ക്ഷീണംകൊണ്ടു ഭാരപ്പെട്ടിരുന്നു. ഈശോയുടെ ഉപദേശത്തെ അനാദരിക്കുന്നതിനുവേണ്ടിയല്ലാ, നിയന്ത്രണാതീതമായവിധം അവരുടെ ബലഹീനശരീരം ക്ഷീണിച്ചതായതുകൊണ്ടാണു് അവർ ഉറങ്ങിപ്പോയതു്. ഈ വസ്തുത അറിയാമായിരുന്നതുകൊണ്ടാണു്, രണ്ടാംതവണ അവർ ഉറങ്ങുന്നതു കണ്ടപ്പോൾ ക്രിസ്തു അവരെ ഉണർത്താതിരുന്നതു്.

[ശേഷം 11-ാംപേജിൽ]


നിങ്ങൾ ആഗ്രഹിക്കുന്ന നല്ല സാധനങ്ങൾക്കുവേണ്ടി

**പണം കരുതി വെയ്ക്കുന്നതെങ്ങിനെ**

നിങ്ങൾ വാങ്ങിക്കുവാൻ ആഗ്രഹിക്കുന്ന പുതിയ വസ്ത്രങ്ങൾ, വീട്ടു സാമാനങ്ങൾ മുതലായവയ്ക്കു വേണ്ടി ഇന്നുതന്നെ പണം കരുതി വയ്ക്കുവാൻ ആരംഭിക്കുക. വെറും അഞ്ചു രൂപാകൊണ്ടു് നിങ്ങൾക്കു് പാലാ സെൻട്രൽ ബാങ്കിൽ ഒരു സേവിംഗ്സ് കണക്കു തുടങ്ങാം. പിന്നീടു് എത്ര ചെറിയ സംഖ്യവേണമെങ്കിലും കണക്കിൽ ചേർക്കാം. നിക്ഷേപിക്കുന്ന ഓരോ അണയ്ക്കും നല്ല പലിശ ലഭിച്ചുകൊണ്ടിരിക്കും.

നിങ്ങളുടെ ആഗ്രഹം അനുസരിച്ചു് ഒരു ബ്രാഞ്ചിൽ നിന്നും മറെറാന്നിലേക്കു് സേവിംഗ്സ് കണക്കു് മാററാം; അല്ലെങ്കിൽ നൂറു രൂപാമുതൽ മേല്പോട്ടുള്ള സംഖ്യകൾ കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപമായി ഇടാം.

വിശദ വിവരങ്ങൾക്കു "സേവിംഗ്സ് കണക്കുകൾ തുടങ്ങുന്നതെങ്ങിനെ" എന്ന ഞങ്ങളുടെ ലഘുഗ്രന്ഥത്തിനു് എഴുതുക.

**പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം**

ഹെഡ് ആഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

PC. 2197

(1-ാംപേജ് തുടർച്ച)

മനുഷ്യസാക്ഷാത്ക്കാരം എന്നെല്ലാമാണ്.

ഒരു യഥാൎത്ഥ കത്തോലിക്കനു് കമ്മ്യൂണിസ്റ്റായിരിക്കുവാൻ പാടുണ്ടോ? ഒരിക്കലുമില്ല. ഈ വസ്തുത സഭാനിയമപ്രകാരം, ഭാരതത്തിലെ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർ ഏകോപിച്ച് ഔദ്യോഗികമായി നമ്മെ ഉൽബോധിപ്പിച്ചിട്ടുണ്ട്. 1949 ഒക്ടോബർ 19-ാംനു- അവർ പ്രസിദ്ധപ്പെടുത്തിയ സംയുക്ത ഇടയലേഖനത്തിൽ സുവ്യക്തം രേഖപ്പെടുത്തിയിരിക്കുന്നതു് ഇങ്ങനെയാണു്: "ഒരു കത്തോലിക്കനു് ഒരിക്കലും കമ്മ്യൂണിസ്റ്റായിരിക്കാൻ പാടില്ല. കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ സ്വീകരിക്കയോ, പ്രചരിപ്പിക്കയോ ചെയ്യുന്ന ഒരു കത്തോലിക്കൻ സഭാഭ്രഷ്ടനായിത്തീരുന്നു. ഒരു കത്തോലിക്കൻ ഈ അബദ്ധസിദ്ധാന്തങ്ങൾ സ്വീകരിക്കുന്നില്ലെങ്കിലും, അറിഞ്ഞുകൊണ്ടും സ്വന്തമനസ്സാലേയും, കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേരുകയോ, അതിനു് പിന്തുണ നൽകുകയോ ചെയ്യുന്ന പക്ഷം അയാൾക്കു് കൂദാശകൾ കൊടുത്തുകൂടായെന്നും, തന്മൂലം അയാൾ, തൻെറ നിത്യരക്ഷ അപകടത്തിലാക്കുന്നുവെന്നും, നിങ്ങളുടെ സൂക്ഷത്തിനു് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാവരേയും, സമയത്തും അസമയത്തും ഉപദേശിക്കണമെന്നു് എല്ലാ ആത്മപാലകന്മാരേയും ഞങ്ങൾ ശക്തിപൂൎവ്വം ഉൽബോധിപ്പിച്ചുകൊള്ളുന്നു." ബ: വൈദികരോടുള്ള അഭിവന്ദ്യപിതാക്കന്മാരുടെ ഈ കല്പനയെപ്പററി കത്തോലിക്കരായ നാം ഇക്കാലങ്ങളിൽ പ്രത്യേകിച്ച സ്മരിക്കേണ്ടതാണു്. ഇത്ര നിഷ്കർഷമായി സഭാതലവന്മാർ ഈ വിഷയത്തിൽ കല്പന പുറപ്പെടുവിക്കുന്നതിനുള്ള പ്രധാനവും പ്രഥമവുമായ കാരണം, കമ്മ്യൂണിസം നിരീശ്വരപരമാണെന്നുള്ളതിനാലാണെന്നു് നാം സുദൃഢമായി മനസ്സിലാക്കണം.

കമ്മ്യൂണിസ്റ്റുകാർ പറയും തങ്ങൾ ദൈവവിശ്വാസികളാണു്, ദരിദ്രവൎഗ്ഗത്തിൻെറ രക്ഷകരാണു്, ജനായത്ത ഭരണത്തിൻെറ സൂത്രധാരന്മാരാണു്, ജനമൎദ്ദനത്തിനെതിരായി പോരാടുന്ന വീരയോദ്ധാക്കളാണെന്നെല്ലാം. "വെള്ളയടിച്ച ശവകുടീരങ്ങൾ"പോലെ ആ ജല്പനങ്ങളെല്ലാം തികച്ചും, മലിമസങ്ങളാണെന്നു് മനസ്സിലാക്കുവാൻ ചരിത്രപഠിതാക്കൾക്കു് വിഷമമില്ല. കമ്മ്യൂണിസം തികച്ചും നിരീശ്വരപരമാണെന്നു് അവരുടെ ഔദ്യോഗികരേഖകൾ തന്നെ വിളിച്ചു പറയുന്നുണ്ടു്. നോക്കുക; കമ്മ്യൂണിസത്തിൻെറ ജനയിതാവായ കാറൽമാർക്സ് തൻെറ ശിഷ്യഗണങ്ങൾക്കു് ആജ്ഞ നൽകുകയാണു്: "നിങ്ങൾസർവ്വശക്തിയും ഉപയോഗിച്ചു് ഈശ്വരൻ എന്ന ആശയത്തെക്കൂടെയും ഉന്മൂലനം ചെയ്യണം" (Ref: 'Answers to Communism' page 15) കാണുക! എത്ര ശക്തിമത്തായ ഭാഷയിലാണു് തൻെറ സ്രഷ്ടാവിനെത്തന്നെ ആ ഹൃദയമില്ലാത്ത മനുഷ്യൻ അപലപിക്കുന്നതു്! വീണ്ടും ആ അല്പജ്ഞൻ ജല്പിക്കയാണു്: "രണ്ടു കാരണങ്ങളാൽ മനുഷ്യപ്രകൃതി മാറിപ്പോയി. ഒരു കാരണം സ്വകാൎയ്യസ്വത്തു്, രണ്ടാമത്തേതു് മതബോധവും. സ്വകാൎയ്യസ്വത്തുടമ മനുഷ്യനെ വ്യവസായോടമസ്ഥൻേറയും, മതബോധം മനുഷ്യനെ ദൈവത്തിൻേറയും അടിമയാക്കി. ആകയാൽ സ്വകാൎയ്യസ്വത്തുടമയേയും, ഈശ്വരബോധത്തേയും തച്ചുടയ്ക്കുക. അപ്പോൾ മനുഷ്യൻ സ്വതന്ത്രനാകും. അവനൊരു ദൈവമാകും" (Ref. "Communism" page 12) അഹോ! ഇന്നുവരെ ഒരു മഹാശാസ്ത്രജ്ഞനും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്ത, സ്വയം ദൈവമാകാനുള്ള എളുപ്പവിദ്യ! സ്വാതന്ത്ര്യസമ്പാദനത്തിനു വേണ്ടിയുള്ള സമരാഹ്വാനം എത്ര വിചിത്രമായിരിക്കുന്നു! ഈ തത്വോപദേഷ്ടാവിനു ഹൃദയമുണ്ടോ? ആവോ.

ഏംഗൽസിൻെറ അഭിപ്രായം കുറേക്കൂടി പുരോഗമനപരമെന്നു് കമ്മ്യൂണിസ്റ്റ്കാർമാത്രം അവകാശപ്പെട്ടേക്കാം. അയാൾ പറഞ്ഞു: "ഈ വിശ്വത്തിൻെറ അസ്തിത്വത്തിൽ ഒരു സ്രഷ്ടാവിനോ നിയന്താവിനോ സ്ഥാനമില്ല" (ഏംഗൽസ് പേജ് 1)

ലെനിൻ പ്രസ്താവിക്കുന്നു: "മാർക്സിസത്തിൻെറ തത്വപരമായ അടിസ്ഥാനം മാർക്സും, ഏംഗൽസും ആവൎത്തിച്ചു പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഡൈലക്ടിക്കൽ മെററിരിയലിസം—വർഗ്ഗവൈരുദ്ധ്യാധിഷ്ഠിത പദാർത്ഥവാദം—ആകുന്നു. ഈ പദാർത്ഥവാദമാകട്ടെ, പരിഛേദം നിരീശ്വരപരവും, വിട്ടുവീഴ്ചയില്ലാത്തവിധം സൎവ്വമതവിരുദ്ധവുമാണു്" (Ref. 'Marx Engels, Marxism' page 278)

'Religion' (മതം) എന്ന പേരിൽ ലെനിൻ എഴുതിയിട്ടുള്ള മറ്റൊരു ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്ന ചില ഭാഗങ്ങൾക്കൂടി താഴെ ചേർക്കുന്നു:-



ബ. അൽഫോൻസാമ്മയുടെ സഹായത്താലും അസാദ്ധ്യകാൎയ്യങ്ങളുടെ മദ്ധ്യസ്ഥരായ വി. റീത്തായുടേയും, വി. യൂദാസ് തെദേവൂസ് ശ്ലീഹായുടേയും വി. പത്താം പീയൂസിൻേറയും മാദ്ധ്യസ്ഥതാലും അസാദ്ധ്യമെന്നു കരുതിയ ജയത്തിനു ഉപകാരസ്മരണ. കാലതാമസം വരുത്തിയതിനു ക്ഷമാപണം.

എസ്. പി. എ., ഞാറയ്ക്കൽ

"തത്വത്തിലും പ്രയോഗത്തിലും മാർക്സിസത്തിൻേറയും സ്ഥിതിസമത്വവാദത്തിൻേറയും സ്വാഭാവികവും അഭേദ്യവുമായ ഒരു ഘടകമാണു് നിരീശ്വരത്വം."

ആ പുസ്തകത്തിൽത്തന്നെ 7-ാം പേജിൽ ഇങ്ങനെ പറയുന്നു: "നിരീശ്വരത്വം, മാർക്സിസത്തിൻെറ അവശ്യാവശ്യമായ ഒരു ഭാഗമാണു്. ആയതിനാൽ, മാർക്സിസ്റ്റു കക്ഷി, നിരീശ്വരത്വപ്രചരണം ഏറെറടുത്തേ മതിയാവൂ."

ചില കമ്മ്യൂണിസ്റ്റു സഖാക്കൾ പറയുന്നുണ്ടു്, "തങ്ങളുടെ തത്വശാസ്ത്രം മാർക്സിസമാണെങ്കിലും പ്രവൎത്തനപരിപാടിയിൽ നിരീശ്വരത്വപ്രചരണമില്ല" എന്നു്. മൂന്നാം അന്താരാഷ്ട്രീയ കമ്മ്യൂണിസ്റ്റു് സംഘടനയുടെ പ്രസിഡൻറായിരുന്ന ഗ്രിഗോരി സീനോഫ് ഈ കാൎയ്യത്തിൽ പാർട്ടിയുടെ നിലപാടു് വ്യക്തമാക്കുന്നുണ്ടു്. അദ്ദേഹം പറയുന്നു: "മതപ്രശ്നങ്ങളിൽ നിഷ്പക്ഷത പാലിക്കുവാൻ പാർട്ടിക്കു് സാധിക്കയില്ല. മാർക്സ് പറഞ്ഞതാണു് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും പറയാനുള്ളതു്. നിശ്ചയമായും മതവിരുദ്ധമായ പ്രചാരവേല—അതു് വഞ്ചനയും വക്രതയും ഉൾക്കൊണ്ടാലും വിരോധമില്ല—നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണു്"

# ഒരു മികച്ച ഡെമോക്രസി

## കത്തോലിക്കാസഭയെപ്പററി അന്യമതസ്ഥർ എന്തുപറയുന്നു?

(ജോർജ്ജ് വലിയതാഴത്ത്, ന്യൂഡൽഹി)

ഈയിടെ ചില അകത്തോലിക്ക സുഹൃത്തുക്കൾ അഭിപ്രായപ്പെടുന്നതുകേട്ടു, കത്തോലിക്ക സഭയെ സ്വന്തം സാഹിത്യകാരന്മാർ പുകഴ്ത്തുന്നതല്ലാതെ, അന്യരാരും അതേപ്പററിയൊന്നും നന്നായി പറഞ്ഞിട്ടില്ലെന്നു്! വെറും സാധാരണക്കാരെ വളരെയധികം വഴിതെററിക്കുന്ന ഒരു പ്രസ്താവനയാണിതു്. ചില സാധുക്കൾ കരുതിയേക്കും അന്യമതസ്ഥർക്കാർക്കും കത്തോലിക്ക സഭയെപ്പററി നല്ല അഭിപ്രായമില്ലെന്നു്. പക്ഷേ വാസ്തവം അതല്ല. പണ്ഡിതന്മാരും ഉത്തമചിന്തകരുമായ ഇതരസമുദായാംഗങ്ങൾ കാലാകാലങ്ങളിൽ കത്തോലിക്ക സഭയെ പ്രശംസിച്ചിരിക്കുന്നതു ശേഖരിച്ചാൽ ഒരു വലിയ ഗ്രന്ഥരചനയ്ക്കു് അതുതന്നെ മതിയാകും. അതിനല്ല, അപൂൎവ്വം ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാൻ മാത്രമാണിവിടെ ഉദ്ദേശം.

പ്രസിദ്ധ പ്രോട്ടസ്റ്റൻറു ചരിത്രകാരനും, മികച്ച ആംഗലസാഹിത്യനായകനുമായിരുന്ന മെക്കാളെ കത്തോലിക്കസഭയെപ്പററി എഴുതിയിരിക്കുന്ന ഒരു ഭാഗം അത്യന്തം ശ്രദ്ധേയമാണു്:

"റോമൻ കത്തോലിക്ക സഭപോലെ ഇത്രയധികം സൂക്ഷ്മനിരീക്ഷണം അർഹിക്കുന്ന മറെറാരു മാനവസംഘടന ഭൂമുഖത്തില്ല; ഒരിക്കലും ഉണ്ടായിരുന്നിട്ടുമില്ല. ആ സഭയുടെ ചരിത്രം ക്രൈസ്തവനാഗരികതയുടെ രണ്ടു സുപ്രധാനഘട്ടങ്ങളെ കൂട്ടിയിണക്കുന്നു. "പാന്തിയൻ" ബലിപീഠത്തിൽനിന്നു പുക പുറപ്പെട്ടിരുന്ന കാലത്തോളവും, "ഫ്ളേവിയൻ ആംഫിതിയററി"ൽ സിംഹവും മനുഷ്യനും തമ്മിൽ മല്ലടിച്ച കാലത്തോളവും നമ്മുടെ ഓർമ്മയെ നയിച്ചുകൊണ്ടു പോകുന്ന മറെറാരു സ്ഥാപനവും ഇന്നു നിലനില്ക്കുന്നില്ല.

"പുരാതനത്വത്തിൽ ഏററമധികം അഭിമാനംകൊള്ളുന്ന മഹാരാജകുടുംബങ്ങൾപോലും, പാപ്പാധിപത്യത്തോടു തുലനംചെയ്യപ്പെടുമ്പോൾ വെറും "ഇന്നലത്തേതു" മാത്രം! പത്തൊൻപതാം നൂററാണ്ടിൽ നെപ്പോളിയൻ ചക്രവൎത്തിയെ കിരീടം ധരിപ്പിച്ച മാൎപ്പാപ്പാ മുതൽ പിന്നോട്ടുപോയാൽ എട്ടാം നൂററാണ്ടിൽ പെപ്പിൻ രാജാവിനെ വാഴിച്ച പാപ്പാവരെയും ഇടമുറിയാതെ തുടൎന്നുകിടക്കുന്ന ആ പാപ്പാധിപത്യച്ചങ്ങല. പോരാ, അവിടെനിന്നു പിന്നെയും ആ മഹനീയസ്ഥാനം പിന്നോട്ടുപോയി ചരിത്രാതീതകാലത്തെ കഥകളിൽച്ചെന്നു ലയിക്കുന്നു.

"പുരാതനത്വത്തിൽ പ്രഥമസ്ഥാനം പാപ്പാധിപത്യത്തിനാണെങ്കിൽ, ദ്വിതീയസ്ഥാനം വെനീഷ്യൻ റിപ്പബ്ളിക്കിനാണു്. പക്ഷേ പാപ്പാധിപത്യവുമായി തട്ടിച്ചുനോക്കുമ്പോഴോ? വെനീഷ്യൻ റിപ്പബ്ളിക് വെറും ആധുനികംമാത്രം. എന്നിട്ടും ആ വെനീഷ്യൻ റിപ്പബ്ളിക് മൺമറഞ്ഞു കഴിഞ്ഞു. പാപ്പാധിപത്യമോ? വിജയശ്രീലാളിതമായി വിരാജിക്കുന്നു. ജീൎണ്ണിച്ച് നാമമാത്രമായി ഒരു മട്ടിലങ്ങനെ നിലനില്ക്കുകയല്ല. പുരാതനപ്രസിദ്ധിയുടെ വെറുമൊരു പ്രതിദ്ധ്വനിമാത്രമായി നിലനില്ക്കുകയുമല്ല. പ്രയോജനപ്രദമായ ഊൎജ്ജസ്വലതയും നവജീവചൈതന്യവും തുളുമ്പി വിലസുകയാണു്.

"സെൻറു് അഗസ്റ്റിനോടൊപ്പം പണ്ടു് കെൻറിൽ (ഇംഗ്ലണ്ടിലൊരുസ്ഥലം) വന്നിറങ്ങിയ മിഷനറിമാരെപ്പോലെ ഭക്തിതീക്ഷ്ണതയുള്ള പ്രേഷിതവീരരെ ഇന്നും കത്തോലിക്കസഭ ലോകത്തിൻെറ ഒരററംമുതൽ മറേറയററം വരെ അയച്ചുകൊണ്ടിരിക്കുന്നു. ഭയങ്കരന്മാരായ ഹൂണന്മാരുടെ അതിഭയങ്കരൻ രാജാവായ "ആററിലാ"യെ അമ്പരപ്പിച്ചു് കൎത്തവ്യവിമൂഢനാക്കി കഷ്ടപ്പെടുത്തിയ അതേ ചൈതന്യവിശേഷത്തോടുകൂടിത്തന്നെ ഇന്നും കത്തോലിക്കമിഷനറിമാർ ശത്രുരാജാക്കന്മാരെ കൎത്തവ്യമൂഢരാക്കി വട്ടംകറക്കുന്നു. കഴിഞ്ഞുപോയ എക്കാലത്തേക്കാളും ഇന്നു് ആ സഭാംഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുമുണ്ടു്. അവളുടെ ദീർഘകാലത്തെ ആധിപത്യത്തിൻെറ അന്ത്യം അടുത്തുവെന്നു ഭയപ്പെടുവാൻ യാതൊരു കാരണവും കാണുന്നില്ല. ലോകത്തിലിന്നുള്ള എല്ലാ ഭരണകൂടങ്ങളുടെയും മതസ്ഥാപനങ്ങളുടെയും ആരംഭം കണ്ടതാണു കത്തോലിക്കസഭ. അവയുടെയെല്ലാം അവസാനം കാണാൻകൂടി വിധിക്കപ്പെട്ടതാണവൾ എന്നു വിശ്വസിക്കാതിരിക്കാനും ന്യായം കാണുന്നില്ല..."

മികച്ച രാജ്യതന്ത്രജ്ഞൻ, പ്രശസ്തനായ പ്രഭാഷകൻ, കനംതികഞ്ഞ ഗ്രന്ഥകാരൻ എന്നീ നിലകളിലെല്ലാം അഖിലലോകപ്രശസ്തിയാർജ്ജിച്ച ഒരു പ്രോട്ടസ്റ്റൻറു നേതാവാണു് സർ വിൻസ്റ്റൺ ചർച്ചിൽ. ബ്രിട്ടൻെറ മുൻപ്രധാനമന്ത്രിയായിരുന്ന അദ്ദേഹം ഒരിക്കൽ ഡച്ചു പാർലമെൻറിൽ പ്രസംഗിക്കവേ ഇപ്രകാരം പ്രസ്താവിച്ചു:-

"പതിനാറും പതിനേഴും ശതാബ്ദങ്ങളിൽ പ്രോട്ടസ്റ്റൻറുകാരും കത്തോലിക്കരും തമ്മിലുണ്ടായ ഭിന്നിപ്പിനുശേഷം, എല്ലാവരും അനുസ്മരിക്കേണ്ട ഒരു പ്രധാന വസ്തുതയെങ്കിലും ഉദയം ചെയ്തിട്ടുണ്ടു്—മനുഷ്യൻെറ വ്യക്തിമാഹാത്മ്യവും, സ്വാതന്ത്ര്യവും, നൈസർഗ്ഗികാവകാശങ്ങളും സംരക്ഷിക്കപ്പെടുവാൻ ലോകത്തിലെവിടെയെല്ലാം സമരംചെയ്യുന്നുണ്ടോ, അവിടെയെല്ലാം അവയുടെ പക്ഷത്തു് കത്തോലിക്കാസഭയും അണിനിരക്കുന്നുണ്ടെന്ന വസ്തുത."


തോമ്മസ് ഹണ്ടർ എന്ന അ

## റോമിൽ പ്രൊപ്പഗാന്താകോളേജിലെ നവപൂജാർപ്പണം



കേരളീയനവവൈദികൻെറ നവപൂജാൎപ്പണം

കൎദ്ദിനാൾ ന്യൂമാൻ പ്രഥമദിവ്യബലി അൎപ്പിച്ച അൾത്താരയാണതു്.



ആഫ്റിക്കാക്കാരൻ നവവൈദികൻ പ്രഥമാശീർവ്വാദം നൽകുന്നു

എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള വിദ്യാൎത്ഥികൾ പ്രൊപ്പഗാന്താ കോളേജിലുണ്ടു്



ഇക്കൊല്ലം വൈദികപട്ടം സ്വീകരിച്ച രണ്ടു മലയാളികൾ. ഫാദർ ജേക്കബ്ബ് തുങ്കുഴി (നെയ്യശ്ശേരി); ഫാദർ മാർസൽ പാലിയത്തു് (ആലപ്പുഴ)— മലയാളിവിദ്യാൎത്ഥികളുടെ മദ്ധ്യത്തിൽ.

എന്നു്.

മറെറാരു കമ്മ്യൂണിസ്റ്റ് നേതാവായ ക്രിലേ പറഞ്ഞു: "സോവിയററു് അതിൎത്തിയിൽ ദൈവനിയമത്തിനു് സ്ഥാനമില്ല" എന്നു്. (Speech during State Trial, March 1923)

കമ്മ്യൂണിസ്റ്റ്കാൎക്കും യാതൊരു പ്രകാരത്തിലും നിഷേധിപ്പാൻ സാധിക്കാത്ത മേലുദ്ധരിച്ച പ്രമാണരേഖകളെപ്പററി കത്തോലിക്കർ-അല്ലാ-മനുഷ്യസംസ്കാരത്തെ വിലമതിക്കുന്ന ഏതൊരു മനുഷ്യനും അവഗാഢമായി ചിന്തിക്കേണ്ടതാണു്.

കത്തോലിക്കാ സാഹിത്യകാരൻ, "റിച്ചുമണ്ഡ് ടൈംസ്" എന്ന അമേരിക്കൻ പത്രത്തിൽ എഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു കേൾക്കുക:-

"മഹായുദ്ധങ്ങൾക്കോ വിപ്ലവങ്ങൾക്കോ അതിനെ (കത്തോലിക്കാ സഭയെ) ഉലയ്ക്കുവാൻ സാദ്ധ്യമല്ല; ചിലരുടെ ആവേശം തിളയ്ക്കുന്ന നിരീശ്വരവാദങ്ങൾക്കുപോലും. റോമൻ സാമ്രാജ്യത്തിൻെറ അധ:പതനത്തെയും, മഹമ്മദീയരുടെ ആധിപത്യത്തെയും, "താരത" (Tartars) വർഗ്ഗക്കാരുടെ ആക്രമണങ്ങളെയുമെല്ലാം അതിജീവിച്ച് അവൾ നിലനിന്നു. ക്രൈസ്തവനാഗരികതയെ നാശോന്മുഖമാക്കുന്നതിനുള്ള ചില രാഷ്ട്രീയനേതാക്കളുടെ ഭയങ്കരസംരംഭങ്ങൾ കാണുമ്പോൾ, ഞാൻ റോമൻകത്തോലിക്കാസഭയെ ആശാപൂർവ്വം വീക്ഷിച്ച് സമാശ്വസിക്കുന്നു. നിങ്ങൾക്കവളെ പീഡിപ്പിക്കാം; എന്നാൽ അവളെ ഹനിക്കുക സാദ്ധ്യമല്ലതന്നെ. സ്റ്റാലിനും സ്റ്റാലിനിസവും അതിവേഗം കടന്നുപോകുന്ന വെറും സംഭവങ്ങൾമാത്രം. തിരുസഭയുടെ മണിനാദം വീണ്ടും ക്രെംലിനിൽ (മോസ്കോ) നിന്നും മുഴങ്ങി കേൾക്കപ്പെടും."

ഇംഗ്ലണ്ടിലെയൊരു പഴയ പ്രധാനമന്ത്രിയും രാജ്യതന്ത്രപ്രവീണനും പണ്ഡിതശ്രേഷ്ഠനുമായിരുന്ന അകത്തോലിക്കൻ, വില്യം ഗ്ലാഡ്സ്റ്റൺ പറഞ്ഞിരിക്കുന്നു:-

"റോമൻ കത്തോലിക്കാസഭ 1500 കൊല്ലത്തേക്ക് ലോകനാഗരികതയുടെ നേതൃത്വം വഹിച്ചു പുരോഗമിച്ചു. അവളുടെ മഹത്വം, ഔന്നത്യം, സൗകുമാര്യം, രാജകീയത്വം എന്നിവ ലോകത്തിനൊട്ടാകെ അഭിമാനകരമാണ്. ഇതരക്രൈസ്തവസഭാംഗങ്ങൾ എല്ലാം കൂടിയതിനേക്കാൾ വളരെയധികംവരും ലോകമാകെയുള്ള കത്തോലിക്കർമാത്രം. എല്ലാ കാലങ്ങളിലും ദേശങ്ങളിലും കത്തോലിക്കാ ദേവാലയങ്ങളുണ്ട്. ആത്മാക്കൾ രക്ഷിക്കപ്പെടേണ്ടിടത്തെല്ലാം അവളുടെ പ്രേഷിതവീരരുമുണ്ട്. ഈ അത്ഭുതസഭ, ക്രിസ്തുമതത്തോളംതന്നെ പഴക്കമുള്ളസഭ, മനുഷ്യവർഗ്ഗത്തോളം സാർവ്വദേശീയമായ സഭ, ഇന്നു്, ഇരുപതുനൂററാണ്ടുകളായിട്ടും, പെന്തക്കുസ്താദിവസം പരിശുദ്ധാത്മാവിൻെറ ആഗമനാവസരത്തിലെപ്പോലെതന്നെ നവീനവും, ഊർജ്ജസ്വലവും, വിശ്വാസപൂർണ്ണവുമായി നിലകൊള്ളുന്നു."

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിക്കു് കത്തോലിക്കാസഭയെപ്പററിയുള്ള അഭിപ്രായമെന്തെന്നോ?:-

"മൊലൂക്കായിലെ ഫാദർ ഡാമിയനോടു താരതമ്യപ്പെടുത്തുവാൻ പററിയ മററു ധീരാത്മാക്കളെ, രാഷ്ട്രീയലോകത്തിലോ പത്രലോകത്തിലോ ചൂണ്ടിക്കാണിക്കുവാനില്ലതന്നെ. എന്നാൽ കത്തോലിക്കാസഭയിലോ? ഫാദർ ഡാമിയനെ അനുകരിച്ചു് കുഷ്ഠരോഗികളെ സേവിക്കുവാനായി ജീവിതമപ്പിച്ചവർ അനേകായിരം."

പ്രസിദ്ധ അമേരിക്കൻ ലേഖകനും യൂണിറേററിയൻ സഭാംഗവുമായ "വെണ്ടൽ ഹോംസ്" പ്രസ്താവിക്കുന്നു:-

"ജീവിക്കുവാൻ നല്ലതു കത്തോലിക്കാസഭയാണെങ്കിലും അല്ലെങ്കിലും, മരിക്കുവാൻ ഏററം നല്ലതു കത്തോലിക്കാസഭതന്നെയെന്നതിനു സംശയമില്ല."

പുകൾപെററ അമേരിക്കൻപ്രസിഡൻറു് "വുഡ്റോ വിത്സൺ" "പുതിയ സ്വാതന്ത്ര്യ"മെന്ന കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്:-

# തിരസ്ക്കരണികളിൽ

(ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. എ.)

(18-ാംലക്കത്തിൽനിന്നു തുടച്ചു)

പോളണ്ടു്

കമ്മ്യൂണിസ്റ്റുകക്ഷിയുടെ സർവ്വശക്തികളും നിർലോഭം പ്രയോഗിച്ചിട്ടും ഫലം കാണാത്ത ഒരു സമരരംഗം പോളണ്ടുപോലെ വേറെ ഇല്ല. പോളണ്ടിൽ കമ്മ്യൂണിസ്റ്റാധിപത്യം സ്ഥാപിച്ചിട്ടു പത്തു കൊല്ലം കഴിഞ്ഞു. അതിനിടയിൽ കമ്മ്യൂണിസ്റ്റുകാർ പോളണ്ടിൻെറ ഭരണകൂടം പിടിച്ചെടുത്തു. എന്നിരുന്നാലും പോളണ്ടിലെ കത്തോലിക്കാസഭ കമ്മ്യൂണിസ്റ്റുകാർക്കു ഒരു വിഷമപ്രശ്നമായി ഇന്നും നിലകൊള്ളുന്നു. പോളിഷ് ജനതയുടെ ജീവിതത്തിൽ നൂററാണ്ടുകളായി അലിഞ്ഞുചേർന്നിട്ടുള്ള മഹത്തായ ഒരു കത്തോലിക്കാ പാരമ്പര്യമുണ്ട്. അങ്ങനെ പഴകിയതും ശക്തിയേറിയതുമായ കത്തോലിക്കാസഭയോടു ഏററുമുട്ടി പിന്നോക്കമടിച്ച പരാജയത്തിൻെറ വക്കത്തെത്തിയിരിക്കയാണ് പോളണ്ടിലെ കമ്മ്യൂണിസം.

പോളിഷ് ജനത അവരുടെ ഭക്തിയും സ്നേഹവും ബഹുമാനവും എല്ലാം അർപ്പിച്ചിരിക്കുന്നതു് "ചെസ്റ്റൊ കൗണി"ലെ പരിശുദ്ധ കന്യകമറിയത്തിലാണ്. പോളണ്ടിൻെറ രാജ്ഞിയായി അവർ പരിശുദ്ധകന്യകമറിയത്തെ എപ്പോഴും സ്തുതിക്കുന്നു. പോളണ്ടിലെ ഒട്ടുമുക്കാലും കുട്ടികളെ മേരി എന്നോ മറിയത്തിൻെറ മകൻ എന്നർത്ഥമുള്ള മരിയോൺ എന്നോ പേരിട്ടുവളർത്തുന്നതു് പോളിഷ്ജനതയിൽ മരിയാഭക്തിക്കുള്ള സുപ്രധാനസ്ഥാനത്തെയാണ് ദ്യോതിപ്പിക്കുന്നതു്. കമ്മ്യൂണിസ്റ്റുകാർ ആദ്യംതന്നെ വാളുയർത്തിയതു് ക്രിസ്തുവിൻെറനേർക്കോ, ക്രിസ്തുവിൻെറ സഭയുടെനേർക്കോ അല്ലാ. പോളിഷുകാരുടെ ദിവ്യഅമ്മയെയാണ് അവർ ആദ്യംതന്നെ പിടികൂടിയതു്. അമ്മയെ ഉപദ്രവിച്ചാൽ മക്കൾ അടങ്ങിയിരിക്കുമോ? പരി കന്യകമറിയത്തോടുള്ള ഭക്തി പോളണ്ടിലെ കമ്മ്യൂണിസ്റ്റുസമരത്തിൽ ധീരരായ അനേകംപേരെ ജീവിക്കുന്ന വേദസാക്ഷികളായി മാററിയിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ അരുളിച്ചെയ്യുകയുണ്ടായി: "വിഷമമേറിയ കാലഘട്ടങ്ങളാണിവ. എന്നാലും ഈദൃശഘട്ടങ്ങളാണ് വലിയ വിശുദ്ധന്മാരെ ലോകത്തിനു പ്രദാനം ചെയ്യുന്നതു്."

പോളണ്ടിൽ ദൈവത്തോടും മതത്തോടും സമരം ചെയ്യുവാൻ ചുവപ്പന്മാർ ഉപയോഗിച്ച തന്ത്രോപാധികൾ എവ്വിധങ്ങളാണെന്നു അറിഞ്ഞിരിക്കേണ്ടതു ആവശ്യമാണ്. പോളിഷ് കമ്മ്യൂണിസ്റ്റു് രഹസ്യപ്പോലീസിലെ ഒരു ഉന്നത ഉദ്യോഗസ്ഥനായ "ജോസഫ് സവിയാററലോ"യുടെ അഭിപ്രായപ്രകാരം ബെറിയായുടെ പിൻഗാമിയും സോവിയററു രഹസ്യപ്പോലീസിൻെറ തലവനുമായ ജനറൽ ഈവാൻസെർവോവു് ആണ് പോളിഷ് കത്തോലിക്കാ സഭയുടെ നേർക്കുള്ള കമ്മ്യൂണിസ്റ്റു് ആക്രമണപദ്ധതിയുടെ ശില്പി. പോളണ്ടിലെ സഭയുടെ നേർക്കുള്ള ആക്രമണപദ്ധതി 1944-45 കൊല്ലങ്ങളിൽതന്നെ തയ്യാറാക്കിയിട്ടുള്ളതാണ്. സോവിയററു് രഹസ്യപ്പോലീസിൻെറ മേധാവി എന്ന നിലയിൽ സെർവൊ പോളിഷ് മന്ത്രിസഭയുടെ പൊതുരക്ഷാവകുപ്പിനു കല്പനകൾ അയക്കുകയും അതിൻെറ ഓരോ കാൽവെപ്പിനേയും നിയന്ത്രിക്കയും ചെയ്തിരുന്നു. ഇവയിൽ പലതും സഭയുടെ വിശ്വാസത്തെ ഉടയ്ക്കുവാൻ പ്ലാൻ ചെയ്തിട്ടുള്ളവയായിരുന്നു.

സ്റ്റാലിൻെറ സമ്മതി ലഭിച്ചിട്ടുള്ള സെർവോവിൻെറ പദ്ധതി കത്തോലിക്കാസഭയെ അതിൻെറ അന്തർഭാഗത്തുനിന്നുതന്നെ പിടിച്ചുടക്കണമെന്ന ലക്ഷ്യത്തോടുകൂ

"രക്ഷാമാർഗ്ഗം"

ചികിത്സിച്ചു് ചികിത്സിച്ചു് നിരാശരായി തീർന്നിട്ടുള്ളവർക്ക് രക്ഷാമാർഗ്ഗം കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന

സാക്ഷാൽ "കാളൻ"

സ്ഥാപനത്തിലേക്കുള്ള രോഗവിവരക്കുറിപ്പുകളും മററും അയക്കേണ്ട വിലാസം:

കാളൻ,

നെല്ലായി (S. India)

ടിയതായിരുന്നു. പോളണ്ടിൽ കത്തോലിക്കാസഭയെ ലിക്വിഡേററു് ചെയ്യണമെന്നു കമ്മ്യൂണിസ്റ്റുകാർക്കു ഉദ്ദേശമുണ്ടായിരുന്നില്ല. റഷ്യയിലെ ഇന്നത്തെ ഓർത്തോഡോക്സ് സഭയെപ്പോലെ കമ്മ്യൂണിസ്റ്റ് നയത്തിനു വഴങ്ങിക്കൊടുത്തു അവരുടെ താളത്തിനു തുള്ളുന്ന ഒരു കളിപ്പാവപോലെ പോളണ്ടിലെ കത്തോലിക്കാസഭയും ആകണം എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഈ ഉദ്ദേശപൂർത്തിക്കായി "സ്വദേശസ്നേഹികളായ വൈദികർ" എന്ന പേരിലറിയപ്പെടുന്ന ഒരു വൈദികസംഘവും "പുരോഗമനപ്രേമി"കളായഅൽമായരടങ്ങിയഒരുസംഘവും കൂട്ടിയോജിപ്പിച്ച് ഒരു ദേശീയകത്തോലിക്കാസഭ (National Church) പടുത്തുയർത്തുവാൻ പോളണ്ടിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു പരോക്ഷമായും പ്രത്യക്ഷമായും പിന്തുണ നൽകിയിരുന്നു. ദേശീയസഭാരൂപീകരണത്തിനു വഴങ്ങിക്കൊടുക്കാത്ത സഭാനേതാക്കന്മാരെ തടങ്കലിലിടുകയും വൈദികരെ മർദ്ദനവിധേയരാക്കി ഭയപ്പെടുത്തുകയും ചെയ്തിരുന്നു.

1945 തൊട്ടു 1953 വരെ കത്തോലിക്കാ മതവിരുദ്ധ പരിപാടികൾ വളരെ സാവധാനത്തിലും ശ്രദ്ധാപൂർവ്വവുമാണ് പ്രവർത്തനപദ്ധതിയിൽ കൊണ്ടുവന്നിരുന്നതു്. 1949-ൽ കമ്മ്യൂണിസ്റ്റുകാർക്കു പോളണ്ടിൽ അവരുടെ നില ഏതാണ്ടു സുശക്തമായി എന്നു ബോദ്ധ്യം വന്നപ്പോൾ അവർ ഒരു മനണിസമരത്തിനു മുന്നിട്ടിറങ്ങി. കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിനാൽ നിയന്ത്രിതമായിട്ടുള്ള വാർത്താവിതരണകേന്ദ്രങ്ങൾ ശക്തിമത്തായ മതവിരുദ്ധപ്രചരണവേല ആരംഭിച്ചു. അതോടുകൂടി സഭാവസ്തുക്കളെ ഗവമ്മെണ്ടു കണ്ടുകെട്ടുകയും സഭയുടെ ആശുപത്രികളെ ദേശവൽക്കരിക്കുകയും ചെയ്തു. മാത്രമല്ല പോളണ്ടിൽ വളരെയധികം സ്വാധീനം ചെലുത്തിയിരുന്നതും എല്ലാവരുടേയും ബഹുമാനാദരവുകൾ അർഹിച്ചിരുന്നതുമായ പോളിഷ് ഹയരാർക്കിയുടെ പൊതുസ്വത്തായ "കാരിത്താസ്" എന്ന ജീവകാരുണ്യസംഘടനയെ നിർത്തൽചെയ്തു. മാത്രമല്ല അതൊരു സ്വതന്ത്രസംഘടനയായി മാററുകയും ചെയ്തു.

"റോമൻ കത്തോലിക്കാസഭ അന്നു് (മദ്ധ്യയുഗങ്ങളിൽ) ഇന്നത്തെപ്പോലെതന്നെ ഒരു മികച്ച ഡെമോക്രസി ആയിരുന്നു. ഏതു കൃഷിവലനും, അയാൾ എത്ര ദരിദ്രനായിരുന്നാൽക്കൂടിയും, ഒരു പാപ്പായാകുവാൻ പാടില്ലായ്കയില്ല."

(ഒരു ദരിദ്രകർഷകൻെറ മകനായിരുന്ന ജോസഫ് സാർത്തോ, പത്താംപീയൂസ് എന്ന പേരിൽ മാർപ്പാപ്പായായതും, ഈ അടുത്തകാലത്തു് അദ്ദേഹം വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടതും ഈയവസരത്തിൽ സ്മരണീയമാണ്.)

ഉപരിപ്ലവബുദ്ധികളായ ചില ദോഷൈകദൃക്കുകൾ കത്തോലിക്കാസഭയെപ്പററി ആക്ഷേപങ്ങൾ ആക്രോശിച്ചുകൊണ്ടു നടക്കുന്നുണ്ടാകും. ചിലസുഹൃത്തുക്കൾ, വിശിഷ്യ, അകത്തോലിക്ക സുഹൃത്തുക്കൾ വലിയ ചിന്താക്കുഴപ്പത്തിൽപെട്ടുഴലുന്ന ഈ അവസരത്തിൽ, മേലുദ്ധരിച്ച അഭിപ്രായങ്ങൾ അവക്കൊരു കൈത്തിരിയായിരിക്കട്ടെ.

ആദ്ധ്യാത്മികവീഥി

# ദൈവമാതൃഭക്തി

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ നമ്മുടെയും ലോകം മുഴുവൻെറയും പാപങ്ങൾക്കു പരിഹാരം ചെയ്തുകൊണ്ടു ദൈവജനനിയെ ആശ്വസിപ്പിക്കേണ്ടതിനെക്കുറിച്ചാണല്ലോ പറഞ്ഞതു്. ഇനി ഒരു പടികൂടി മുൻപോട്ടു കടന്നു അവിടുത്തെ സന്തോഷിപ്പിക്കേണ്ടതെങ്ങനെയാണെന്നു നമുക്കാലോചിക്കാം. നല്ല മക്കൾ എപ്പോഴും തങ്ങളുടെ മാതാപിതാക്കന്മാക്കു തങ്ങളാൽ കഴിയുന്നവണ്ണമെല്ലാം ആനന്ദം നൽകുന്നതിനു ശ്രമിക്കുന്നു. കൊച്ചുകുട്ടികൾപോലും അവക്കു കിട്ടുന്ന മാമ്പഴവും മററും തിന്നാതെ അമ്മയ്ക്കു കൊണ്ടുപോയി കൊടുക്കുന്നതു കണ്ടിട്ടില്ലേ?

നമ്മുടെ സ്വർഗ്ഗീയമാതാവിനെയും പലവിധത്തിൽ നമുക്കു സന്തോഷിപ്പിക്കാം. ഒന്നാമതുതന്നെ പാപത്തിൽനിന്നെല്ലാം അകന്നു വിവിധപുണ്യങ്ങളാൽ നമ്മുടെ ആത്മാവിനെ അലങ്കരിച്ചിരിക്കുന്നതു കാണുന്നതു് അവിടുത്തേക്കു വളരെ സന്തോഷമാണ്. സന്മാതൃകകൊണ്ടും സദുപദേശംകൊണ്ടും നമ്മുടെ സഹോദരന്മാരുടെ പുണ്യവർദ്ധനവിനു നാം സഹായിക്കുന്നെങ്കിൽ അതും മാതാവിനു പ്രീതിജനകമായിരിക്കും.

എന്നാൽ ഇതിനെക്കാളെല്ലാം അവിടുത്തേക്കു ആനന്ദം പ്രദാനം ചെയ്യുന്നതായിരിക്കും ആത്മാക്കളെ നേടിക്കൊടുക്കുന്നതു്. അപ്പസ്തോലന്മാരുടെ രാജ്ഞിക്കു തൻെറ മക്കളെല്ലാം അപ്പസ്തോലന്മാരായിത്തീർന്നു കാണണമെന്നാണ് ആഗ്രഹം. ഈശോയെപ്പോലെതന്നെ മാതാവും ആത്മാക്കൾക്കായി ദാഹിക്കുകയാണ്.

വേദപ്രചാരമദ്ധ്യസ്ഥനായ വി. ശൗര്യാരെ അനുകരിച്ചു നാടും വീടും ഉപേക്ഷിച്ചു വിദേശങ്ങളിൽ പോയി മതപ്രസംഗം നടത്താൻ നമ്മിൽ അധികംപേക്കും സാധിച്ചെന്നു വരികയില്ല. എന്നാൽ വേദപ്രചാരമദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായെപ്പോലെ സ്വഗൃഹത്തിൽതന്നെ ഒതുങ്ങിപ്പാർത്തുകൊണ്ടു തീക്ഷ്ണമായ പ്രാർത്ഥനയാലും പരിത്യാഗത്താലും അനാഗതരെ തിരുസഭയിലേക്കു ആനയിക്കുന്നതിനു് നന്മനസ്സുള്ള ആക്കും സാധിക്കും. അതെങ്കിലുംചെയ്തു മാതാവിനെ സന്തോഷിപ്പിക്കാൻ നാം ശ്രമിക്കേണ്ടതാണ്.

നിത്യസത്യങ്ങളെപ്പററി കൂടക്കൂടെ ചിന്തിക്കയും എപ്പോഴും ഇഷ്ടപ്രസാദത്തോടുകൂടി ഇരിക്കുന്നതിനു ശ്രദ്ധിക്കയും ചെയ്യുന്ന എല്ലാ പ്രവൃത്തികളും ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി കാഴ്ചവയ്ക്കുകയും "ഈശോയുടെ ഏററം പരിശുദ്ധഹൃദയമേ, അങ്ങേ രാജ്യം വരേണമേ" "എൻെറ അമ്മേ, എൻെറ ആശ്രയമേ" എന്ന സുകൃതജപങ്ങൾ പലപ്പോഴും ആത്മാർത്ഥതയോടുകൂടി ഉരുവിടുകയും ചെയ്യുന്നെങ്കിൽ അതുവഴി അനേകം ആത്മാക്കൾ രക്ഷപ്പെടുകയും അങ്ങനെ മാതാവു സന്തുഷ്ടയാകുകയും ചെയ്യും.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവ്

## കൃതജ്ഞത

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു ഉപകാരസ്മരണ.

മനയിൽ വർഗ്ഗീസ്
മത്തായി

## കമ്മ്യൂണിസം തോററന്നു്

പോളിഷ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സെൻട്രൽകമ്മിററിക്കു് പാർട്ടിസിക്രട്ടറി മി. ഗോമൂൽക്കാ സമർപ്പിച്ച ഒരു രഹസ്യറിപ്പോർട്ടിൽ, പോളണ്ടിൽ കത്തോലിക്കാ സഭയുമായുള്ള സമരത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടി തീർത്തും പരാജയമടഞ്ഞതായി സമ്മതിച്ചിരിക്കുന്നു. രൂക്ഷമായ മതമർദ്ദനം നടത്തിയിട്ടും യുദ്ധത്തിനുമുൻപുണ്ടായിരുന്നതിനേക്കാൾ അധികം വൈദികർ ഇന്നുണ്ട്. സന്യാസസഭകളിലെ അംഗങ്ങളുടെ സംഖ്യയും താരതമ്യേന വർദ്ധിച്ചിരിക്കുന്നു. ദേവാലയങ്ങൾ ആരാധനക്കാരായ വിശ്വാസികളെക്കൊണ്ടു നിറഞ്ഞുകവിയുന്നു. പോളണ്ടിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷംവരുന്ന കത്തോലിക്കരുടെ മതശുഷ്കാന്തി, മതവിരുദ്ധപ്രവർത്തനങ്ങൾ മൂലം ദ്വിഗുണീഭവിക്കുകയാണു ചെയ്തിരിക്കുന്നതെന്നു റിപ്പോർട്ടിൽ പറയുന്നു. കമ്മ്യൂണിസ്റ്റുപരാജയത്തിൻെറ ചില മാതൃകകളും റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. പോളണ്ടിൽ മതവിരുദ്ധപ്രവർത്തനങ്ങളുടെ നേതൃത്വം വഹിച്ചിരുന്ന പ്രധാനോദ്യോഗസ്ഥൻ അർദ്ധരാത്രി രഹസ്യമായി പള്ളിയിൽ ചെന്നു വിവാഹംകഴിച്ചു. ആ ഉദ്യോഗസ്ഥനെ രഹസ്യപ്പോലീസിൽനിന്നു പിരിച്ചുവിട്ടശേഷം നടത്തിയ അന്വേഷണത്തിൽനിന്നു കമ്മ്യൂണിസ്റ്റുപാർട്ടിയിൽപ്പെട്ട പ്രമുഖന്മാരായ പലരും ഇങ്ങനെ രഹസ്യമായി രാത്രിയിൽ പോയി വിവാഹം നടത്തിയതായും ആരാധനകളിൽ സംബന്ധിക്കുന്നതായും തെളിഞ്ഞു. പ്രധാന തിരുനാളിൻെറ ദിവസങ്ങളിൽ പല ജോലിക്കാക്കുംതങ്ങൾ രോഗസർട്ടിഫിക്കററുകൾ കൊടുത്തിട്ടുള്ളതായി പല ഡോക്ടർമാരും സമ്മതിച്ചു. സർട്ടിഫിക്കററു കൊടുക്കാൻ വിസമ്മതിച്ച ഒരു ഡോക്ടർക്കു പിന്നെ ചികിത്സിക്കാൻ രോഗികളെ കിട്ടിയുമില്ല.

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP

# സ്നേഹദീപവുമേന്തി നമുക്കു മുന്നേറാം

(മാത്യു പുളിക്കൽ എസ്. ജെ.)

ചൈനയും ഹങ്കറിയും മനുഷ്യശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുകയാണല്ലോ. കമ്മ്യൂണിസ്റ്റുകാരുടെ ഇരുമ്പുചങ്ങലയിൽനിന്നും രക്ഷപെടുവാൻ വെമ്പൽകൊള്ളുന്ന ഒരു ജനതതിയെയാണു് ഹങ്കറിയിൽ നാം കാണുന്നതു്. ഓരോ ദിവസവും ഏകദേശം 2500 അഭയാർത്ഥികൾവീതം ഹങ്കറിയിൽനിന്നും അന്യരാജ്യങ്ങളിലേക്കു് പൊയ്ക്കൊണ്ടിരിക്കുന്നുവെന്നാണു് പത്രറിപ്പോർട്ടുകളിൽനിന്നും നാം മനസ്സിലാക്കുന്നതു്. ലോകത്തിന്റെ മൂന്നിലൊരു ഭാഗത്തെ തങ്ങളുടെ ഭാഗത്താക്കുവാൻ സാധിച്ചിട്ടുണ്ടെന്നു് കമ്മ്യൂണിസ്റ്റ് പ്രവാചകന്മാർ ഘോഷിക്കുന്നുണ്ടെങ്കിലും, ആ ജനവിഭാഗത്തിൽ ഏറിയകൂറും ഈ അടിമത്വത്തിൽനിന്നും തങ്ങളെ മോചിപ്പിക്കുവാൻ ഒരു നേതാവുയരുന്ന സുദിനവും കാത്തു് അക്ഷമരായി കഴിയുകയാണെന്നുള്ളതു് വെറുമൊരു പരമാർത്ഥം മാത്രമാണു്.

പക്ഷേ, ഇങ്ങനെ കമ്മ്യൂണിസത്തെ വെറുക്കുന്ന അനേകായിരങ്ങളെ ഗണ്യമാക്കാതിരുന്നാൽതന്നെയും, കമ്മ്യൂണിസത്തിന്റെ പ്രചരണത്തിനുവേണ്ടി മാത്രം ജീവിക്കുകയും, അതുമാത്രം ജീവിതലക്ഷ്യമാക്കി കഴിയുകയും ചെയ്യുന്നവർ വളരെയേറെയുണ്ടെന്നു് സമ്മതിക്കാതെ തരമില്ല. സ്വജീവനെപ്പോലും കാര്യമായി ഗണിക്കാതെ "പാർട്ടി, പാർട്ടി" എന്നുംപറഞ്ഞു് വീറോടെ പ്രവർത്തനം നടത്തുവാൻ ഇവരെ പ്രേരിപ്പിക്കുന്നതെന്താണെന്നാരായുന്നതിൽ തെറ്റില്ലല്ലോ.

കഷ്ടതയനുഭവിക്കുന്നവന്റെ ഹൃദയത്തെ ആകർഷിക്കുന്നതിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സാമർത്ഥ്യം ഒന്നു വേറെതന്നെയാണു്. വ്യവസായപ്രമുഖന്മാരെയും, വൻകിട മുതലാളിമാരെയും വിമർശിക്കുകയും, അവരുടെ ചെയ്തികളേയും, വിശിഷ്യാ സുഖസമ്പൂർണ്ണമായ ജീവിതത്തേയും ഒരു വശത്തും, മറുവശത്തു് കുടിക്കുവാൻ കഞ്ഞിയില്ലാതെ, ഉടുക്കുവാൻ വസ്ത്രമില്ലാതെ ചെററക്കുടിലുകളിൽ കഴിഞ്ഞുകൂടുന്ന പാവപ്പെട്ടവനേയും ചൂണ്ടിക്കാണിക്കുക, ഇതാണു് കമ്മ്യൂണിസ്റ്റുകാർ ആദ്യമായി ചെയ്യുന്നതു്. ഈ അസമത്വത്തിന്റെ ഏകപരിഹാരമാർഗ്ഗമോ? പണക്കാരന്റെ പണം അപഹരിച്ചു്, സ്വകാര്യസ്വത്തുടമ നശിപ്പിച്ചു്, ഭൂമിയിലെ സ്വത്തുക്കളെ സമമായി വീതിക്കുക എന്നതാണം പോലും!

ഒരുവൻ കഷ്ടിച്ചു നഗ്നതമറയ്ക്കുവാൻപോലും വസ്ത്രമില്ലാതെ വലയുകയും, അതേസമയം ഒരു ധനികപുത്രി പട്ടിൽ പൊതിഞ്ഞുപോകുന്നതു കാണുകയും ചെയ്യുമ്പോൾ ...സ്വന്തം കുഞ്ഞുങ്ങൾക്കു മരുന്നുവാങ്ങിക്കൊടുക്കുവാൻ പണമില്ലാതെ വിഷമിക്കുമ്പോൾ അയൽപക്കത്തെ മുതലാളിയുടെ കുഞ്ഞുങ്ങൾ "പടക്കവും" "പൊട്ടാസ്യം" വാങ്ങി ആഹ്ലാദിക്കുന്നതു കാണുമ്പോൾ, ഒരു പാവപ്പെട്ടവന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന വികാരങ്ങളെ മനസ്സിലാക്കുവാൻ വിഷമമില്ല. ഇങ്ങനെയുള്ളവന്റെ മുൻപിൽ ദുഃഖമറിയാത്ത ഒരു പറുദീസ കാണിച്ചുകൊടുത്താൽ, അവൻ ആ സുഖസമ്പാദനത്തിനുവേണ്ടി ജീവനും ആത്മാവും പണയപ്പെടുത്തുന്നതിൽ അത്ഭുതപ്പെടുവാനുമില്ല. കമ്മ്യൂണിസത്തിന്റെ ദൂഷ്യവശങ്ങളെപ്പററി അവനെ പറഞ്ഞുമനസ്സിലാക്കിയാൽ, "കൊള്ളാം, ഞാനൊന്നു ശ്രമിച്ചുനോക്കട്ടെ" എന്നായിരിക്കും അവന്റെ മറുപടി.

കമ്മ്യൂണിസപ്രചരണങ്ങളിൽ ധനികന്റെ സുഖലോലുപതയേയും, ദരിദ്രന്റെ കഷ്ടപ്പാടുകളേയും ഉയർത്തിക്കാണിക്കുന്നതിൽ കമ്മ്യൂണിസ്റ്റുകാർ മടിക്കാറില്ല. അവശതയനുഭവിക്കുന്ന ജനവിഭാഗത്തിൽ അതൃപ്തിയും അസുഖവും ജനിപ്പിച്ചു്, താൻ വേലക്കാരന്റെ ആത്മാർത്ഥ സ്നേഹിതനാണെന്നു് നടിച്ചു്, അവന്റെ അവകാശങ്ങൾ രക്ഷിക്കപ്പെടാത്തതിൽ അമർഷം അഭിനയിക്കുക എന്നതു് ഒരു തനി കമ്മ്യൂണിസ്റ്റുകാരന്റെ ഗുണവിശേഷമാണു്. എന്നാൽ അവരുടെ വാഗ്ദാനങ്ങളുടെ പൊള്ളത്തരവും, പ്രതിജ്ഞകൾ തകരുമ്പോൾ കൂസലില്ലാതെ അതിനൊരുപാധി കണ്ടുപിടിക്കുന്നതിൽ അവർ കാണിക്കുന്ന സാമർത്ഥ്യവും ആർക്കും പുത്തരിയല്ല.

അവന്റെ അവകാശങ്ങൾക്കുവേണ്ടി മല്ലിടുകയും, വ്യവസായികളെ ദുഷിക്കുകയും ചെയ്യുമ്പോൾ, കാരണമെന്യേ സമയം ദുരുപയോഗിക്കുകയും, അന്യായങ്ങളായ പണിമുടക്കുകൾകൊണ്ടു് തൊഴിലാളി മുതലാളിക്കു് നഷ്ടം വരുത്തുകയും ചെയ്യുന്നുണ്ടു് എന്നതിനെപ്പററി ആരാണു് ചിന്തിക്കാറുള്ളതു്. ഒരു വ്യവസായസ്ഥാപനത്തോടുള്ള സ്വന്തം കടമകളെപ്പററി അന്വേഷിക്കുവാൻ താല്പര്യം കാണിക്കുന്ന തൊഴിലാളികൾ നമ്മുടെ നാട്ടിൽ എത്രപേരുണ്ടു്?

അന്യായങ്ങളും ചിലപ്പോൾ അസാദ്ധ്യങ്ങളുമായ കാര്യങ്ങൾക്കുവേണ്ടി ഒച്ചപ്പാടുണ്ടാക്കി തൊഴിലാളിയേയും മുതലാളിയേയും തമ്മിൽ തല്ലിക്കുന്ന സംഭവങ്ങൾ എത്രയെത്ര! കമ്മ്യൂണിസത്തിൽനിന്നും പിന്മാറി, ഇപ്പോൾ അതിനെ ചങ്കുറപ്പോടെ ചെറുക്കുന്ന നമ്മുടെ സ്നേഹിതന്മാരോടു് തങ്ങളുടെ അനുഭവത്തെപ്പററി അന്വേഷിക്കുവാൻ—നിഷ്പക്ഷമനോഭാവത്തോടെ കമ്മ്യൂണിസത്തെപ്പററി പഠിക്കുവാൻ—വാദപ്രതിവാദങ്ങൾ നടത്തുവാൻ—എത്രപേർ നമ്മുടെ കൂട്ടത്തിൽ ശ്രദ്ധിക്കാറുണ്ടു്.

പത്തോ, ആയിരമോ ആളുകൾ കൂടി അവക്കുള്ള സർവ്വവും വീതിച്ചെടുത്തു് പരപ്രേരണയെന്യേ ജീവിക്കാമെന്നു വിചാരിച്ചാൽ ഒരുപക്ഷെ സാധിച്ചേക്കും. എന്നാൽ ലോകത്തിലുള്ള ലക്ഷോപലക്ഷങ്ങളെ—സ്വാർത്ഥലാഭം ജീവിതലക്ഷ്യമാക്കി കഴിയുന്നവരും, അത്യാഗ്രഹത്താൽ അന്ധരായവരും, വിഭിന്നതാല്പര്യക്കാരുമായ മനുഷ്യലക്ഷങ്ങളെ ഒന്നിച്ചുചേർത്തു് ഒരു സുഖസ്വർഗ്ഗം സൃഷ്ടിക്കാമെന്നുവച്ചാൽ അതു സാദ്ധ്യമാണോ?

മാത്രമല്ല, ഒരുപക്ഷെ ധനാഗമമാർഗ്ഗത്തിൽ സമത്വംവരുത്തുവാൻ കമ്മ്യൂണിസത്തിനു സാധിച്ചാൽതന്നേയും, ഒരു ഭൗമികപറുദീസ സൃഷ്ടിക്കുവാൻ അവക്കു സാധിക്കുമോ? ശാരീരികവും മാനസികവുമായ വേദനകൾ, മരണത്തിന്റെ ഭീകരാട്ടഹാസങ്ങൾ, ഹൃദയം തകർക്കുന്ന വേർപാടുകൾ ഇവയ്ക്കെന്തു പ്രതിവിധിയായിരിക്കാം കമ്മ്യൂണിസം കല്പിക്കുവാനിരിക്കുന്നതു്? അവർ യാതൊന്നും കല്പിക്കുന്നില്ല. അതിനവക്കു സാധിക്കുകയുമില്ല. കണ്ണുനീരിന്റെ താഴ്വരയായ ഈ ലോകം, അതിന്റെ അവസാനംവരെ കഷ്ടതകളുടേയും ബുദ്ധിമുട്ടുകളുടേയും കേന്ദ്രമായിരിക്കും.

പ്രമാണപരമായിട്ടു മാത്രമല്ല, പ്രവൃത്തിപരമായിട്ടു നോക്കിയാൽതന്നെയും കമ്മ്യൂണിസം വെറും പൊള്ളയാണെന്നു മനസ്സിലാക്കുവാൻ ഒരൊററനോട്ടത്തിൽ സാധിക്കും. സമത്വം—അതാണവരുടെ ആദ്യത്തെ മുദ്രാവാക്യം. പക്ഷെ റഷ്യയിലേക്കൊന്നെത്തിനോക്കുക. ഇൻഡ്യൻ നാണയത്തിൽ കണക്കാക്കിയാൽ 960000 രൂപയാണു് സ്റ്റാലിനു് ഒരാണ്ടിൽ വരുമാനമുണ്ടായിരുന്നതെന്നു പറയുമ്പോൾ, അതു് വെറുമൊരു പരമാർത്ഥം മാത്രമായിരിക്കും. അതേസമയംതന്നെ ദരിദ്രമനുഭവിക്കുന്ന അനേകായിരങ്ങൾ മറെറല്ലായിടങ്ങളിലേയുംപോലെ റഷ്യയിലുമുണ്ടെന്നു് റഷ്യ സന്ദർശിച്ചിട്ടുള്ള പലരും—ശ്രീ സത്യനാരായണസിൻഹായുൾപ്പെടെ—സാക്ഷികളാണു്.

മാത്രമല്ല ഇന്നലെവരെ തങ്ങളുടെ ദൈവമായി കരുതിയിരുന്ന ജോസഫ് സ്റ്റാലിനെ വഞ്ചകനെന്നു വിളിക്കുവാൻ ഇന്നു റഷ്യക്കാർ മടിക്കുന്നില്ല.

കമ്മ്യൂണിസം ഒരു വിഷപാനീയമാണു്. പിന്നെ എന്തുകൊണ്ടാണു് അതിനു ഇത്രമാത്രം പ്രചാരം സിദ്ധിച്ചതു്? പരിശുദ്ധ പിതാവു് പീയൂസ് പതിനൊന്നാമൻ പറയുന്നു: "ഇതിന്റെ കാരണം, കമ്മ്യൂണിസത്തിന്റെ ശരിയായ സ്വഭാവം നമുക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല എന്നതാണു്." ഭൂരിഭാഗവും പാനീയത്തിന്റെ സ്വാദുമാത്രമേ നോക്കുന്നുള്ളു. പക്ഷെ അതു മാരകമാണെന്നു പലരും മനസ്സിലാക്കുന്നില്ല

കമ്മ്യൂണിസത്തിന്റെ പ്രചുരമായ പ്രചാരത്തിനു കാരണം നാമോരോരുത്തരുമാണു്. കമ്മ്യൂണിസം റഷ്യയിൽനിന്നു് ഇന്ത്യയിലേക്കു ഇറക്കുമതിചെയ്യപ്പെട്ട ഒരു വിഷവൃക്ഷമാണെന്നു് നാം പറയുമായിരിക്കും. പക്ഷെ വളമില്ലാത്ത മണ്ണിൽ ഒരു വൃക്ഷവും വളരുകയില്ല മനസ്സറിയാതെയെങ്കിലും ഇതിനെ താലോലിച്ചു വളർത്തിയതു നാമാണു്.

നമ്മുടെ വീട്ടിൽ കുഞ്ഞുങ്ങൾ ഭക്ഷണസാധനങ്ങൾ അനാവശ്യമായി നശിപ്പിക്കുമ്പോൾ, പാലും മുട്ടയും തട്ടിത്തൂവുമ്പോൾ, നമ്മുടെ അയൽവക്കത്തു് സുഖമില്ലാതിരിക്കുന്ന സ്വന്തം കുഞ്ഞിനു് പാൽ വാങ്ങിക്കൊടുക്കുവാൻ പണമില്ലാതെ വിഷമിച്ചു്, പാൽപ്പൊടിക്കായി ഇരക്കുന്ന വത്സലയായ മാതാവിന്റെനേരെ കണ്ണടച്ചുകളഞ്ഞ നാമാണു് കമ്മ്യൂണിസത്തെ വളർത്തിയതു്. നമ്മുടെ വീട്ടിൽ സദ്യയും പാട്ടുകച്ചേരിയും നടക്കുമ്പോൾ, കുടിക്കുവാൻ കഞ്ഞിയില്ലാതെ, ഉരിയരിക്കുവേണ്ടി ഇരന്നുവന്ന അയൽക്കാരിയെ ആട്ടിയിറക്കിയ നാമാണു് ഇതിനുത്തരവാദികൾ. അതിനാൽ അതിനു പരിഹാരം നേടേണ്ടതു് നാം തന്നെയാണു്.

ഈയിടെ ഭവനരഹിതരാക്കപ്പെട്ട ഒരു വിധവയ്ക്കും അവളുടെ ഒൻപതു കുഞ്ഞുങ്ങൾക്കും, ഒരു വീടുകിട്ടുന്നതുവരെ താമസിക്കുവാൻ ഇടം ഇരന്നുകൊണ്ടു് ഒരു ഇടപകവികാരി, വടക്കെഇൻഡ്യയിലെ പല കത്തോലിക്കാഭവനങ്ങളിലും കയറിയിറങ്ങുകയുണ്ടായി. ഒഴിഞ്ഞുകിടന്ന പല വീടുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആ വൈദികൻ യാചിച്ചുവെങ്കിലും, ഓരോ ഒഴികഴിവുകൾ പറഞ്ഞു് അവരോരോരുത്തരും പിൻവാങ്ങി. ഒടുവിൽ ഒരു പാവപ്പെട്ട ഹൈന്ദവസഹോദരൻ അവന്റെ വീടിന്റെ രണ്ടു മുറികളിൽ ഒന്നു് ഒഴിഞ്ഞുകൊണ്ടു്, ആ പാവപ്പെട്ട വിധവയെ സഹായിച്ചു ഇതാണു് ക്രൈസ്തവരുടെ സാഹോദര്യമെങ്കിൽ കമ്മ്യൂണിസം എങ്ങനെ വളരാതിരിക്കും?

നമ്മുടെ നാട്ടിൽനിന്നു് കമ്മ്യൂണിസത്തെ ആട്ടിപ്പായിക്കേണ്ടതു് അച്ചന്മാരുടേയും കന്യാസ്ത്രീകളുടേയും മാത്രം കടമയല്ല. അതു് ഓരോ ക്രൈസ്തവന്റെയും കടമയാണു്. പക്ഷേ എങ്ങിനെയാണു് നാമതു ചെയ്യേണ്ടതു്?

കമ്മ്യൂണിസ്റ്റുകാരെ സമുദായത്തിൽനിന്നു ബഹിഷ്കരിച്ചാലോ? അവരുടെ യാതൊരാവശ്യങ്ങളിലും പങ്കെടുക്കാതിരുന്നാലോ? അവരെ പോലീസിനു് ഒററിക്കൊടുത്താലോ?

പാടില്ല! ഇവയെല്ലാം എരിയുന്ന തീയിൽ എണ്ണയൊഴിക്കുകമാത്രമായിരിക്കും ചെയ്യുന്നതു്. ക്രിസ്തുനാഥൻ നമ്മുടെലോകത്തിൽ ഒന്നുകൂടി ജനിക്കുകയാണെങ്കിൽ എന്തായിരിക്കും ചെയ്യുക? "ഞാൻ പാപികളെ അന്വേഷിച്ചാണു് വന്നതു്" എന്നരുളിച്ചെയ്തു് പാപപ്പെട്ടവന്റെ കുടിലുകളിൽ കയറിയിറങ്ങിയ ആ സ്നേഹസമ്പന്നന്റെ മനസ്ഥിതി എന്തായിരിക്കും? "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക" എന്നു പഠിപ്പിച്ച ആ കാരുണ്യമൂർത്തി വഞ്ചനനിറഞ്ഞ വാഗ്ദാനങ്ങളാൽ അന്ധരാക്കപ്പെട്ട ഇവരെ ഉപേക്ഷിക്കുമോ? ഇല്ല! ഒരിക്കലുമില്ല.

അതിനാൽ ദ്വേഷത്തെ, സ്നേഹത്താൽ നാം കീഴടക്കണം. ഒരുവൻ കമ്മ്യൂണിസ്റ്റുകാരനാണെന്നറിഞ്ഞാൽ അവനുമായി തർക്കിച്ചു് അവനെ കീഴടക്കുവാനല്ല നാം ആദ്യമായി ശ്രമിക്കേണ്ടതു്. ഒരുവൻ എത്ര കഠിനഹൃദയനായിരുന്നാലും അനശ്വരമായ അവന്റെ ആത്മാവിനെ നേടുവാനാണു് ഓരോ ക്രൈസ്തവനും പരിശ്രമിക്കേണ്ടതു്. അവനെ നാം സ്നേഹിക്കണം. ആത്മാർത്ഥതയിൽ ഉടലെടുത്തതായിരിക്കണം നമ്മുടെ സ്നേഹം. പണം കൊണ്ടല്ലെങ്കിൽ ശരീരംകൊണ്ടു് നാം അവനെ സഹായിക്കണം. അവന്റെ കഷ്ടപ്പാടുകളിൽ അവനോടു സഹതപിക്കണം. ഓരോ ക്രിസ്തീയ കുടുംബവും അവരുടെ ചുററുമുള്ള കമ്മ്യൂണിസ്റ്റുകാരെന്നു പറയപ്പെടുന്ന പാവപ്പെട്ടവരിൽ, സ്വപ്രയത്നത്താൽ സ്നേഹത്തിന്റെ വിത്തു പാകുന്നുവെങ്കിൽ കമ്മ്യൂണിസത്തിന്റെ മരണമണി കേൾക്കുവാനുള്ള ഭാഗ്യം നമുക്കുണ്ടാകാതിരിക്കുകയില്ല.

ഒരു പക്ഷേ, രണ്ടോ നാലോ വർഷങ്ങൾകൊണ്ടു് അവരുടെ മാനസാന്തരം സാധിച്ചില്ലെന്നുവരാം. മാനസാന്തരം വരുത്തേണ്ടതു് ദൈവവരപ്രസാദത്താലാണു്. പക്ഷേ നാം നമ്മുടെ കർത്തവ്യം നിർവഹിക്കുന്നുവെങ്കിൽ നമ്മുടെ നിസ്വാർത്ഥസ്നേഹത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യത്വത്തെപ്പററി മനസ്സിലാക്കുവാൻ നമ്മുടെ അയല്ക്കാർക്കു സാധിക്കുകയും അതു് അവരുടെ മാനസാന്തരത്തിനു് അടിസ്ഥാനമിടുകയും ചെയ്യും.

ഈ അടുത്തകാലത്തു് മൂന്നുമാസത്തെ ശമ്പളം ലഭിക്കാതെ കഷ്ടപ്പെട്ട ഒരു മുനിസിപ്പൽ എലിമെന്ററി സ്കൂൾശിപായി ഒരു ഹർജ്ജിയുമായി ഒരുമുനിസിപ്പൽ പ്രസിഡന്റിനെ സമീപിക്കുകയുണ്ടായി. സാധാരണ മൂന്നുമണിക്കൂർ പടിക്കൽ കാത്തുനിന്നാൽ മാത്രമേ പ്രവേശനം അനുവദിക്കാറുണ്ടായിരുന്നുള്ളു. പക്ഷേ ഇപ്രാവശ്യം ഒരു പുതിയ ആളാണു് പ്രസിഡന്റായതു്. ശിപായി വാതുക്കൽചെന്നു് പ്രസിഡന്റിനെ കാണണമെന്നറിയിച്ചു. ഉടൻതന്നെ അകത്തുചെല്ലുവാൻ പറഞ്ഞതനുസരിച്ചു് സന്തോഷത്തോടെ ശിപായി അകത്തു കടന്നു് രണ്ടാം മുണ്ടെടുത്തു് അരയ്ക്കുകെട്ടി, വാപൊത്തി പ്രസിഡന്റിന്റെ മുൻപിൽനിന്നു. പ്രസിഡന്റാകട്ടെ അടുത്തുചെന്നു് അയാളുടെ അരക്കെട്ടഴിച്ചു് തോളിലിട്ടു് അയാളെ അടുത്തുള്ള കസേരയിൽ പിടിച്ചിരുത്തി വിവരമന്വേഷിച്ചു. പെട്ടെന്നു ക്ലാർക്കിനെ വരുത്തി അയാളുടെ ശമ്പളം മുഴുവൻ കൊടുപ്പിക്കുകയും, മേലിൽ പിഴ വരുത്താതിരിക്കുവാൻ ശ്രമിക്കുന്നതാണെന്നു പറഞ്ഞുകൊണ്ടു് പ്രസിഡന്റു് ശിപായിയെ അയയ്ക്കുകയും ചെയ്തു. പുറത്തിറങ്ങിവന്ന ശിപായി, നിറഞ്ഞ കണ്ണുകളോടെ പറയുകയാണു് "എന്റെ ജീവിതത്തിലെ എല്ലാ ആശകളും നിറവേറിക്കഴിഞ്ഞു" എന്നു്.

പാവപ്പെട്ടവന്റെ ചെററക്കുടിലുകളിൽ നുഴഞ്ഞു കയറുവാൻ, സ്വസഹോദരനെപ്പോലെ അവനെ സ്നേഹിക്കുവാൻ, സാക്ഷാൽ സ്നേഹമായ മിശിഹായുടെ അനുയായികളെന്നഭിമാനിക്കുന്ന നാം ശ്രമിക്കുന്നില്ലെങ്കിൽ കമ്മ്യൂണിസം ഒരുകാലവും നശിക്കുവാൻ പോകുന്നില്ല.

അതിനാൽ, പ്രാർത്ഥനയും ത്യാഗവുമാകുന്ന ആയുധങ്ങളുമായി നമുക്കു സമരഭൂമിയിലേക്കിറങ്ങാം. അതെ, കുരിശാകുന്ന കനകായുധവുമായി, വഞ്ചിതരായ നമ്മുടെ സോദരരുടെ മുൻപിലേക്കു്, സ്നേഹദീപവുമേന്തി, ക്രൈസ്തവരായ നമുക്കു മുന്നേറാം.

## ചരമവാർത്തകൾ

ആലുവാ: ഈ സ്വദേശിയും മുപ്പതുവർഷത്തോളം മധുരയിൽ ഒരു അഭിഭാഷകനുമായിരുന്ന ശ്രീ കെ. പി. ചാക്കൊ ബി എ ബി എൽ ഫെബ്രു: 3-ാംനു- ഞായറാഴ്ച മധുരയിലുള്ള അദ്ദേഹത്തിന്റെ വസതിയിൽവച്ചു് അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പരേതൻ അവിടത്തെ ഒരു പബ്ലിക് പ്രോസിക്യൂട്ടർകൂടിയായിരുന്നു.

മുഹമ്മ: ഈ ഇടവക മാന്താററുകാട്ടിപ്പറമ്പിൽ ശ്രീ തോമസിന്റെ ഭാര്യ അന്നമ്മ 64-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണംപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം റവ ഫാദർ മാത്യു പട്ടപുരയ്ക്കൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ മുഹമ്മ പള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

പൊൻകുന്നം: ഉതിരകളത്തു മി. മാണിയുടെ ദ്വിതീയപുത്രൻ കുട്ടിച്ചൻ തന്റെ 29-ാമത്തെ വയസ്സിൽ ചരമംപ്രാപിക്കുകയും 14-ാംനു- പകൽ 3 മണിക്കു സ്ഥലം തിരുക്കുടുംബദേവാലയം സിമിത്തേരിയിൽ ശവസംസ്കാരം നടത്തപ്പെടുകയുംചെയ്തു.

R. I. P.

സി.കെ.പോൾ & കമ്പനി
ആഭരണവ്യാപാരം,
ഫോൺ 536
എറണാകുളം
C.P.S

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 FEBRUARY 27 || No. 28.


# ആർക്കു് വോട്ടുചെയ്യണം?

ഒരു പൊതുതിരിഞ്ഞെടുപ്പു അത്യാസന്നമായിരിക്കുന്ന ഈ അവസരത്തിൽ വോട്ടവകാശമുള്ള ഓരോ പൗരനേയും അലട്ടുന്ന ഒരു ഗൗരവപ്രശ്നമാണിതു്. ഇതിനു പ്രത്യക്ഷമായ ഒരു സമാധാനം നൽകുകയെന്നതു് സങ്കീർണ്ണമായ ബഹുവിധസാഹചര്യങ്ങളിൽ ആർക്കും സാധിക്കുന്നതാണെന്നു തോന്നുന്നില്ല. അതുകൊണ്ടാണു് പ്രശ്നത്തിൻെറ നാനാവശങ്ങളെ വിശദമാക്കിയശേഷം സംഗതമായ അനുമാനം എടുക്കുന്നതിനു ഓരോ സമ്മതിദായകനേയും ഓരോ സ്ഥലങ്ങളിലെ ഉത്തരവാദിത്വബോധമുള്ള നേതൃത്വത്തേയും ആ കർത്തവ്യനിർവ്വഹണം ഞങ്ങൾ ഭരമേല്പിക്കുന്നതു്. നമ്മുടെ പൊതുതിരിഞ്ഞെടുപ്പിൽ നാം ശ്രദ്ധിക്കേണ്ട വിവിധവിഷയങ്ങളെ പലവിധ വീക്ഷണകോണങ്ങളിൽ നിന്നു ദർശിക്കുന്നതിനും സമ്യക്കായ തീരുമാനങ്ങളിൽ എത്തിച്ചേരുന്നതിനും സഹായകമായ പ്രതിപാദനങ്ങൾ മാന്യവായനക്കാരുടെ മുമ്പിൽ നിരത്തിവയ്ക്കുന്നതിനു കഴിവതു ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഓരോ സമ്മതിദായകനും പ്രബുദ്ധതയോടും ഉത്തരവാദിത്വബോധത്തോടും കൂടി അവരവരുടെ പൗരധർമ്മം നിർവ്വഹിക്കുന്നതിനു ഈ പ്രശ്നത്തിൻെറ സമാധാനം ആത്മാർത്ഥമായി കണ്ടുപിടിച്ചു പ്രവർത്തിക്കട്ടെ.

"ഒരു നല്ല പൗരൻ" എന്ന ശീർഷകത്തിൽ "ദി ഹെറാൾഡ്" എന്ന കല്ക്കട്ടാപത്രത്തിൽ മി. പി. പി. ലെയോ എന്ന ഒരു മാന്യലേഖകൻ ഒരു ലേഖനപരമ്പര എഴുതിക്കൊണ്ടിരിക്കുന്നുണ്ടു്. അതിൻെറ 28-ാമത്തെ ഭാഗമാണു് ഫെബ്രുവരി 24-ാം തീയതിയിലെ പത്രത്തിലുള്ളതു്. അതിലെ ചില ഭാഗങ്ങൾ മേലുദ്ധരിച്ച വീക്ഷണത്തിനു സഹായകമാകുന്നതുകൊണ്ടു് ഇവിടെ ചേർത്തുകൊള്ളുന്നു. 'യാതൊരു പാർട്ടിയും പരിപൂർണ്ണമല്ല. വെള്ളത്തൊപ്പിയിലും ചില കറുത്ത പുള്ളികളുണ്ടു്. എങ്കിലും പൊതുവെ ഇപ്പോഴും കോൺഗ്രസ്സിനു ഭൂരിപക്ഷത്തിൻെറ വിശ്വാസം അതിൻെറ ഭാഗത്തുണ്ടു്" എന്നു ഫെബ്രുവരിമാസത്തെ "സോഷ്യൽ ആക്ഷൻ" മാസികയുടെ തിരിഞ്ഞെടുപ്പുവിശകലനാനുമാനത്തെ ഉദ്ധരിച്ചുകൊണ്ടാണു് ലേഖകൻ തുടരുന്നതു്. "കറുത്ത പുള്ളികളിൽ ചിലതിനെ ചൂണ്ടിക്കാണിക്കുന്നതിനു മുമ്പായി, കഴിഞ്ഞ ഏതാനും വാരങ്ങളായി ഈ പംക്തികൾവഴി ഞാൻ വിശദീകരിക്കുന്നതിനുദ്യമിച്ചുകൊണ്ടിരുന്ന സംഗതികളെ ഒന്നുകൂടി ഉറപ്പിച്ചുപറയുന്നതിനാവശ്യമായിരിക്കുന്നു. ഒരു നല്ല ക്രിസ്ത്യൻപൗരൻ പൊതുകാര്യങ്ങളിൽ താല്പര്യവും പങ്കും എടുക്കണം...ഒരു പൊതുതിരിഞ്ഞെടുപ്പു നടക്കുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ ഒരു നല്ല പൗരൻ വോട്ടിനെ ഒരവകാശമായി മാത്രമല്ല കൂടുതൽ ഒരു കടമയായി പരിഗണിക്കുകയും സമ്മതിദാനം നിർവ്വഹിക്കുകയും ചെയ്യണം...ഒരു കത്തോലിക്കനു ഒരു കമ്മ്യൂണിസ്റ്റിനോ, കമ്മ്യൂണിസത്തോടനുഭാവമുള്ള പാർട്ടികൾക്കോ വോട്ടുചെയ്യാവുന്നതല്ല...... കോൺഗ്രസ്സിൻെറ സോഷ്യലിസ്റ്റിക്കു് മാതൃക, ശരിയായി മനസ്സിലാക്കുന്നപക്ഷം, കത്തോലിക്കാതത്വങ്ങൾക്കു വിരുദ്ധമല്ല.

"വിഷയത്തിലേക്കു കടക്കാം. നാം കോൺഗ്രസ്സിനു വോട്ടുചെയ്യണമോ?.....പരിഭ്രമചിത്തരായ ഒരുഭാഗം പ്രതിയോഗികൾ പരമാർത്ഥതയോടെ പ്രതിവചിക്കും: നാമെങ്ങിനെ ചെയ്യും? അവരുടെ പ്രവൃത്തികൾ ഒന്നു നോക്കുക! എന്നു്. കോൺഗ്രസ്സ്പാർട്ടി പൊതുവിലും കോൺഗ്രസ്സുകാർ വ്യക്തിപരമായും ചെയ്തിട്ടുള്ള തെററുകളുടേയും കൃത്യവിലോപങ്ങളുടേയും ഒരു നീണ്ട പട്ടിക അവർ അവതരിപ്പിക്കുകയുംചെയ്യും. കോൺഗ്രസ്സിലെ വ്യക്തികളെ സംബന്ധിച്ചു് ആദ്യമായി ഒന്നു പറഞ്ഞുകൊള്ളട്ടെ. ഏതു രാജ്യത്തും ഏതു രാഷ്ട്രീയപാർട്ടിയിലും (ജനാധിപത്യമാതൃകയെന്നവകാശപ്പെടുന്ന ബ്രിട്ടനിൽപോലും) തലതൊട്ടപ്പന്മാരേയും, കൈക്കൂലിക്കാരേയും, അധികാരമോഹികളേയും, ആത്മപ്രശംസകരേയും കാണാതിരിക്കയില്ല. നെല്ലും പതിരും ഒന്നിച്ചെടുക്കുക എന്നതാണു് രാഷ്ട്രീയരീതി. അതു കാററത്തു പിടിക്കേണ്ട ആവശ്യവും ചുമതലയും പാർട്ടിനേതൃത്വത്തിനുള്ളതാണു്. വിമർശനങ്ങൾമൂലം അതിനു അവരെ നമുക്കു സഹായിക്കാൻകഴിയും. എന്നാൽ പരിപൂർണ്ണരായ വ്യക്തികൾമാത്രമടങ്ങിയ ഒരു ഭാവനാദർശരാഷ്ട്രം, മറേറതു മാനുഷികതുറകളിലുമെന്നപോലെ തന്നെ, നാം സ്വപ്നംകാണുന്നതു നിരർത്ഥകമാണു്. നമ്മുടെ ഈ ഗ്രഹത്തിൽ ഒരിടത്തും അതുണ്ടായിരിക്കുകയില്ല.

"കോൺഗ്രസ്സിൻെറ തിന്മകൾ! വെള്ളത്തൊപ്പിയിലെ കറുത്ത പുള്ളികൾ! അതു സമ്മതിക്കുന്നതിനു ഒന്നാമത്തെ ആളാണു് ഞാൻ. അപൂർണ്ണമാണെങ്കിലും ഈ ലിസ്റ്റ് നോക്കുക:- വിദേശമിഷണറിമാരെ തടയുന്നതു്; നിയോഗികമ്മററിയുടെ നിയമനവും അവരുടെ റിപ്പോർട്ടു പ്രസിദ്ധീകരണവും; ചുരുങ്ങിയതോതിലുള്ള മതമർദ്ദനംവരെ എത്തിയിട്ടുള്ള ചില സ്റ്റേററുകളിലെ ക്രിസ്ത്യൻവിരുദ്ധപ്രവർത്തനങ്ങൾ; രാജ്യത്തിൻെറ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടുംബസംവിധാനപരിപാടി; ഇന്ത്യ കമ്മ്യൂണിസ്റ്റ്ചേരിയിൽ ചേന്നു എന്നോ അതിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു എന്നോ മററു രാജ്യങ്ങൾക്കു സംശയം ജനിപ്പിക്കത്തക്കരീതിയിലുള്ള ഇന്ത്യയുടെ "നിഷ്പക്ഷ" വിദേശനയം; വാണിജ്യവ്യവസായരംഗങ്ങളിൽ രാഷ്ട്രത്തിൻെറ അമിതമായ ഇടപെടൽ ഇത്യാദി.

"എനിക്കു കോൺഗ്രസ്സിൻെറ വക്കാലത്തൊന്നുമില്ല. ഞാൻ കോൺഗ്രസ്സ്പാർട്ടിയിലെ ഒരംഗവുമല്ല. എങ്കിലും സ്വാതന്ത്ര്യസമ്പാദനത്തിനുമനും പിന്നുമുള്ള പാർട്ടിയുടെ നേട്ടങ്ങളെപ്പററി ഒരു കോൺഗ്രസുകാരനു ന്യായമായി അഭിമാനംകൊള്ളാമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരുറച്ച കോൺഗ്രസുഭടനു്; ഒരു കോൺഗ്രസ്കത്തോലിക്കനുപോലും, അവൻെറ പാർട്ടിയെപ്പററി അഭിമാനപൂർവ്വം പറയാം, "നിൻെറ എല്ലാ തെററുകൾക്കും ഉപരിയായി, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നു്. എൻെറ കത്തോലിക്കാ മിത്രങ്ങളോടു എനിക്കു ചോദിക്കുവാനുള്ളതിതാണു്:- "നിങ്ങൾ കോൺഗ്രസ്സിനെ ഇഷ്ടപ്പെടുന്നില്ലായിരിക്കാം. ഒന്നാലോചിക്കുക; എന്താണു് മറെറാരു മാർഗ്ഗം?" തവളകളുടേയും അവയുടെ രാജാവിൻേറയും കഥ അനുസ്മരിച്ചുപോകുന്നു. സ്വർഗ്ഗത്തിൽനിന്നു ഒരു രാജാവിനെ കൊടുക്കുവാൻ അവ "ജോവി"നോടപേക്ഷിച്ചു. രാജാവായി മരക്കഷണം കുളത്തിലേക്കിടപ്പെട്ടു. നിർജ്ജീവമായ മരക്കഷണത്തെക്കൊണ്ടു തവളകൾ മുഷിഞ്ഞു. വേറൊരു രാജാവിനുവേണ്ടി നിവേദനമായി. ഇത്തവണ ജോവ് ഒരു കൊക്കിനെയാണു് രാജാവായി നൽകിയതു്. രാജാവായ കൊക്കു തവളപ്രജകളെ ഓരോന്നായി കൊത്തിവിഴുങ്ങാൻ തുടങ്ങി......

"ബങ്കാളിലുള്ള എൻെറ വായനക്കാരോടു ഞാൻ ഉപദേശിക്കുന്നു: കമ്മ്യൂണിസ്റ്റ്കളേയും അവരുടെ "ജനാധിപത്യ" ചട്ടുകങ്ങളേയും ഒഴിച്ചുനിർത്തുന്നതിനു നിങ്ങൾ



കൊച്ചി മെത്രാൻ റൈററ് റവ. ഡോ. അലക്സാണ്ടർ എടേഴത്തു് ഡി. ഡി. തിരുമനസ്സുകൊണ്ടു് (തിരുനാൾ–ഫെബ്രുവരി 26)

കോൺഗ്രസ്സിനു വോട്ടുകൊടുക്കുക്. എന്നാൽ നിങ്ങളുടെ കോൺഗ്രസ്സ് സ്ഥാനാർത്ഥിയോടു് സൗകര്യമായി പറയുവാൻ കഴിയുമെങ്കിൽ, അയാളെ അറിയിക്കുക, നിങ്ങളുടെ വോട്ടു ശരിയായ എല്ലാ സംവരണങ്ങളോടുകൂടി മാത്രമാണു് നിങ്ങൾ നൽകുന്നതെന്നു്. കമ്മ്യൂണിസ്റ്റ് അപകടമില്ലാത്തതോ അതു കേവലം അസാദ്ധ്യമായിട്ടുള്ളതോ ആയ സ്റ്റേററുകളിലെ ജനങ്ങളോടു് എനിക്കു പറയുവാനുള്ളതിതാണു്: കോൺഗ്രസിനോടു നിങ്ങൾക്കു പ്രതിപത്തി തോന്നുന്നില്ലെങ്കിൽ, നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യുക. കോൺഗ്രസ്സിൻെറ തെററുകൾക്കും കൃത്യവിലോപങ്ങൾക്കും എതിരായി നിങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്താനാണു് ഭാവമെങ്കിൽ, ധാർമ്മികമായി അസ്വീകാര്യമല്ലാത്ത ഏതെങ്കിലും പാർട്ടിക്കോ, വ്യക്തിക്കോ നിങ്ങൾ വോട്ടുചെയ്തുകൊള്ളുക. ഏങ്ങിനെയും നിങ്ങൾ വോട്ടുചെയ്യാതിരിക്കരുതേ."

ഒരു സാമാന്യസമ്മതിദായകൻെറ മനസ്സിൽ ഉണ്ടാകാവുന്ന വിവിധവികാരങ്ങളെ ലേഖകൻ സമ്യക്കായി പരിഗണിക്കുകയും പരാമർശിക്കുകയും, സാഹചര്യങ്ങളുടെ വിവിധപരിഗണനകളിൽ ഏററം സ്വീകാര്യവും ബുദ്ധിപൂർവ്വകവുമായ പ്രവർത്തനമാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ടു് ഈ പ്രതിപാദനം പലർക്കും ഉപകാരപ്രദമായിരിക്കുമെന്നുള്ള വിശ്വാസംകൊണ്ടാണു് സുദീർഘമായ ഈ ഉദ്ധരണിയെ നിങ്ങളുടെ പരിചിന്തനത്തിനായി സമർപ്പിച്ചിരിക്കുന്നതു്. വിവേകപൂർവ്വകമായ ഒരു കർത്തവ്യനിർവ്വഹണത്തിനു അതു വഴിതെളിക്കട്ടെ എന്നാശിക്കുന്നു.

## പ്രസാധകക്കുറിപ്പുകൾ

# അവശക്രൈസ്തവർക്കും ചില ആനുകൂല്യങ്ങൾ

അവശസമുദായങ്ങളിൽ നിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യുന്നവർക്കും അതതുസമുദായങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ നൽകണമെന്നു മുറവിളികൂട്ടാൻ തുടങ്ങിയിട്ടു കാലങ്ങൾ ഏറെയായിട്ടുണ്ടു്. ഹർജ്ജികളും നിവേദനങ്ങളും പ്രകടനങ്ങളും പ്രക്ഷോഭണങ്ങളും എല്ലാം മിക്കവാറും വനരോദനമായിട്ടാണു് അനുഭവപ്പെട്ടിട്ടുള്ളതു്. ഒരു മതേതരരാഷ്ട്രമായ ഇന്ത്യയിൽ മതത്തിൻെറപേരിൽ അനുവർത്തിക്കപ്പെട്ടുപോരുന്ന ഈ അനീതി എങ്ങിനെ ഇത്രനാളും വച്ചുപുലർത്തി എന്നുചോദിച്ചാൽ അതുഉത്തരം കാണാത്ത ഒരു പ്രശ്നമാണു്. ആക്ഷേപാർഹമായ ഈ നടപടിക്കു തെല്ലൊരു പരിഹാരം ഈയിടെ ഉണ്ടായിക്കാണുന്നതു് ആശ്വാസകരമത്രെ. ഫെബ്രുവരി 14-ാം തീയതി ആഭ്യന്തരവകുപ്പുമന്ത്രി മി. ബി. എൻ. ദത്താർ തിരുവനന്തപുരം രാജഭവനിൽ വച്ചു നടത്തിയ ഒരു പ്രസ്‌കോൺഫറൻസിലാണു് ഈ പ്രശ്നത്തിനു വ്യക്തമായ ഒരു മറുപടിയായി ഹൈന്ദവ പിന്നോക്ക വിഭാഗക്കാർക്കു നൽകുന്ന എല്ലാ സൗജന്യാനുകൂല്യങ്ങളും—വിദ്യാഭ്യാസസൗജന്യങ്ങളും ഗവമ്മെണ്ടു സർവ്വീസിൽ ഉദ്യോഗസംവരണവും ഉൾപ്പെടെയുള്ള എല്ലാ സൗജന്യാനുകൂല്യങ്ങളും—പ്രസ്തുത വിഭാഗങ്ങളിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്തിട്ടുള്ളവർക്കും ഇന്ത്യാ ഗവമ്മെണ്ടു നൽകുന്നതാണെന്നു കേന്ദ്രഗവമ്മെണ്ടിൻെറ പേർക്കുപ്രഖ്യാപിച്ചതു്. മതേതരരാഷ്ട്രമായ ഇന്ത്യയിൽ വർഗ്ഗത്തിൻേറയും മതത്തിൻേറയും വ്യത്യാസത്തെ ആധാരമാക്കി സൗജന്യങ്ങൾ നൽകാതിരിക്കുന്നതു് ആക്ഷേപാർഹമായിരിക്കുമെന്നും ഇക്കാര്യം സംബന്ധിച്ചു ഉത്തരവു കഴിയുന്നത്രവേഗം പ്രസിദ്ധപ്പെടുത്തുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

അതിൻെറഫലമായി ഇപ്പോൾ അവശക്രൈസ്തവ വിദ്യാർത്ഥികൾക്കു അനുവദിക്കുന്ന ഫീസ് സൗജന്യങ്ങളുടെ ഒരു വിശദവിവരണം ഫെബ്രുവരി 21-ാം തീയതി പ്രസിദ്ധീകരിച്ചിരിക്കുന്നു. അവ ഇപ്രകാരമാണു്:-

പ്രൈമറി സ്കൂളുകളിൽ ഗവമ്മെണ്ടു പുസ്തകങ്ങൾ യാതൊരു വിലയും പററാതെ അവശക്രൈസ്തവ വിദ്യാർത്ഥികൾക്കു സൗജന്യമായി നൽകുന്നതാണു്.

മിഡിൽ സ്കൂളുകളിൽ ലൈബ്രറി ഫീസ്, ഗെയിംഫീസ് മുതലായ സ്പെഷ്യൽ ഫീസുകളിൽനിന്നും ഇവരെ ഒഴിവാക്കുന്നതോടൊപ്പം തന്നെ ഒരു വിദ്യാർത്ഥിക്കു 25 ക ഗ്രാൻറായി നൽകുന്നതാണു്.

സെക്കണ്ടറി സ്കൂളുകളിൽ എല്ലാവിധ ട്യൂഷൻഫീസുകൾ, പരീക്ഷാഫീസുകൾ, മററു സ്പെഷ്യൽ ഫീസുകൾ എന്നിവയിൽനിന്നും ഒഴിവാക്കുന്നതോടൊപ്പം 40 ക. ഗ്രാൻറായി നൽകുന്നതാണു്. ഒരു വിദ്യാർത്ഥി ഒരു വർഷം ഒരു ക്ലാസിൽ തോററാലും അടുത്ത വർഷത്തേക്കും ഇവ നൽകുന്നതാണു്. എന്നാൽ രണ്ടു വർഷത്തിൽ കൂടുതൽ ഒരു ക്ലാസിൽ പഠിക്കുന്നതിനുള്ള സഹായങ്ങൾ അവർക്കു ലഭിക്കുന്നതല്ല.

പോസ്റ്റു് മട്രിക്കുലേഷൻ ക്ലാസുകളിൽ താഴെ പറയുന്ന ക്രമത്തിൽ ഗ്രാൻറു നൽകുന്നതാണു്: ഫസ്റ്റ് യൂണിവേഴ്സിററി ക്ലാസിൽ 30 ക. II യു. സി. യിൽ 25 ക. III യു. സി. യിൽ 35 ക. IV യു. സി. യിൽ 30 ക. ബി. ടി., പോസ്റ്റ് ഗ്രാഡുവേററു കോഴ്സുകൾ (ആർട്ടു് ആൻറു് സയൻസ്) 50 ക. ആയുർവേദം 60 ക. എഞ്ചിനീയറിങ്ങ് ഡിഗ്രി 75 ക. അഗ്രികൾച്ചർ 75 ക. വെററിനറി കോഴ്സ് 100 ക. മെഡിക്കൽ 125 ക. ഡിപ്ലോമാ കോഴ്സുകൾ 25 ക. സർട്ടിഫിക്കേററുകോഴ്സുകൾ 18 ക. ഈ ഉത്തരവു ഈ സ്കൂൾ വർഷാരംഭംമുതൽ പ്രാബല്യത്തിൽ വരുന്നതാണു്.

ഇപ്രകാരം മറേറാരോ രംഗങ്ങളിലും നിലവിലുള്ള വ്യത്യസ്തപരിഗണനകൾ ഉടനടി ഇല്ലാതാക്കുന്നതിനു നടപടികളെടുക്കുമെന്നു പ്രത്യാശിക്കുന്നു.

x x x

# എല്ലാവർക്കും പ്രത്യേകിച്ചു സ്ത്രീകൾക്കും വോട്ടുചെയ്യാനുള്ള സൗകര്യങ്ങൾ

വോട്ടവകാശമുള്ള ഓരോ പൗരനും പൊതുതിരിഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടതും വോട്ടു രേഖപ്പെടുത്തേണ്ടതും പ്രജാധിപത്യവ്യവസ്ഥയിൽ അനിവാര്യമായ കർത്തവ്യമാകുന്നു. അതുകൊണ്ടു് തിരിഞ്ഞെടുപ്പുസംബന്ധിച്ചു ഗവമ്മെണ്ടിനുള്ള അതിപ്രധാനമായ വ്യഗ്രത അതിനു ഏററവും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നുള്ളതിലാണു്. മുമ്പുണ്ടായിട്ടുള്ള തിരിഞ്ഞെടുപ്പുകളിലെ അനുഭവങ്ങളേയും പരിചയങ്ങളേയും അടിസ്ഥാനമാക്കി ഈ തിരിഞ്ഞെടുപ്പിൽ കൂടുതൽ സൗകര്യങ്ങൾ സജ്ജീകരിച്ചുകൊണ്ടിരിക്കുന്നു. എല്ലാവർക്കും സൗകര്യമായി പോയി വോട്ടുചെയ്യാവുന്നവിധം പോളിങ്ങ്ബൂത്തുകൾ ഏർപ്പെടുത്തുന്നതിനും, ഓരോ ബൂത്തുകളിലും തിക്കും തിരക്കും കൂടാതിരിക്കത്തക്കവണ്ണം വോട്ടറന്മാരുടെ എണ്ണം നിർണ്ണയിക്കുന്നതിനും മററും തൽഭാരവാഹികൾ ശ്രദ്ധിക്കുന്നുണ്ടു്. അതുകൊണ്ടു് സമയം പാഴാക്കാതേയും അനാവശ്യതാമസത്തിനിടയാക്കാതേയും ഓരോ ബൂത്തിലേക്കും നിർണ്ണയിക്കപ്പെട്ടിട്ടുള്ള വോട്ടറന്മാർ നേരത്തെതന്നെ സ്ഥലത്തെത്തി അവരുടെ വോട്ടിംഗു് നിർവ്വഹിക്കുന്നതിനു ശ്രദ്ധിക്കണമെന്നു അനുസ്മരിപ്പിക്കുന്നു. മുറപ്രകാരം പ്രിസൈഡിങ്ങ് ഓഫീസറുടെ അടുത്തുചെന്നു ബാലററ് പേപ്പർ വാങ്ങി പോളിങ്ങ് മുറിയിൽ പ്രവേശിച്ചു്, അവിടെ നിരത്തിവച്ചിരിക്കുന്ന പെട്ടികളിൽ പതിച്ചിട്ടുള്ള ചിഹ്നങ്ങൾ നോക്കി മനസ്സിലാക്കി അവരവർ ഏതു പാർട്ടിയേയോ വ്യക്തിയേയോ വിജയിപ്പിക്കുന്നതിനുദ്ദേശിക്കുന്നുവോ ആ സ്ഥാനാർത്ഥിക്കു നിർദ്ദേശിച്ചുകൊടുത്തിട്ടുള്ള അടയാളമുള്ള പെട്ടിയിൽ വിലയേറിയ വോട്ടു നിക്ഷേപിക്കുകയാണു ചെയ്യേണ്ടതു്.

സമ്മതിദായകരിൽ പകുതിവരുന്ന സ്ത്രീവോട്ടർമാർക്കാണു് വോട്ടുചെയ്യുവാൻ സാധാരണ അസൗകര്യം നേരിടുക. തന്മൂലം സ്ത്രീകളുടെ വോട്ടിംഗു് സംബന്ധിച്ചു ചില പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടു്. ഇപ്പോഴും പർദാസമ്പ്രദായം നിലവിലുള്ള പ്രദേശങ്ങളിൽ കഴിയുന്നിടത്തെല്ലാം സ്ത്രീകൾക്കു പ്രത്യേകം പോളിംഗു് ബൂത്തുകൾ ഏർപ്പെടുത്തുന്നതാണു്. കഴിഞ്ഞ തിരിഞ്ഞെടുപ്പിൽ 27000 പോളിങ്ങ്ബൂത്തുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിരുന്നു. സ്ത്രീകൾക്കും പുരു

# വിദ്യാഭ്യാസപ്രവർത്തനത്തിൽ ജനാധിപത്യത്തിനുള്ള സ്ഥാനം

(ജോൺ പി. മാത്യു പെരിയപ്പുറം, തൃശ്ശിനാപ്പള്ളി)

ജനാധിപത്യതത്വങ്ങളിൽക്രൂടിയുള്ള വിദ്യാഭ്യാസരീതി ജനാധിപത്യത്തിൻെറ ഉന്നമനത്തിനും, നിലനില്പിനും കൂടുതൽ സഹായകമാകുന്നുണ്ടു്. ഒരു സമുദായജീവിയാണു മനുഷ്യൻ. തന്മൂലം അവനു സമുദായത്തിലും ഒരു വ്യക്തിത്വമുണ്ടു്. എന്നാൽ കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളാകട്ടെ, ഈ വ്യക്തിത്വത്തിനു യാതൊരു സ്ഥാനവും നൽകുന്നില്ല. വ്യക്തിത്വത്തെ കടപിഴുതുകളയുവാനാണ് അവരുടെ ഉററശ്രമം. കമ്മ്യൂണിസ്റ്റ് "മാനിഫെസ്റ്റോ"യുടെ നിർമ്മാതാവായ കാൾമാർക്സ് പറയുന്നതു് അതൊരു മിഥ്യയാണെന്നും, ഒരു ക്രിസ്തീയപഠനം മാത്രമാണെന്നുമാണ്. ഹിററ്‌ലറുടെ നാസിസത്തിൻേറയും, മുസോലിനിയുടെ ഫാസിസത്തിൻേറയും അടിസ്ഥാനതത്വങ്ങളിലും, ഈ വ്യക്തിത്വത്തിനു യാതൊരു സ്ഥാനവും നൽകിയതായി നാം ചരിത്രങ്ങളിൽ കാണുന്നില്ല. എന്നാൽ ജനാധിപത്യരാജ്യങ്ങൾ വ്യക്തിത്വത്തെ വളരെ കൂടുതലായി ബഹുമാനിക്കുന്നുണ്ടു്. മനുഷ്യൻ രാഷ്ട്രത്തിൻെറ ഒരു ഘടകം മാത്രമല്ലെന്നും, അവനു ചില അവകാശങ്ങളും, കത്തവ്യങ്ങളും ഉണ്ടെന്നും, ഇവയെല്ലാം ഒരു നിശ്ചിതപരിധിയുണ്ടെന്നും, ഈ പരിധിക്കുള്ളിൽ ഒരു രാഷ്ട്രത്തിനും കൈകടത്തുവാനുള്ള അവകാശമില്ലെന്നും, ഓരോ പൗരനും മനസ്സിലാക്കിയാൽ മാത്രമേ ജനാധിപത്യം നിലനില്ക്കുകയുള്ളൂ.

ജനാധിപത്യത്തിൻെറ മറെറാരു തത്വമാണ് "സ്വാതന്ത്ര്യം". ജനാധിപത്യരാജ്യങ്ങളല്ലാത്ത റഷ്യാ, ചൈനാ മുതലായ കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലെ ജനങ്ങൾക്കു് സ്വാതന്ത്ര്യം എന്തെന്നുപോലും അറിയുവാൻ കഴിയുന്നില്ല എന്നതാണ് അവിടെ നടക്കുന്ന ഈ വിപ്ലവങ്ങളുടെയെല്ലാം അടിസ്ഥാനം. ഇതിൽനിന്നും അടിമത്തവും, സ്വാതന്ത്ര്യവും തമ്മിൽ പല വ്യത്യാസങ്ങളും ഉണ്ടെന്നു കാണാം. ഒരു വ്യക്തി രാഷ്ട്രത്തിൻെറ ഘടകമായിരിക്കുന്നിടത്തോളംകാലം അവനു് അഭിപ്രായസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം മതപരമായ സ്വാതന്ത്ര്യം ഇവയെല്ലാം അവകാശമുണ്ടു്. പക്ഷേ, സ്വാതന്ത്ര്യത്തെ പലരും ദുർവിനിയോഗിക്കുന്നതായി ഇന്നു നമുക്കു കാണുവാൻ കഴിയും. റഷ്യാ, ചൈനാ മുതലായ രാജ്യങ്ങൾ ജനസ്വാതന്ത്ര്യത്തെ അനാവശ്യമായി തടയുന്നു. തന്മൂലം രാഷ്ട്രത്തിൻെറ പുരോഗതി അവതാളത്തിലാകുകയും, അതു വ്യക്തികളുടെ വളർച്ചയെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങളാണ് ജനാധിപത്യരാജ്യങ്ങളിൽ മാറെറാലിക്കൊണ്ടുകൊണ്ടിരിക്കുന്നതു്. സാമ്പത്തികമായും മാനസികമായും വികസിക്കുവാനും, വളരുവാനുമുള്ള അവകാശം ഏവർക്കും തുല്യമാണെന്നു് ഇന്നത്തെ ജനാധിപത്യവാദികൾ ഉദ്ഘോഷിക്കുന്നു. എന്നാൽ കമ്മ്യൂണിസ്റ്റ്‌വാദികൾ കെട്ടിപ്പടുക്കുവാൻ ഉദ്ദേശിക്കുന്ന സമത്വം തെററായ മാർഗ്ഗത്തിലേക്കുള്ള ഒരു കെണിവയ്പ്പാണ്. സമത്വം എന്നു പറയുന്നതു് യാന്ത്രികമായ ഒന്നല്ല. മനുഷ്യൻെറ സ്വഭാവത്തിൻേറയും, കഴിവിൻേറയും സമ്യക്കായ വികസനമാണ് സമത്വം. ഇങ്ങനെ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം ഇവയാൽ അധിഷ്ഠിതമായ ഒന്നാണ് ജനാധിപത്യം.

ജനാധിപത്യത്തെ ധാർമ്മികമൂല്യം എന്നൊരു ഘടകം പുരോഗമിപ്പിക്കുന്നുണ്ടു്. അതുകൊണ്ടായിരിക്കും ജനാധിപത്യം ക്രിസ്തുമതത്തിൻെറ കണ്ടുപിടുത്തമാണെന്നു പറഞ്ഞു കാൾമാർക്സ് എതിർക്കുന്നതു്. ജനാധിപത്യരാജ്യങ്ങളിലെ ഭരണഘടന പരിശോധിച്ചാൽ ഇതിനു നൽകിയിരിക്കുന്ന പ്രാധാന്യം മനസ്സിലാക്കാം. സംസ്കാരത്തിൻെറ പ്രധാനമായ അസ്തിവാരം ധാർമ്മികസൗന്ദര്യമാണ്.

ജനാധിപത്യം ജനസ്വാതന്ത്ര്യത്തെ കൂടുതൽ ആദരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്നു. എന്നാൽ കമ്മ്യൂണിസ്റ്റാദർശികൾ ചാരസംഘത്തെപ്പോലെ ജനാധിപത്യത്തിൻെറ പേരുംപറഞ്ഞു് സ്വാതന്ത്ര്യത്തിനുവേണ്ടി നടക്കുകയും ഒടുവിൽ സ്റ്റാലിൻെറ കുതുക്കുവിദ്യകൾ പ്രയോഗിച്ചു് ജനാധിപത്യരാജ്യത്തെ കൈക്കലാക്കുകയും ചെയ്യുന്നു. ഇങ്ങനെ നമ്മുടെ സ്വാതന്ത്ര്യം കമ്മ്യൂണിസ്റ്റ്‌കരവലയത്തിൽപ്പെട്ടാൽ ഉയർന്നുവരുന്ന തലമുറയ്ക്കു അതിൽനിന്നും രക്ഷപെടുവാനുള്ള കരുത്തു കുറവായിരിക്കും. അതിനാൽ ഉയർന്നുവരുന്ന തലമുറയെ ജനാധിപത്യാദർശങ്ങളുടെ തണലിൽ വളർത്തേണ്ടതു് ഓരോ വിദ്യാഭ്യാസപ്രവർത്തകൻേറയും ചുമതലയാണ്. ഇങ്ങനെ ഭാവിലോകത്തിനു് ജനാധിപത്യാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസം നൽകാത്ത പക്ഷം നമ്മുടെ ഭാവി ഇരുളടഞ്ഞതായിരിക്കും.

---

ഷന്മാർക്കും യോജിച്ചുള്ള ബൂത്തുകളിൽ ഇരുകൂട്ടരേയും ഇടയ്ക്കിടെ ഓരോ ബാച്ചുകളായി ഉള്ളിൽ പ്രവേശിപ്പിക്കണമെന്നു പ്രിസൈഡിങ്ങ് ഓഫീസർമാർക്കു നിർദ്ദേശം നൽകിയിരുന്നു. ഇതിനു പുറമേ, സാധിക്കുന്നിടത്തെല്ലാം വനിതാ സമ്മതിദായകരെ സഹായിക്കുന്നതിനായി ഒരു സ്ത്രീയെ നിയമിക്കണമെന്നും ആഫീസർമാരോടു നിർദ്ദേശിച്ചിരുന്നു.

ഭരണഘടനയനുസരിച്ചു്, അവശത, പൗരത്വം നഷ്ടപ്പെടുന്നതിനു ഒരു കാരണമാകുന്നില്ല. അതിനാൽ അംഗവൈകല്യമുള്ളവർ ശ്രദ്ധിക്കപ്പെടേണ്ടിയിരിക്കുന്നു. അന്ധതയോ മറേറതെങ്കിലും ശരീരാവശതയോമൂലം തനിക്കിഷ്ടമുള്ള സ്ഥാനാത്ഥിയുടെ പെട്ടി കണ്ടുപിടിക്കാനും അതിൽ ബാലറപേപ്പർ നിക്ഷേപിക്കാനും കഴിവില്ലാത്ത സമ്മതിദായകരെ പ്രിസൈഡിങ്ങ് ഓഫീസർ സഹായിക്കണമെന്നു നിയമത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നു. ഇത്തരം കേസുകളിൽ ഓഫീസർ വോട്ടറോടൊപ്പം പോളിംഗ്‌മുറിയിൽ പോകേണ്ടതും അയാൾ വോട്ടുചെയ്യാനിഷ്ടപ്പെടുന്ന സ്ഥാനാത്ഥിയുടെ പേരു് രഹസ്യമായി മനസ്സിലാക്കിയതിനുശേഷം അയാളുടെ ഇഷ്ടമനുസരിച്ചു വോട്ടു രേഖപ്പെടുത്തേണ്ടതുമാണ്. ഉദ്യോഗസ്ഥന്മാർ വോട്ടിൻെറ രഹസ്യം പാലിക്കണമെന്നു നിയമത്തിൽ അനുശാസിച്ചിട്ടുണ്ടു്. നിരക്ഷരനോ അവശനോ ആയ ഒരു സമ്മതിദായകനു തപാൽവഴി വോട്ടു രേഖപ്പെടുത്തണമെങ്കിൽ അതിനും വ്യവസ്ഥയുണ്ടു്. നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള ഓഫീസർമാരെക്കൊണ്ടു് അവർക്കു രഹസ്യമായി വോട്ടുരേഖപ്പെടുത്താനും ഡിക്ലറേഷൻ ഒപ്പിടാനും കഴിയും. ഡിററൻഷനിലിരിക്കുന്ന സമ്മതിദായകന്മാർക്കുപോലും രഹസ്യമായി വോട്ടുചെയ്യാൻ സൗകര്യങ്ങൾ നൽകിയിരിക്കുന്നു. അവരുടെ തപാൽ ബാലറപേപ്പറുകൾ ജയിൽസൂപ്രണ്ടോ, ഡിററൻഷൻക്യാമ്പു കമാൻഡറോ അററസ്റ്റ്‌ചെയ്യുന്നതായിരിക്കും. ഇങ്ങനെ എല്ലാ പൗരന്മാർക്കും സമ്മതിദാനകർമ്മം ഇഷ്ടാനുസരണം രഹസ്യമായി നൽകുന്നതിനു ചെയ്യപ്പെട്ടിട്ടുള്ള സൗകര്യങ്ങൾ യഥാവിധി വിനിയോഗിച്ചു നമ്മുടെ ജനാധിപത്യഭരണക്രമത്തെ വിജയിപ്പിക്കുന്നതിനു പൗരബോധത്തോടുകൂടി നമുക്കു പ്രവർത്തിക്കാം.

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

28 വ്യാ: വി. പൗസ്തീനോസും യോബിത്തായും

മാർച്ചു്

1 വെ: വി. അൽബീനൂസ്

2 ശ: 12-ാം പീയൂസ് പാപ്പായുടെ തിരിഞ്ഞെടുപ്പു്

3 ഞാ: 50-ാം ഞായർ

4 തി: വി. കസ്മീറോസ്

5 ചൊ: വി. ലൂസിയോസ്

6 ബു: വിഭൂതി

# വിവിധവൃത്താന്തങ്ങൾ

## നസറത്തിലേക്കു്

തിരുക്കുടുംബം ജീവിച്ചിരുന്ന നസറത്തിലെ ജനങ്ങളിൽ 90 ശതമാനവും ക്രിസ്ത്യാനികളാണെങ്കിലും അവർ തീർത്തും ദരിദ്രരാണ്. അവർക്കു ഒരു ആശുപത്രിയും, പള്ളിക്കൂടവും അനാഥശാലയും അത്യന്താപേക്ഷിതമാണെങ്കിലും അതു പണിയുന്നതിനു് അവർക്കു നിവൃത്തിയില്ലാതാണിരിക്കുന്നതു്. ജർമ്മൻജനങ്ങളോടായി ബിഷപ്പ് ഹക്കിം തിരുമേനി ചെയ്തിരിക്കുന്ന ഒരഭ്യർത്ഥനയിൽ ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കൊളോൺ മെത്രാപ്പോലീത്താ കർദ്ദിനാൾ ഫ്‌റിൻജസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിററി നസറത്തുസമുദ്ധാരണത്തിനുവേണ്ടി രൂപവത്കൃതമായിട്ടുണ്ടു്.

## വത്തിക്കാനിൽ ഫിലിപ്പൈൻ സ്ഥാനപതി

വത്തിക്കാനിൽ ഫിലിപ്പൈനിൻെറ ഒരു സ്ഥാനപതി അടുത്തുതന്നെ നിയമിതനാകുമെന്നു് ഫിലിപ്പൈൻപ്രസിഡണ്ടു് മഗ്‌സേസെ പ്രഖ്യാപിച്ചിരിക്കുന്നു. ഈ സംരംഭത്തെ വത്തിക്കാൻ സഹർഷം സ്വാഗതംചെയ്യുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. പൗരസ്ത്യഏഷ്യയിലെ ഏക കത്തോലിക്കാരാജ്യമാണ് ഫിലിപ്പൈൻസ്. കഴിഞ്ഞകൊല്ലം ആ രാജ്യം തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെടുകയുണ്ടായി. വത്തിക്കാൻെറ ഒരു നൺഷിയോ മാനിലായിലുണ്ടെങ്കിലും, ഫിലിപ്പൈനു വത്തിക്കാനിൽ ഇതുവരെ സ്ഥാനപതി ഇല്ലാതിരിക്കുകയാണ്.

## ബോധരഹിതരായ രോഗികൾ

അടുത്ത ഞായറാഴ്ച പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് വൈദ്യ-സന്മാർഗ്ഗസംബന്ധമായ ഒരു പ്രശ്നത്തെപ്പററി അതിപ്രധാനമായ ഒരു പ്രഖ്യാപനംചെയ്യുന്നതാണ്. റോമയിൽ സമ്മേളിക്കുന്ന "സർജൻസ് ആൻറ് അനസ്തീററിസ്റ്റ്‌സ്" സർവ്വരാജ്യസമ്മേളനത്തിൽ സംബന്ധിക്കുന്ന പ്രതിനിധികൾ തിരുമേനിയെ സന്ദർശിക്കുമ്പോഴായിരിക്കും ഈ പ്രഖ്യാപനം ചെയ്യുക. പൊറുക്കാത്ത രോഗമുള്ളവരെ വളരെയേറെനേരത്തെ ബോധരഹിതരാക്കുന്ന സമ്പ്രദായം അനുവദിക്കത്തക്കതാണോ അല്ലയോയെന്നു തദവസരത്തിൽ തിരുമേനി പ്രസ്താവിക്കുന്നതാണ്. ഇററലിയിലെ കത്തോലിക്കാപ്രവർത്തകസംഘം പ്രസിഡൻറും റോമയിലെ മെൻറൽ ഇൻസ്റ്റിററ്യൂട്ടിൻെറ മേധാവിയുമായ പ്രൊഫസർ ലൂയിജി ഗെഡായാണ് ഈ സർവ്വരാജ്യസമ്മേളനം വിളിച്ചുകൂട്ടിയിരിക്കുന്നതു്.

## "ഏററം വലിയ അമരക്കാരനു്"

മെൽബോൺ ഒളിമ്പിക്‌മത്സരത്തിൽ പ്രശസ്തമായ വിജയംവരിച്ച സമ്മാനാർഹരായ ഇററാലിയൻ റോവിങ്ങ്‌ടീമിൽപ്പെട്ട നാലുപേർ ഇററലിയിൽ തിരിച്ചെത്തിയ ഉടനെ പരിശുദ്ധ പിതാവിനെ സന്ദർശിക്കുകയുണ്ടായി. അവർ തങ്ങളുടെ ബോട്ടിൻെറ ഒരു മാതൃക പരിശുദ്ധ പിതാവിനു സമ്മാനിച്ചിരിക്കുന്നു. അതിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടു്: "പത്രോസിൻെറ മൗതികബോട്ടിൻെറ ഏററവും വലിയ അമരക്കാരനായ പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലേക്കു്."

## സർവ്വകലാശാലക്കാരോടു്

മെക്സിക്കോയിലെ പുതിയ ഇബറോ-അമേരിക്കൻ സർവ്വകലാശാലാ അംഗങ്ങൾ—ഇവർ തെക്കേ അമേരിക്കയുടെ വിവിധഭാഗങ്ങളിൽ പെട്ടവരാണ്—വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ച അവസരത്തിൽ തിരുമേനി അവരോടിങ്ങനെ പ്രസ്താവിച്ചു: "യഥാർത്ഥശാസ്ത്രത്തെ ആദരപൂർവ്വം സ്വീകരിക്കുക; എന്നാൽ ഒരിക്കലും ദൈവേഷ്ടപ്രസാദത്തിനു ഉപരിയായി പ്രതിഷ്ഠിക്കരുതു്. പുരോഗതികൊണ്ടു് ഭയപ്പെടാത്ത, എന്നല്ല അതുമൂലം കൂടുതൽ ഉറച്ചതും ശക്തവും സുന്ദരവുമായിത്തീരുന്ന, യഥാർത്ഥവിശ്വാസത്തിൻെറ പ്രകാശം എവിടെ എല്ലാ സത്യങ്ങളും ഒരേ സത്യത്തിലേക്കു കേന്ദ്രീകരിക്കുന്നുവോ അവിടേക്കു നിങ്ങളുടെ പാദങ്ങളെ നയിക്കട്ടെ."

## പോളിഷ് തിരിഞ്ഞെടുപ്പു്

പോളണ്ടിലെ പുതിയ തിരിഞ്ഞെടുപ്പിൻെറ ഫലമായി 52 ശതമാനം സീററു് തനിക്കമ്മ്യൂണിസ്റ്റുപാർട്ടിക്കു ലഭിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ്‌പാർട്ടിയോടു് അഫിലിയേററു ചെയ്തിട്ടുള്ള യുണൈറഡ് പെസൻറുപാർട്ടിക്കു 25-ം, ഡെമോക്രാററിക്‌പാർട്ടിക്കു് 8-ം ശതമാനം സീററുകിട്ടി. ബാക്കി 15 ശതമാനമാണ് പാർട്ടിബന്ധത്തിൽ പെടാത്തവർക്കു ലഭിച്ചിരിക്കുന്നതു്. ഇതിൽ കത്തോലിക്കാപ്രതിനിധികളും ഉൾപ്പെടുന്നു. "യഥാർത്ഥത്തിൽ സ്വതന്ത്രമായ ഒരു തിരിഞ്ഞെടുപ്പു നടത്തുന്നപക്ഷം ഒരു കത്തോലിക്കാപാർട്ടി മഹാഭൂരിപക്ഷം സീററുകളും അടിച്ചെടുക്കു"മെന്ന കമ്മ്യൂണിസ്റ്റ്‌നേതാവായ ഗോമുൽക്കായുടെ പ്രസ്താവന ഇവിടെ അനുസ്മർത്തവ്യമാണ്. സോവ്യററുസൈന്യത്തിൻെറ നേതൃത്വത്തിലുള്ള ഒരു കമ്മ്യൂണിസ്റ്റുപാർട്ടി അധികാരത്തിൽ വരാതിരിക്കുന്നതിനുവേണ്ടി ഗോമുൽക്കായുടെ പാർട്ടിയെ ജനങ്ങൾ തിരഞ്ഞെടുക്കുകയാണു ചെയ്തതു്.

## വത്തിക്കാൻ റേഡിയോ

വത്തിക്കാൻറേഡിയോ വിപുലീകരണം ഇക്കൊല്ലം പൂർത്തിയാകുന്നതാണ്. റോമയിൽനിന്നു 12 മൈൽ വടക്കാണ് പുതിയ സ്റ്റേഷൻ. ഇററലി, സ്വിററ്‌സർലൻഡ്, ജർമ്മനി, ഹോളണ്ടു് ഈ രാജ്യങ്ങൾ നൽകിയിട്ടുള്ള യന്ത്രങ്ങളാണ് ഇതിലേക്കുപയോഗിക്കുന്നതു്. വത്തിക്കാൻ റേഡിയോപ്രക്ഷേപണം അടുത്ത കാലങ്ങളിൽ വളരെ വർദ്ധിച്ചിട്ടുണ്ടു്. കഴിഞ്ഞ കൊല്ലം 14 മിനിററുനേരത്തേക്കുള്ള 12000 പ്രസംഗങ്ങൾ 28 ഭാഷകളിലായി പ്രക്ഷേപണം ചെയ്യുകയുണ്ടായി.

## ഭാര്യയോ വിധവയോ?

രണ്ടാംലോകമഹായുദ്ധത്തിൽ സേവനത്തിനുപോയ ഭർത്താക്കന്മാർ മരിച്ചോ ജീവിച്ചിരിപ്പുണ്ടോ എന്നു് നിശ്ചയമില്ലാത്തവരായ ഭാര്യമാരുടെ കാര്യം യൂറോപ്പിൽ ഒരു പ്രശ്നമായിരിക്കുകയാണ്. ഇതേപ്പററി അന്വേഷിക്കുന്നതിനു കൂദാശകളുടെ തിരുസംഘം ഒരു കമ്മീഷനെ നിയമിച്ചിരിക്കുന്നു. യുദ്ധം അവസാനിച്ചിട്ടു് 10 വർഷം കഴിഞ്ഞെങ്കിലും പലരെപ്പററിയും ഇനിയും വിവരം കിട്ടാതെയുണ്ടു്. തന്മൂലം തങ്ങൾ ഭാര്യമാരോ വിധവകളോയെന്നു അവരുടെ ഭാര്യമാർക്കു തിട്ടപ്പെടുത്തിക്കൂടാതാണിരിക്കുന്നതു്. ഭർത്താവു മരിച്ചുവെന്നു തിട്ടമായി അറിയാതെ പുനർവിവാഹം സാദ്ധ്യമല്ലല്ലോ. യുദ്ധാനന്തരം മൂന്നു കൊല്ലത്തിനകം മടങ്ങിവരാത്തയാൾ മരിച്ചതായിട്ടാണ് സിവിൽനിയമം കണക്കാക്കുക. പക്ഷെ മരിച്ചുവെന്നതിനു തെളിവുകിട്ടാതെ കാനൻനിയമം അതു സമ്മതിക്കുകയില്ല.

## 'മരിച്ച' മെത്രാൻ തിരിച്ചെത്തി

മരിച്ചുവെന്ന വിവരം പരസ്യം ചെയ്തു 11 കൊല്ലം കഴിഞ്ഞപ്പോൾ, ലിത്വാനിയായിലെ തിയോഫിലിസ് മാത്തുലിയോണിസ് മെത്രാൻ സജീവനായി തിരിച്ചെത്തിയിരിക്കുന്നു. 16 കൊല്ലം അദ്ദേഹം ജയിലിലായിരുന്നു. പെട്രോഗ്രാഡിലെ വൈദികനായിരുന്ന അദ്ദേഹത്തെ 1922-ൽ അറസ്റ്റുചെയ്യുകയും 3 കൊല്ലത്തെ തടവിനു ശിക്ഷിക്കുകയുംചെയ്തു. 1929-ൽ വീണ്ടും അറസ്റ്റുചെയ്യപ്പെട്ടു. ഇതിനകം രഹസ്യമായി അദ്ദേഹം മെത്രാനായിക്കഴിഞ്ഞിരുന്നു. ഇത്തവണ പത്തുകൊല്ലത്തേക്കാണു ശിക്ഷിച്ചതു്. 1933-ൽ 10 കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടി ലിത്വാനിയൻഗവർമ്മെൻറുമായി നടത്തപ്പെട്ട ഒരു കൈമാററത്തിൽ ബിഷപ്പ് മാത്തുലിയോണിസ് ബന്ധനമുക്തനായി. 1945-ൽ ലിത്വാനിയാ റഷ്യയ്ക്കധീനമായപ്പോൾ, കൂട്ടനാടുകടത്തൽ നടന്നുകൊണ്ടിരുന്നതിനിടയിൽ അദ്ദേഹം അപ്രത്യക്ഷനായി. അദ്ദേഹത്തെ കമ്മ്യൂണിസ്റ്റുകാർ വധിച്ചുവെന്നാണു കരുതപ്പെട്ടിരുന്നതു്.

## ഫാത്തിമാകുട്ടികളുടെ പിതാവു്

1917-ൽ ഫാത്തിമായിൽവച്ചു പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട മൂന്നു കുട്ടികളിൽ ജസീന്താ, ഫ്‌റാൻസെസ്കോ എന്നിവരുടെ പിതാവായ മാനുവൽ പെഡ്‌റോ മാർത്തോ 83-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ഫാത്തിമാ സന്ദർശിച്ചിട്ടുള്ള ലോകത്തിലെ അനേകായിരം തീർത്ഥകർക്കു സുപരിചിതനായ ഒരു വ്യക്തിയാണ് സീനോർ മാർത്തോ. ആ കുട്ടികളുടെ മാതാവായ ഒളിംപിയാ ഡെ ജീസസ് മാർത്തോ

കഴിഞ്ഞ ഏപ്രിൽമാസത്തിലാണു് നിര്യാതയായതു്. ആ കുട്ടികളിൽ ഫ്രാൻസെസ്ക്കാ 1919-ലും ജസീന്താ 1920-ലും നിര്യാതരായി. അവശേഷിച്ച ലൂസിയാകട്ടെ കോയിംബ്രായിൽ ഒരു കമ്മലീത്താ കന്യാസ്ത്രീയുമാണു്.

## കർദ്ദിനാളിനെ മോചിപ്പിക്കാൻ

യൂഗോസ്ലാവിയായിലെ മെത്രാന്മാർ, അവരുടെ അടുത്തകാലത്തു കൂടിയ വാർഷികകോൺഫറൻസിൽവച്ചു സാഗ്രബ്ബു് മെത്രാപ്പോലീത്താ കർദ്ദിനാൾ സ്റ്റെപ്പിനാക്കു് തിരുമേനിക്കു പരിപൂർണ്ണസ്വാതന്ത്ര്യം നൽകുവാൻ യൂഗോസ്ലാവ്യ് ഗവമ്മെൻറിനോടു് അഭ്യത്ഥിച്ചിരിക്കുന്നു. ജമ്മൻകാരുമായി സഹകരിച്ചുവെന്ന കുററംചുമത്തി 1946-ൽ 16 കൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ച കർദ്ദിനാൾ തിരുമേനിയെ നാലരക്കൊല്ലത്തെ തടവിനുശേഷം മോചിപ്പിക്കുകയുണ്ടായി. സ്വന്തം ജന്മഗ്രാമത്തിൽ താമസിക്കുവാനുള്ള സ്വാതന്ത്ര്യമാണു് ഇപ്പോൾ അദ്ദേഹത്തിനുള്ളതു്. ഇപ്പോൾ ബാഹ്യലോകവുമായി സമ്പക്കം പുലത്തുക സാദ്ധ്യമല്ലാത്തവണ്ണം പോലീസുകാവലുണ്ടു്. മാർഷൽ ടിറേറായുടെ ഗവർമ്മെൻറും സഭയുമായുള്ള ബന്ധം അഭിവൃദ്ധിപ്പെടാനിടയുണ്ടെന്നു ചില റിപ്പോർട്ടുകളിൽ കാണുന്നു.

## പുസ്തകാഭിപ്രായം

### കൂനൻകുരിശുസത്യം

[ഗ്രന്ഥകത്താ: ഫാദർ തോമസ് വടശ്ശേരി എൽ. ഡി. പ്രസാധകർ: സി. പി. ബ്യൂറോ, ആലുവാ ഗ്രനാത്തു് P. O വില 2 ണ]

വെരി റവ. ഫാദർ തോമസ്സ് വടശ്ശേരി എൽ. ഡി കേരളകത്തോലിക്കാവൈദികരിൽ ഒരു മികച്ച എഴുത്തുകാരനാണു്. അദ്ദേഹത്തിൻെറ "കത്തോലിക്കാസഭയും യാക്കോബായവാദങ്ങളും", "എൻെറ തെരഞ്ഞെടുപ്പിന്റെ പ്രസംഗം", "കൽക്കദോനിയാസൂനഹദോസ് അഥവാ യാക്കോബായസഭയുടെ ഉത്ഭവം", "മലങ്കരയാക്കോബായക്കാർ ഏകസ്വഭാവവാദികളോ", "വി. കുർബാനയും അകത്തോലിക്കാസഭകളും" ആദിയായ പല പുസ്തകങ്ങൾക്കും ശരിയായ മറുപടി അകത്തോലിക്കർ എഴുതിയിട്ടുള്ളതായി കാണുന്നില്ല. തെളിവുകളും, യുക്തികളും, വളരെ സ്പഷ്ടമായും ശക്തിയായും പ്രസ്പഷ്ടമാക്കുന്നതിനു് അദ്ദേഹത്തിൻെറ അസാമാന്യമായ കഴിവുകളുടെ മുമ്പാകെ പ്രതിയോഗികൾ രോഷാകുലരാകുകമാത്രമാണു ചെയ്യുന്നതു്.

ഇദ്ദേഹത്തിൻെറ "കൂനൻകുരിശുസത്യം" എന്ന ഈ ചെറുപുസ്തകം, കേരളത്തിലെ അകത്തോലിക്കരുടെ ഇടയിൽ ഉണ്ടായിരിക്കുന്ന വലിയൊരു തെററിദ്ധാരണയെ ഏതൊരു സത്യാന്വേഷിക്കും എത്രയും വെളിവാകുന്ന വിധത്തിൽ ദൂരീകരിക്കുന്നതിനു പയ്യാപ്തമായിട്ടുണ്ടു്. വെറും 2 ണ മാത്രം വിലയുള്ള ഈ പുസ്തകം കത്തോലിക്കർ വായിക്കുന്നതും, അകത്തോലിക്കർക്കു് വിതരണം ചെയ്യുന്നതും സത്യത്തിൻെറ ഒരു പ്രേഷിതവൃത്തിയായിരിക്കും. കൂനൻകുരിശുസത്യം ചെയ്തവർ കത്തോലിക്കരായിരുന്നുവെന്നും, പിന്നീടു് വേർപെട്ടുപോയ ജനവിഭാഗത്തിനു പട്ടംകിട്ടുവാൻ മാർഗ്ഗം കിട്ടാതെ വിഷമിച്ചപ്പോൾ യാക്കോബായപാത്രിയക്കീസിനാൽ അയക്കപ്പെട്ട മാർ ഗ്രീഗോറിയോസ്മൂലം യാക്കോബായശൃംഖല അവരുടെ കൈയിൽ വന്നു പെട്ടതാണെന്നും പ്രസ്തുത പുസ്തകത്തിൽ എത്രയും വിശദമാക്കിയിട്ടുണ്ടു്. പോർട്ടുഗീസുകാരോടും അവരോടു യോജിച്ചുനിന്ന ഈശോസഭക്കാരായ പൗളിസ്റ്റർ എന്നു് അറിയപ്പെട്ടിരുന്ന പുരോഹിതസ്ഥാനികളോടും ബാബേലിലെ കത്തോലിക്കാപാത്രിയക്കീസിൻെറ കീഴിൽ ജീവിച്ചിരുന്ന കൽദായസുറിയാനിക്കാർ മത്സരിച്ച ഒരു രംഗമാണു് കൂനൻകുരിശുസത്യം. അല്ലാതെ മാർപ്പാപ്പായോടോ, കത്തോലിക്കാ വിശ്വാസത്തോടോ ഉണ്ടായ മത്സരമല്ലായിരുന്നു അതു്. ഈ സത്യങ്ങളെ അറിഞ്ഞു അനാവശ്യവാശി വച്ചുപുലത്താതെ ഏകസഭയോടു് പുനരൈക്യപ്പെട്ടു നിത്യഭാഗ്യം അനുഭവിപ്പാൻ കേരളത്തിലെ അകത്തോലിക്കർക്കു് ഭാഗ്യമുണ്ടാകട്ടെ.

(റവ. വി. സി ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ)

## ഇടവകവാർത്തകൾ

എറണാകുളം: സ്ഥലത്തെ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ തിരുനാളാഘോഷത്തോടനുബന്ധിച്ചു അതിൻെറ 30 ാം വാർഷികസമ്മേളനം ഫെബ്രുവരി 17-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു് 5 മണിക്കു് സ്ഥലം പള്ളി അങ്കണത്തിൽവെച്ചു് റവ. ഫാദർ അംബ്രോസ് സി ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ സാഘോഷം നടത്തപ്പെട്ടു തദവസരത്തിൽ ബാലികാബാലന്മാരുടെ കലാപ്രകടനങ്ങളും യോഗാനന്തരം സൊഡാലിററി അംഗങ്ങളുടെ "തപ്പബാഷ്പം" എന്ന പ്രഹസനാഭിനയവും ഉണ്ടായിരുന്നു പ്രഹസനത്തിൽപ്രധാനനടീനടന്മാർക്കു് സ്ഥലത്തെ ഒരു പ്രമുഖാംഗമായ കെ. ശങ്കരമാരാർ അവർകളുടെ വകയായി സമ്മാനദാനം നിവ്വഹിക്കയുണ്ടായി.

പത്തനംതിട്ട: സ്ഥലം സെൻറു് പീറേറഴ്സ് ദേവാലയത്തിലെ തിരുനാളും അതിനോടനുബന്ധിച്ചു 14-ാംനു മുതൽ നടത്തിയ പ്രസംഗമഹായോഗവും 17-ാംനു ഞായറാഴ്ച ലീജിയൻ കൂരിയായുടെ 3-ാമത്തെ വാർഷികവും മംഗളമായി പയ്യവസാനിച്ചിരിക്കുന്നു. വിസ്തൃതമായ പള്ളിയങ്കണത്തിൽ തയ്യാറാക്കിയിരുന്ന വിശാലമായ പന്തലിൽവച്ചു വ്യാഴാഴ്ചയും വെള്ളിയാഴ്ചയും കത്തോലിക്കാസഭയെപ്പററി അകത്തോലിക്കരുടെ ആരോപണങ്ങളെ പരാമശിച്ചു റവ. ഫാ. തോമസ് വടശ്ശേരിയും റവ ഫാ. സി. മാത്യു ഏഴാനിക്കാട്ടു് ബി. എസ്സി ബി. ടി. യും ഉജ്ജ്വലത്തായ പ്രസംഗങ്ങൾ നടത്തി. ശനിയാഴ്ച മഹാവന്ദ്യ ദിവ്യശ്രീ ബനഡിക്ടു് മാർ ഗ്രിഗോറിയോസു തിരുമേനിയും ഈവാനിയോസ് കോളേജു് പ്രിൻസിപ്പാൾ റവ. ഫാ ഫ്രാൻസിസ് കാളാശ്ശേരിയും ചെയ്ത പ്രസംഗങ്ങൾ കത്തോലിക്കരും അകത്തോലിക്കരുമായ വമ്പിച്ച ജനാവലിയെ പ്രബുദ്ധരാക്കി. ഞായറാഴ്ച രാവിലെ പൊന്തിഫിക്കൽ കുർബാനയും പൊതുവായ ദിവ്യകാരുണ്യസ്വീകരണവും നടന്നു. അനന്തരം രണ്ടര മണിക്കു അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂരിയായുടെ വാർഷികമഹായോഗം കൂടി. 40-ൽ പരം പ്രസീദിയങ്ങളിൽ നിന്നു അംഗങ്ങളും അനുഭാവികളും അതിൽ സംബന്ധിച്ചിരുന്നു. റവ. ഫാ. ഫ്രാൻസിസ് കാളാശ്ശേരി എം. എസ്. സിയും റവ. ഫാ. തോമസ് കരിയിൽ ബി. എ ബി. ടി യും പ്രസംഗിച്ചു. കുട്ടികളുടെ വിനോദകലാപരിപാടികളുമുണ്ടായിരുന്നു.

മേവെള്ളൂർ: സ്ഥലം പള്ളിയിൽ "മാതൃസംഘ"ത്തിൻെറ ഒരു ശാഖ ഫെബ്രുവരി 17-ാംനു റവ ഫാ. ജോസഫ് മാവുങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥാപിതമായി. അദ്ദേഹം ചെയ്ത പ്രസംഗത്തിൽ ആധുനികയുഗത്തിലെ സാമൂഹികപ്രശ്നങ്ങളുടെ പരിഹാരത്തിനു മാതൃസംഘം എപ്രകാരം പ്രയോജകീഭവിക്കുന്നുവെന്നു വിശദമാക്കി. തദനന്തരം കൂടിയ മാതാക്കളുടെ യോഗത്തിൽവച്ചു് സംഘത്തിൻെറ ഉദ്യോഗഭാരവാഹികളെ തിരിഞ്ഞെടുക്കുകയും സന്നിഹിതരായിരുന്നവക്കു വിശുദ്ധ ജെരാർദു് മജെല്ലായുടെ മെഡൽ വിതരണം ചെയ്യുകയും ചെയ്തു.

മേവെള്ളൂർ വാലയിൽ ശ്രീ ജോസഫിൻെറ മകൻ വക്കച്ചനും അരുന്ധതി ഗുരുമംഗലം അമ്പലത്തുംകാലായിൽ ശ്രീ മത്തായി മകൾ മറിയയും തമ്മിലുള്ള വിവാഹം മേവെള്ളൂർ പള്ളിയിൽ വച്ചു് ഫെബ്രുവരി 5-ാംനു നടന്നു വെരി റവ ഫാദർ ജോസഫ് വളമംഗലം അവർകൾ വിവാഹകമ്മം ആശീവ്വദിച്ചു

പൊൻകുന്നം: എസ്. എച്ച്. മിഡിൽസ്കൂൾ വാർഷികസമ്മേളനം വാഴൂർ കുതിരവട്ടം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മി. എൻ. ദാമോദരൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ കവിയൂർ ശ്രീരാമപിള്ള പ്രസംഗിച്ചു. കഥാപ്രസംഗം, ഡാൻസ്, സംഗീതം മുതലായ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

വെച്ചൂർ: ശ്രീ എ. കെ. സേവ്യർ അവർകളുടെ സഹോദരപുത്രനും പോലീസ് ഡിപ്പാർട്ടുമെൻറിലെ ഒരുദ്യോഗസ്ഥനും ആയ അന്നാശ്ശേരി മി. വറുഗീസ് സ്കറിയാച്ചനും കാവിൽപള്ളി ഇടവക കൊച്ചുപുരയ്ക്കൽ മി. ചാക്കോയുടെ പുത്രി കുമാരി കത്രിക്കുട്ടിയും തമ്മിലുള്ള വിവാഹം ഫെബ്രുവരി 18-ാംനു തിങ്കളാഴ്ച സ്ഥലം ഫൊ. പള്ളിയിൽവച്ചു സമംഗളം നടന്നു. വിവാഹകമ്മം ആശിർവ്വദിച്ചതു ഫാദർ പിലിപ്പോസ് കാനാട്ടു് അവർകളാണു്.

പരിയാരം: വിവിധ പത്രങ്ങളുടെ സ്ഥലം ഏജൻറായ ശ്രീ ആൻറണി പി വാടയ്ക്കത്തും പുത്തൻചിറപള്ളിഇടവക മുക്കാട്ടുക്കരക്കാരൻ വാറു മകൾ മർഗ്ഗരീത്തായും തമ്മിലുള്ള വിവാഹം പ്രമാണിച്ചു് വരൻെറ വീട്ടിൽവച്ചു് അദ്ദേഹത്തിൻെറ സ്നേഹിതന്മാക്കും സഹപ്രവത്തകന്മാർ മുതലായവക്കും ടീപാർട്ടി നടത്തുകയുണ്ടായി.

വാഴൂർ: ചെങ്കൽപ്പള്ളിയിലെ തിരുഹൃദയത്തിരുനാൾ ഭംഗിയായി കൊണ്ടാടപ്പെട്ടിരിക്കുന്നു. വേസ്പരപ്രദക്ഷിണത്തിനുശേഷം റവ ഫാദർ ജേക്കബ്ബു് വെള്ളരിങ്ങാട്ടിൻെറ പ്രസംഗവും മി. ജോസഫ് കൈമാപറമ്പൻെറ കഥാപ്രസംഗവുമുണ്ടായിരുന്നു.

അയർക്കുന്നം: സ്ഥലത്തെ ഇടവകപ്പള്ളിപണിപൂത്തിയാക്കുന്നതിനുള്ള ധനശേഖരത്തിനായി ശ്രീ കൈമാപറമ്പൻ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

മണിപ്പുഴ: ഈ പള്ളിയുടെ മാനേജുമെൻറിൽ മുക്കൂട്ടുതറയിൽ സ്ഥാപിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന സ്കൂൾകെട്ടിടത്തിൻെറ ഫണ്ടിനുവേണ്ടി മി ജോസഫ് കൈമാപറമ്പൻ മണിപ്പുഴ സ്കൂളിൽ വച്ചു് ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

## കേരളവാർത്തകൾ

തേയിലത്തോട്ടം തൊഴിലാളികളുടെ കുട്ടികൾക്കു നൽകിവരുന്ന സ്റ്റൈപ്പെൻഡു് അടുത്ത കൊല്ലവും തുടരുവാൻ ഇന്ത്യൻ ടീ ബോർഡു് തീരുമാനിച്ചിരിക്കുന്നു.

—പ്രതിവർഷം 850 ടൺ ഉണക്കപ്പുറവ ഇവിടെനിന്നും ബമ്മയിലേക്കു കയററി അയക്കാൻ സൗകര്യം ലഭിക്കുന്നതാണു്.

—കേരള സാഹിത്യഅക്കാഡമിയിൽ ശ്രീ ഐ സി. ചാക്കോ ഒരു മെംബറായിരിക്കുവാൻ വിസമ്മതിച്ചതിനെത്തുടന്നു തൽസ്ഥാനത്തേക്കു മൂളൂകുളം പാവ്വതിയമ്മയെ നോമിനേററുചെയ്തിരിക്കുന്നു

—തിരുവനന്തപുരത്തു നടന്നുകൊണ്ടിരുന്ന അവശക്രിസ്ത്യൻ സത്യഗ്രഹം പിൻവലിച്ചിരിക്കുന്നു.

—അടുത്ത തിരഞ്ഞെടുപ്പിൽ വോട്ടുരേഖപ്പെടുത്തുവാനുള്ള സമയം രാവിലെ 7-30 മുതൽ വൈകുന്നേരം 4-30 വരെ എന്നാക്കി ഭേദപ്പെടുത്തിയിരിക്കുന്നു.

—ഡിസ്ട്രിക്ടു് ആൻറു സെഷ്യൻസ് ജഡ്ജി മി. പി. ററി. രാമൻനായരെ കേരളഹൈക്കോടതിയിലെ ഒരു ജഡ്ജിയായി നിയമിച്ചിരിക്കുന്നു.

—1960 ജനുവരിവരെ കേരളത്തിൽ കുരുമുളകു സാട്ടാക്കച്ചവടം നടത്തുന്നതിനു കേന്ദ്രഗവമ്മെൻറു അനുവാദം നൽകിയിരിക്കുന്നു.

—ഫോർട്ടുകൊച്ചി മുനിസിപ്പാലിററി മട്ടാഞ്ചേരി മുനിസിപ്പാലിററിയിൽ ലയിപ്പിക്കുവാൻ ഇരുമുനിസിപ്പാലിററികളോടും കേരളഗവമ്മെൻറു നിർദ്ദേശിച്ചിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതിയായി നിയമിതനായിരിക്കുന്ന മി. എൽസ്വത്തു് ബങ്കർ ഇന്ത്യയിലെത്തിയിരിക്കുന്നു.

—30000 കോഴിക്കുഞ്ഞുങ്ങളും അടവയ്ക്കാനുള്ള മുട്ടകളടങ്ങിയ 24 പെട്ടികളും അമേരിക്കയിൽനിന്നും പ്രത്യേകവിമാനമാർഗ്ഗം ഇൻഡ്യയിൽ കൊണ്ടുവന്നിരിക്കുന്നു.

—അലഹബാദ് ഹൈക്കോടതിയിലെ മി. ജസ്റ്റിസ് കിഡ്വായി ഒരു കേസു വാദം കേട്ടുകൊണ്ടിരിക്കെ കോടതിയിൽവെച്ചു നിര്യാതനായിരിക്കുന്നു.

—കണ്ണൂർ സ്വദേശിനിയായ കുമാരി മേരി മാത്യുവിനെ മദ്രാസ് ഇലക്ട്രിക്കൽ അസിസ്റ്റൻറു് എൻജിനീയറായി നിയമിച്ചിരിക്കുന്നു.

—ബാംഗ്ളൂരെ ഹൈവോൾട്ടേജ് ഇൻസുലേറർ ഫാക്ടറി പ്രധാനമന്ത്രി നെഹ്റു ഉദ്ഘാടനം ചെയ്തിരിക്കുന്നു.

—ഗവമ്മെൻറു ജീവനക്കാർ അടുത്ത പൊതുതിരഞ്ഞെടുപ്പിൽ തികച്ചും നിഷ്പക്ഷത പാലിക്കണമെന്നു കേന്ദ്രആഭ്യന്തരവകുപ്പു പുറപ്പെടുവിച്ചിരിക്കുന്ന ഒരു സക്കുലറിൽ പ്രസ്താവിച്ചിരിക്കുന്നു.

—മദ്രാസ് സംസ്ഥാനത്തു് മൂന്നാമതൊരു സവ്വകലാശാലകൂടി സ്ഥാപിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—കൽക്കട്ടാ ഹൈക്കോടതിജഡ്ജി ജസ്റ്റിസ് അമൽകുമാർ സക്കാറിനെ സുപ്രീംകോടതി ജഡ്ജിയായി നിയമിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

സ്പെയിനിൽ ഒന്നാംതരം സാഹിത്യകൃതികൾക്കു പ്രതിവർഷം നൽകിവരുന്ന നാഡൽപ്രൈസ് ഇക്കൊല്ലം ഫാദർ ജോസ് ലൂയിസ് മാർട്ടിൻ എന്ന വൈദികൻെറ അപ്രകാശിതമായ ഒരു നോവലിനു ലഭിച്ചിരിക്കുന്നു. "ദൈവത്തിൻെറ അതിത്ഥി" എന്നാണു് നോവലിൻെറ പേരു്.

—ദൈവശാസ്ത്രപരമായ പോണ്ടിഫിക്കൽ റോമൻ അക്കാഡമിയുടെ പ്രഥമസമ്മേളനം റോമയിൽവച്ചു നടന്നിരിക്കുന്നു. 6 കർദ്ദിനാളന്മാരും 20മെത്രാപ്പോലീത്തമാരും മെത്രാന്മാരും 20 അംഗങ്ങളും അനേകം പ്രശസ്തപണ്ഡിതന്മാരും ഇതിൽ സംബന്ധിച്ചിരുന്നു.

—ലോകത്തിലാകെപ്പാടെ ഇപ്പോൾ 393925 കത്തോലിക്കാവൈദികരുണ്ടു്. 1300 കത്തോലിക്കർക്കു് ഒരാൾവീതം. സ്വിററ്സർലണ്ടിൽ 440 കത്തോലിക്കർക്കു് ഒരു വൈദികനുണ്ടെങ്കിൽ, ഗോട്ടിമാലയിൽ 18400 കത്തോലിക്കർക്കു ഒരു വൈദികനാണുള്ളതു്.

—ലണ്ടനിലെ ഹംഗേറിയൻ അഭയാത്ഥികൾക്കുവേണ്ടി എല്ലാ ഞായറാഴ്ചയും വൈകുന്നേരം 6 മണിക്കു ദിവ്യപൂജ അപ്പിച്ചുവരുന്നു.



# മരണത്തെ നോക്കി പുഞ്ചിരിക്കുന്ന ഒരു യുവമാതാവ്

(എം. ഒ.)

അമേരിക്കയിൽ ലോങ്ങ് ബീച്ചിലുള്ള മിസ്സസ് അലക്സ് ഡിക്മാൻ എന്ന മാതാവിനെ, അവരുടെ രോഗം പൊറുക്കുകയില്ലായെന്നു പറഞ്ഞു സെൻറു മേരീസ് ഹോസ്പിററൽ ഉപേക്ഷിച്ചതു് അടുത്ത അവസരത്തിലാണ്. അർബുദമാണ് അവരുടെ രോഗം. അവരെ പരിശോധിച്ച ഡോക്ടർമാരെല്ലാം രോഗം പൊറുക്കുകയില്ലെന്നും മരണം ആസന്നമാണെന്നും ഏകസ്വരത്തിൽ വിധിയെഴുതി.

മരിക്കുന്നതിൽ അവക്കു സങ്കടമുണ്ടു്. ഭർത്താവിനെയും പിഞ്ചുകുഞ്ഞുങ്ങളെയും വിട്ടുപോകുന്നതിൽ പ്രത്യേകിച്ചും. "ചിലപ്പോൾ രാത്രിയിൽ ഞാൻ പെട്ടെന്നു ഉണന്നു കരയാറുണ്ടു്. അലക്സിൻെറയും കുട്ടികളുടെയും കാര്യത്തിൽ എനിക്കു സങ്കടം തോന്നുന്നു. യാതൊരു സ്ത്രീക്കും ഇത്ര ഉത്തമനായ ഒരു ഭർത്താവിനെയോ ഇത്ര നല്ലവരായ മക്കളെയോ കിട്ടിയിരിക്കയില്ല" എന്നു് അവർതന്നെ പറഞ്ഞിരിക്കുന്നു.

അലക്സ് ഡിക്മാൻ ഒരു മെക്കാനിക്കാണ്. റിച്ച് ഫീൽഡു് ഓയിൽ റിഫൈനറിയിലാണ് ആയാൾക്കു ജോലി. എല്ലാ ദിവസവും രാവിലെ ആയാൾ ദിവ്യപൂജ കാണുകയും ദിവ്യകാരുണ്യ മുൾക്കൊള്ളുകയുംചെയ്യുന്നു. തൻെറ ഭാര്യയുടെ നട്ടെല്ലിൽ അർബ്ബുദം പിടിപെട്ടുവെന്നു എക്സ്റേ പരിശോധന തെളിയിക്കുകയും, അതു പൊറുക്കുകയില്ലെന്നു ഡോക്ടർമാർ വിധിക്കുകയും ചെയ്തതിൽപിന്നെ ആയാളുടെ ഭക്തി ഇരട്ടിച്ചതേയുള്ളു.

അവക്കു മൂന്നു കുട്ടികളാണുള്ളതു്. 5 വയസ്സുള്ള ഡെനീസു്, 11 വയസ്സുള്ള ഗോർഡൻ, 12 വയസ്സുള്ള ജറോം. വളരെ അകലെയുള്ള സെൻറു് അത്തനാസ്യോസ് സ്കൂളിലാണ് അവർ പഠിക്കുന്നതെങ്കിലും, അവരുടെ സാന്നിദ്ധ്യം അടുക്കലുള്ള ഒരു പ്രതീതിയാണു രോഗിണിക്കുള്ളതു്. ആ കുട്ടികളുടെ കലാസൃഷ്ടികൾ ആ മുറിയിൽ തൂക്കിയിട്ടിട്ടുണ്ടു്. അവയിൽരണ്ടെണ്ണത്തിൽ "അമ്മേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു" എന്നു ലേഖനം ചെയ്തിട്ടുണ്ടു്.

അസഹനീയമായ വേദനയാണു രോഗിണി അനുഭവിക്കുന്നതു്. തൻെറ കുടുംബം അനുഭവിക്കേണ്ടിവന്നിരിക്കുന്ന ത്യാഗങ്ങളെപ്പററിയുള്ള ബോദ്ധ്യം അവരുടെ വേദനയെ ഇരട്ടിപ്പിച്ചിരിക്കുന്നു. അതോടുകൂടി മരണം ആസന്നമാണെന്നും ആ കുഞ്ഞുങ്ങളെ അനാഥരായി വിട്ടുപോകേണ്ടിവരുമെന്നുമുള്ള ചിന്തകളും. "അലക്സ് വലിയ ഒരു കുരിശാണു വഹിക്കുന്നതു്. എന്നാൽ അതു വഹിക്കാനുള്ള വരപ്രസാദം ദൈവം അദ്ദേഹത്തിനു നൽകിയിരിക്കുന്നു"വെന്നു് അവർതന്നെ പറയുന്നു.

ഇക്കഴിഞ്ഞ ജനുവരിമാസത്തിൽ മിസ്സസ് ഡിക്മാൻ ലൂർദ്ദിലേക്കു് ഒരു തീർത്ഥയാത്ര കഴിക്കുകയുണ്ടായി. ഭർത്താവുമൊരുമിച്ചു നടത്തിയ ഈ തീർത്ഥയാത്രയിൽ ഒരു അത്ഭുതം സംഭവിക്കുമെന്നു് അവർ പ്രതീക്ഷിച്ചു. അത്ഭുതം നടക്കുകയും ചെയ്തു. പക്ഷെ അവക്കു രോഗശാന്തി ഉണ്ടായില്ല. ലൂർദ്ദിലേക്കു പുറപ്പെട്ടാൽ മിസ്സസ് ഡിക്മാൻ ജീവനോടെ അവിടെ എത്തുകയില്ലെന്നു എല്ലാ ഡോക്ടർമാരും വിധിച്ചു. അർബ്ബുദം പിടിപെട്ട അവരുടെ ശ്വാസകോശങ്ങളെ വിമാനയാത്ര ഒന്നുകൂടെ കുഴപ്പത്തിലാക്കുകയേയുള്ളൂവെന്നായിരുന്നു അവരുടെ അഭിപ്രായം.

പക്ഷെ ജീവനോടുകൂടിത്തന്നെ അവർ ലൂർദ്ദിലെത്തി. ഗ്രോട്ടോയുടെ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്തു. വേദനയ്ക്കു യാതൊരു പരിഹാരവും ഉണ്ടായില്ല. വിമാനത്തിൽതന്നെ അവർ അമേരിക്കയിലേക്കു മടങ്ങി. ശാരീരികമല്ലെങ്കിലും വലിയ ഒരു പരിവർത്തനം അവരിൽ സംഭവിച്ചിരുന്നു. ഭർത്താവും കുട്ടികളും ഇപ്പോൾ അവരുടെകൂടെയുണ്ടു്. മിസ്സസ് ഡിക്മാൻെറ ദിവസങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞിരിക്കുകയാണെന്നു് അവക്കെല്ലാം അറിയാം. ഈസ്റ്റർ വരെ അവർ ജീവിച്ചിരിക്കുമെന്ന പോലും അവക്കു പ്രതീക്ഷയില്ല.

പക്ഷെ ഇപ്പോൾ മിസ്സസ് ഡിക്മാൻ പറയുന്നതിങ്ങനെയാണ്: "കണ്ണുനീരുകൊണ്ടു ഒരു ഫലവുമില്ലെന്നു ഞാൻ എന്നോടുതന്നെ പറയാറുണ്ടു്. ഒരു യുവമാതാവു് ഇങ്ങനെ അകാലത്തിൽ മരിക്കുകയെന്നതു് സന്തോഷപ്രദമായ കാര്യമല്ല. അവൾ ജീവിച്ചിരുന്നിട്ടു പലതും ചെയ്യേണ്ടതുണ്ടു്. പക്ഷെ ഇപ്പോൾ എനിക്കു സമാധാനപരമായി മരിക്കാം. നമ്മുടെ ലൂർദ്ദുനാഥ എന്നെ ഒരിക്കലും ഉപേക്ഷിക്കയില്ല. ഞാൻ പോയിക്കഴിയുമ്പോൾ അവൾ അലക്സിനെയും എൻെറ കുഞ്ഞുങ്ങളെയും പരിചരിച്ചുകൊള്ളും."

തൻെറ ഒരു പുത്രനെങ്കിലും വൈദികനായി കാണണമെന്നായിരുന്നു മിസ്സസ് ഡിക്മാൻെറ ആഗ്രഹം. അതു താൻ സ്വർഗ്ഗത്തിലിരുന്നു കണ്ടുകൊള്ളാമെന്നാണ് ഇപ്പോൾ അവർ പറയുന്നതു്. ദാരുണമായ വേദന പുഞ്ചിരിയോടുകൂടി സഹിക്കുവാനുള്ള മനക്കരുത്തു് അവക്കു ലഭിച്ചിരിക്കുന്നു. അതിലുപരി അവർ സമാധാനചിത്തയുമായിരിക്കുന്നു.

ലൂർദ്ദുനാഥ ചെയ്ത അത്ഭുതം എന്നുമാത്രമേ അവക്കു് ഇതേപ്പററി പറയുവാനുള്ളു. ദൈവേഷ്ടത്തിനു തന്നെത്തന്നെ സ്വയം സമർപ്പിക്കുവാൻ സാധിക്കുകയെന്നതു മഹത്തായ ഒരു നേട്ടംതന്നെയാകുന്നു.

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

# അറിയപ്പെടാത്ത ഒരു മാനസാന്തരം

(ഏ. പീലിപ്പോസ് എം. എ., ബി. എൽ.)

ഏകദേശം 30-ൽ അധികം വർഷങ്ങൾക്കു മുമ്പു നടന്ന ഒരു മാനസാന്തരകഥയും മാനസാന്തരപ്പെട്ടയാളിൻെറ ഭാഗ്യമരണവുമാണ് ഈ ലേഖനത്തിൻെറ വിഷയം. വിശ്വാസികളുടെ സന്തോഷത്തിനും ഉറപ്പിനും അതു പരസ്യപ്പെടുത്തുന്നതു നല്ലതാണല്ലോ. മാനസാന്തരം കത്തോലിക്കാസഭയിലേക്കായിരുന്നു. മാനസാന്തരപ്പെട്ടയാൾ ചാങ്ങെത്ര (കായങ്കുളത്തിനുസമീപമുള്ള) തോമ്മാച്ചൻ ആണ്. അദ്ദേഹം ബി. എ. ബി. എൽ. ജയിച്ച ഒരു സമർത്ഥനായ യുവാവായിരുന്നു. എന്നെക്കാൾ 8-10 വയസ്സു കുറവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മൂത്ത സഹോദരൻ ബാരിസ്റ്റർ മി. സി. ജി. ഇടിച്ചാണ്ടി എൻെറ അത്യന്ത ഇഷ്ടനായിരുന്നു. എഫ്. എ. ക്ലാസിൽ സി. എം. എസ്. കോളേജിൽ 2 വർഷവും ബി. എ. ക്ലാസിൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ 2 വർഷവും ഞങ്ങൾ ഒരുമിച്ചു പഠിച്ചവരാണ്. മി. ഇടിച്ചാണ്ടിയുടെ നേരെ ഇളയ സഹോദരൻ മി സി. ജി. കുര്യൻ എം. ബി. ബി. എസ്. ആ കാലത്തു മദ്രാസിൽ മെഡിക്കൽ കോളേജിൽ പഠിക്കയായിരുന്നു. ഞങ്ങൾതമ്മിലും നല്ലപരിചയവും നല്ല ഇഷ്ടവും ആയിരുന്നു. മൂന്നാമത്തെ സഹോദരൻ തൊമ്മച്ചൻ ആണു കഥാപുരുഷൻ. അദ്ദേഹത്തിൻെറ മാനസാന്തരം നടന്നതു റീത്തുപ്രസ്ഥാനം ഉത്ഭവിക്കുന്നതിനു ഏകദേശം 4-5 വർഷങ്ങൾ മുമ്പായിരുന്നു. കോട്ടാർ ബിഷപ്പായിരുന്ന ലോറൻസ് പെരേര തിരുമേനി കായങ്കുളത്തിനു സമീപം ഒരു പള്ളിയിൽ വികാരിയായിരുന്നപ്പോൾ അദ്ദേഹത്തെ തൊമ്മച്ചൻ പരിചയപ്പെട്ടു. അദ്ദേഹത്തിൽനിന്നുമാണു തൊമ്മച്ചനു കത്തോലിക്കാ ഉപദേശങ്ങൾ ലഭിച്ചതു്. ലത്തിൻ റീത്തിലേക്കാണു അദ്ദേഹം മാനസാന്തരപ്പെട്ടതു്. തൊമ്മച്ചനും ഞാനും തമ്മിൽ യാതൊരു പരിചയവും ഇല്ലായിരുന്നു.

ഉദ്ദേശം 1927 ഇടയ്ക്കു ഞാൻ ആലപ്പുഴ സർക്കാർ ജോലിയിൽ ഇരിക്കുമ്പോൾ വൈകിട്ടു ഒരു ദിവസം കച്ചേരി പിരിഞ്ഞശേഷം, കടപ്പുറത്തുള്ള എൻെറ താമസസ്ഥലത്തേക്കു ഞാൻ നടന്നുപോകയായിരുന്നു. പുറകെ ഒരു ശിപായിയും ഉണ്ടായിരുന്നു. വഴിയിൽ ആരോടും ഞാൻ സംസാരിക്കുക പതിവില്ലായിരുന്നു. എൻെറ പുറകെ ഒരാൾ നടന്നുവരുന്നതായി കാലോശകൊണ്ടു എനിക്കു തോന്നി. അയാൾ കടന്നുപോകട്ടെ എന്നു വിചാരിച്ചു, ഞാൻ പതുക്കെ നടന്നുതുടങ്ങി. എന്നിട്ടും അയാൾ കടന്നുപോകുന്നില്ല. അതിൻെറ ശേഷം ഞാൻ പുറകോട്ടു നോക്കി. എനിക്കു അപരിചിതനും, മെല്ലിച്ച ദേഹവും, കുറെ താടിമീശയും, കാഴ്ചയ്ക്കു ആകർഷണീയമായ ഉടലുമുള്ളവനും, സുപ്രസന്നവദനനുമായ ഒരാളിനെ കണ്ടു. "നിങ്ങൾ ഏതാണെ"ന്നു ഞാൻ ചോദിച്ചു. "ചാങ്ങെത്രെ"ലേതാണെന്നും, പേരു തോമ്മാച്ചൻ എന്നാണെന്നും മി. ഇടിച്ചാണ്ടിയുടെയും മി. കുര്യൻെറയും ഇളയസഹോദരൻ ആണെന്നും പറഞ്ഞപ്പോൾ എനിക്കു വളരെ സന്തോഷം തോന്നി. ചാങ്ങെത്ര കുടുംബക്കാർ മാർതോമ്മാ സഭക്കാരാണെന്നു എനിക്കു അറിയാമായിരുന്നു. ഞങ്ങളുടെ സംസാരം സഭാസംബന്ധമായി തിരിഞ്ഞു. തോമ്മാച്ചൻ കത്തോലിക്കാസഭയിലാണെന്നു ഞങ്ങളുടെ വർത്തമാനത്തിൽനിന്നാണ് ഞാൻ അറിഞ്ഞതു്. എൻെറ മാനസാന്തരം പിന്നീടു് കുറേ വർഷങ്ങൾ കഴിഞ്ഞാണു നടന്നതു്. എങ്കിലും എനിക്കു കത്തോലിക്കാസഭയെക്കുറിച്ചു് അറിയുന്നതും കേൾക്കുന്നതും ആ കാലത്തു സന്തോഷമായിരുന്നു. തോമ്മാച്ചൻ എന്തിനാണ് കത്തോലിക്കാസഭയിൽ ചേർന്നതെന്നും ഞാൻ ചോദിച്ചു. കത്തോലിക്കാസഭയാണ് സത്യസഭയെന്നു തോമ്മാച്ചൻ പറഞ്ഞു. അതിനു എന്തു തെളിവുണ്ടെന്നു ഞാൻ ചോദിച്ചപ്പോൾ ഒരു ഭണ്ഡാഗാരത്തിൽനിന്നെന്നപോലെ, വേദപുസ്തകത്തിൽനിന്നും, പ്രത്യേകം പഴയനിയമത്തിൽനിന്നും, തോമ്മാച്ചൻെറ വാദങ്ങളും തെളിവുകളും പ്രവഹിക്കാൻതുടങ്ങി. എനിക്കു അന്നറിവില്ലാത്ത പല സംഗതികളും തോമ്മാച്ചനിൽനിന്നും കേട്ടു. പുതിയ ഇസ്രായേലാകുന്ന കത്തോലിക്കാസഭയുടെ നിഴലായിരുന്നു പഴയ ഇസ്രായേലെന്നും, അന്നു ഒരു ജനംമാത്രം ദൈവത്തിനുണ്ടായിരുന്നതുപോലെ, ഇന്നും ഒരു ജനമേ അതായതു സഭയേ ദൈവത്തിൻേറതായുള്ളുവെന്നും മററും യുക്തിയുക്തവും വേദാനുസരണവുമായി തോമ്മാച്ചൻ ഉറപ്പോടും ധൈര്യത്തോടുംകൂടി പറഞ്ഞു. തോമ്മാച്ചൻെറ ഭാര്യ നെല്ലിമൂട്ടിൽ മി. അലക്സാണ്ടർമുതലാളിയുടെ ഒരു ഇളയ സഹോദരിയാകുന്നു.

തോമ്മാച്ചനോടുണ്ടായ ഈ സംഭാഷണം കുറേക്കാലംകഴിഞ്ഞു് അലക്സാണ്ടർമുതലാളിയോടു ഞാൻ പറഞ്ഞപ്പോൾ തോമ്മാച്ചൻ മരിച്ചിരുന്നു. തോമ്മാച്ചൻ മാനസാന്തരപ്പെട്ടശേഷം ഞായറാഴ്ച പള്ളിയിൽ പോകുന്നതിനുവേണ്ടി, അടുക്കൽ പള്ളിയില്ലാത്തതുകൊണ്ടു്, എട്ടുമൈൽ അങ്ങോട്ടും എട്ടുമൈൽ ഇങ്ങോട്ടും നടന്നാണ് കുർബാന കണ്ടുവന്നതു്. ന്യൂമോണിയാദീനം പിടിപെട്ടു് കുറേ ദിവസങ്ങൾ അതിവേദനയിലും വലിയ പനിയിലും കിടക്കുമ്പോൾ, ഒരു കത്തോലിക്കാപുരോഹിതൻ യാദൃച്ഛികമായി വന്നു് അന്ത്യകർമ്മങ്ങളെല്ലാം കൊടുത്തു. അകത്തോലിക്കരിൽനിന്നും തോമ്മാച്ചൻ വളരെ പീഡകൾ സഹിച്ചു. അന്ത്യകർമ്മങ്ങൾ കൈക്കൊണ്ടശേഷം ഭാര്യയേയും മക്കളേയും അടുക്കൽവിളിച്ചുനിർത്തി, "നിങ്ങൾ സത്യവിശ്വാസത്തിൽ ഉറച്ചുനില്ക്കണമെന്നും, അതിനുവേണ്ട എല്ലാ പീഡകളും സഹിച്ചുകൊള്ളണമെന്നും" മററും ഗുണദോഷിച്ചശേഷം പുറകോട്ടു തല ചായിച്ചു വീണു മരിച്ചു. തോമ്മാച്ചൻെറ വിധവയും മക്കളും ഇപ്പോഴും കത്തോലിക്കാ വിശ്വാസത്തിൽ ദൃഷ്ടാന്തയോഗ്യമായി ഉറച്ചുനില്ക്കുന്നു. ദൈവം അവരെ അനുഗ്രഹിക്കട്ടെ.

## 100 മൈൽ കാൽനടയായി

രഷ്യൻമർദ്ദനത്തിനു വിധേയമായി ഹംഗറിയിൽ പീഡനമനുഭവിക്കുന്ന ജനങ്ങളോടു സഹാനുഭൂതി പ്രദർശിപ്പിച്ചുകൊണ്ടു് ലിസ്ബൺ സർവ്വകലാശാലയിലെ 300 വിദ്യാർത്ഥികൾ ലിസ്ബണിൽനിന്നു 100 മൈൽ അകലെയുള്ള ഫാത്തിമായിലേക്കു കാൽനടയായി ഒരു തീർത്ഥയാത്ര നടത്തിയിരിക്കുന്നു. ലിസ്ബൺ കർദ്ദിനാൾ സെറിജീറാ തിരുമേനി നൽകിയ ഒരു വലിയ മരക്കുരിശും ചുമന്നുകൊണ്ടാണ് നാലുദിവസം നീണ്ട ഈ യാത്ര അവർ നിർവ്വഹിച്ചതു്. ലീരായിലെ മെത്രാൻ ഫാത്തിമായിൽനിന്നു് ഏതാനും മൈൽ അകലെവച്ചു തീർത്ഥകരെ സ്വീകരിക്കുകയും, അവരോടൊരുമിച്ചു് ബസ്സിലിക്കായുടെ സമീപത്തുള്ള ദർശനങ്ങളുടെ കപ്പേളയിലേക്കു യാത്രചെയ്യുകയും, അവിടെ ദിവ്യപൂജ അർപ്പിക്കുകയുംചെയ്തു.

## തുർക്കിയുടെ സ്ഥാനപതി

വത്തിക്കാനിൽ തുർക്കിഗവർമ്മെൻറിൻെറ ഒരു സ്ഥാനപതിയെ നിയമിക്കുന്നതാണെന്നു ടാൻ എന്ന പത്രത്തിൽ അതിൻെറ ഇസ്താൻബുൾ ലേഖകൻ റിപ്പോർട്ടുചെയ്തിരിക്കുന്നു. "അവഗണിക്കപ്പെട്ടുകൂടാത്ത ഒരു ശക്തിയാണ് വത്തിക്കാൻ" എന്നാണ് ആ പത്രം പ്രസ്താവിക്കുന്നതു്. മഹാഭൂരിപക്ഷവും മുസ്ലീമിങ്ങൾ അധിവസിക്കുന്ന ഒരു രാജ്യമാണ് തുർക്കി. അവിടത്തെ 21,000,000 ജനങ്ങളിൽ 40,000 പേർ മാത്രമാണ് കത്തോലിക്കർ. എന്നാൽ ഭരണഘടന എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യമനുവദിച്ചിട്ടുണ്ടു്. തുർക്കിയുടെ തലസ്ഥാനമായ ഇസ്താൻബുളിലെ മേയർ ഈയിടെ പരിശുദ്ധ പിതാവിനെ സന്ദർശിക്കുകയുണ്ടായി




ഗ്രൂപ്പ് ഫോട്ടോ
നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലുമുള്ള ഗ്രൂപ്പ്ഫോട്ടോകൾക്കു് ഞങ്ങളെ സമീപിക്കുക.
ലോയൽ സ്ററുഡിയോ
H. O. തൊടുപുഴ, Br. മൂവാററുപുഴ.

# ചെറുകഥ

## കണ്ണുകൾ

(തൂക്കൊടിത്താനം ചാക്കോ)

ആസ്പത്രിയിലെ എല്ലാ വൈദ്യുതവിളക്കുകളും പ്രകാശംപൊഴിച്ചു തുങ്ങിക്കിടപ്പുണ്ട്. ചില മുറികളിൽ ശ്മശാനമൂകതയും മററു ചിലതിൽ വേദനകളും ഞരക്കങ്ങളും വിങ്ങലുകളും പുറത്തുകേൾക്കാം. കർത്തവ്യനിരതരായ നേഴ്സുകൾ ഓരോ മുറിയിലും കയറിയിറങ്ങുന്നുണ്ട്.

അല്പസമയത്തെ കടുത്ത വേദനയ്ക്കുശേഷം മോളിയും ഉറങ്ങാതെ കിടക്കയിൽ കിടക്കുകയാണ്. തൊട്ടടുത്തുള്ള മുറികളിൽനിന്നെല്ലാം ഉണ്ടാകുന്ന ഞരക്കങ്ങളും വിമ്മിട്ടങ്ങളുമെല്ലാം സ്പഷ്ടമായി അവൾക്കു കേൾക്കാം. മോളിയുടെ ശുഷ്കിച്ച മനസ്സിൽക്കൂടെ വേദനയുടെ കവപ്പും പുളിപ്പുമുള്ള ഓർമ്മകളുടെ ഒരു നീണ്ട ഘോഷയാത്ര കടന്നുപോയി.

"അച്ചാച്ചാ...അച്ചാച്ചാ...."

ആ മുറിയിൽനിന്നാണ് ആ ശബ്ദം. മോളി സ്വസഹോദരനെ വിളിക്കുകയാണ്. അവളുടെ ശബ്ദം അധികം ഉയരുന്നില്ല. അതുയർത്താനുള്ള കെൽപ്പ് അവൾക്കില്ല. പിന്നെ നിവൃത്തിയില്ലാത്ത അവസ്ഥയിലാണ് ആവുന്നത്ര ഉച്ചത്തിൽ അങ്ങനെ വിളിക്കുന്നതു്.

ജെയിംസ് എഴുന്നേററു സഹോദരിയുടെ അടുത്തേക്കുപോയി. മോളിയുടെ മെലിഞ്ഞു് എല്ലുകളുന്തിയ ശരീരം ആസ്പത്രിയിലെ കിടക്കയിൽ ഒരു ചോദ്യചിഹ്നം പോലെ വളഞ്ഞുകിടപ്പുണ്ട്.

"തങ്കച്ചൻ വന്നോ...?" മോളി തിരക്കി.

"ഇല്ല മോളീ."

"എന്താ അച്ചാച്ചാ, തങ്കച്ചൻ വരാത്തതു്, ഇന്നും വരത്തില്ലേ...?"

"വരും മോളീ."

"നേരം ഇത്രയായിട്ടും വന്നില്ലല്ലോ. അച്ചാച്ചൻ പറഞ്ഞില്ലേ?"

"പറഞ്ഞു മോളീ, നിന്റെ അവശതയെല്ലാം ഞാൻ പറഞ്ഞു."

"ആ എന്നാൽ വരും, വരാതിരിക്കുകയില്ല" മോളി കിടക്കയിൽക്കിടന്നു സ്വയം സമാധാനിച്ചു.

ജെയിംസിന്റെ കണ്ണുകൾ നിറഞ്ഞുപോയി. അയാൾ സഹോദരിയുടെ മുഖത്തേക്കു നോക്കി. കുഴിഞ്ഞുതാണിരിക്കുന്ന അവളുടെ കണ്ണുകളിൽ ഒരു പ്രകാശം മറഞ്ഞുനില്ക്കുന്നു. തൊലി നറുങ്ങിയ ചുവന്ന ചുണ്ടുകളിൽ ഒരു നേരിയ പുഞ്ചിരി ഓളംതല്ലി.

ജെയിംസ് കട്ടിലിനരികിൽ സഹോദരിയോടു പററിച്ചേർന്നിരുന്നു. ആ ആസ്പത്രിയിൽവച്ചുതന്നെ ആയിരുന്നു അവരുടെ പിതാവും മരണമടഞ്ഞതു്. പിതാവിന്റെ അന്ത്യരംഗം അയാളുടെ മനസ്സിൽ കറങ്ങിത്തിരിയുകയാണ്. ആ ഭയങ്കരാവസ്ഥ ജെയിംസിനു് ഓർക്കുവാൻകൂടി വയ്യാ. കഴിഞ്ഞുപോയ കാലത്തിലെ കണ്ണുനീർ വീഴുന്ന അനുഭവങ്ങൾ ഓർക്കാതിരുന്നെങ്കിൽ! അവൻ ആശിച്ചു.

ജെയിംസ് അവിടെനിന്നു എഴുന്നേററു. മനസ്സിൽ ഓർമ്മകളുടെ പുകച്ചുരുളുകൾ തങ്ങിനിന്നു വീർപ്പുമുട്ടിക്കുകയാണ്. അതിനല്പം ആശ്വാസം കണ്ടെത്താനായി അയാൾ പുറത്തേക്കിറങ്ങി. തുറന്നുകിടന്ന ജാലകത്തിൽക്കൂടി അയാൾ മുറിക്കുള്ളിലേക്കൊന്നെത്തിനോക്കി. സഹോദരിയുടെ നയനങ്ങൾ ആരെയോ പ്രതീക്ഷിച്ചു കാത്തുനില്ക്കുകയാണ്. ആശകളേയും ആഗ്രഹങ്ങളേയും ആവഹിച്ചുകൊണ്ട് അവളുടെ മെലിഞ്ഞ ശരീരം പിന്നേയും ജീവിക്കാനുള്ള മോഹം വളർത്തുകയായിരിക്കാം. എന്തൊരാശകൾ! അവസാനനിമിഷത്തിലെ ഒടുങ്ങാത്ത ആഗ്രഹങ്ങൾ!!

മോളിയെ ഇത്തരത്തിലാക്കിയ കുററവാളിയെക്കുറിച്ചു് ജെയിംസ് ഓർത്തുപോയി. ഓരോ നിമിഷം കഴിയുംതോറും അവളുടെ ശരീരം കരിഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. അയാളുടെ പ്രതീക്ഷയിൽനിന്നെല്ലാം അവളുടെ ജീവൻ അകന്നകന്നുപൊയ്ക്കഴിഞ്ഞു. കഴിഞ്ഞവർഷം ഇതുപോലുള്ള ഒരു രാത്രിയിൽ ഈ ആസ്പത്രിയിൽവച്ചാണ് അയാളുടെ പിതാവു് കുടുംബഭാരം ജെയിംസിന്റെ ചുമലിൽ ഏല്പിച്ചതു്.

മരണക്കിടക്കയിൽവച്ചു പിതാവു പറഞ്ഞ വാക്കുകൾ: "മോനേ, എന്റെ മോളി, അവൾ നിന്റെ ഇളയതാണ്. അവളോടു നീ വഴക്കുകൂട്ടരുതേ; അവളുടെ ആഗ്രഹം സാധിച്ചുകൊടുക്കേണ്ടതു നീയാണ്. അവൾ വേദനിക്കുന്നതിനു നീ ഒരുകാലവും അനുവദിക്കരുതേ; അനുരൂപനായ ഒരുവനെക്കൊണ്ടു വിവാഹം, അതു് അവളുടെ മനസ്സിനു ഇണങ്ങിയതു്, അല്ലാതുള്ള വിവാഹം ശാശ്വതമല്ല കുഞ്ഞേ... ..."

പിതാവിന്റെ അവസാനനിമിഷത്തിലെ വേദനിക്കുന്ന അവസ്ഥകൾ കാണുവാൻ കരുത്തില്ലാത്ത ജെയിംസ് അതെല്ലാം സമ്മതിച്ചു പിതാവിനെ സമാധാനപ്പെടുത്തി.

മോളി അപ്പോഴും പിതാവിനെ കെട്ടിപ്പിടിച്ചു കമഴ്ന്നുകിടന്നു കരയുകയായിരുന്നു. ജെയിംസിനു ദേഷ്യംവന്നു. അവൻ അവളെ അടിക്കുവാൻ കൈ ഓങ്ങി. "ജെയിംസേ" എന്നുള്ള വിളി; കൈ താനേ താണു. "ഇനിയും നീയാണ് അവളുടെ ആഗ്രഹം സാധിച്ചുകൊടുക്കേണ്ടതു്. അവളെ കരയിക്കരുതേ; നിങ്ങൾ രണ്ടുപേരും സൗഹാർദ്ദത്തോടെ ജീവിക്കണം......"

അന്നു മോളി സിക്സ്ത്ഫാറത്തിൽ പഠിക്കുകയായിരുന്നു. പഠിക്കുന്നതിനുള്ള സൗകര്യമോ, സാമ്പത്തികസ്ഥിതിയോ ഉണ്ടായിട്ടില്ല. മോളിയെങ്കിലും പഠിച്ചു് ഏതെങ്കിലും ഉദ്യോഗത്തിലിരുന്നു കാണുന്നതിനു് പിതാവിനതിയായ മോഹമുണ്ടായിരുന്നു. മരണശേഷവും പൂർത്തിയാകാത്ത പിതാവിന്റെ ആഗ്രഹങ്ങൾ നികത്തേണ്ട ചുമതല ജെയിംസിനുള്ളതുകൊണ്ടുമാത്രം. അതിലേക്കു പല ദിവസങ്ങളും ആ കൊച്ചുകുടുംബം പട്ടിണികിടക്കേണ്ടിവന്നിട്ടുണ്ട്.

വിദ്യാഭ്യാസജീവിതത്തിൽ മോളിയിൽ ചില പരിവർത്തനങ്ങൾ സംഭവിച്ചു. അവൾ തങ്കച്ചനുമായി പരിചയപ്പെട്ടു. വെറുമൊരു പരിചയം പിന്നീടു മുറിക്കപ്പെടാൻ വഹിയാത്ത സ്നേഹബന്ധമായിത്തീർന്നു.

തങ്കച്ചൻ ഒരു വ്യവസായപ്രമുഖന്റെ ഓമനപുത്രനാണ്. മുതലാളിത്തത്തിന്റെ യാതൊരു അഹങ്കാരവും തങ്കച്ചനില്ലായിരുന്നു. പാവങ്ങളുടെ വേദനയിൽ ഉരുകുന്ന ഹൃദയം ആയിരുന്നു അയാളുടേതു്. സൗന്ദര്യവതിയും സുശീലയും ആയ മോളിയിൽ തങ്കച്ചൻ അനുരക്തനായിത്തീർന്നു. അയാൾ ആ വിവരം തുറന്നു ജെയിംസിനേയും അറിയിച്ചു.

ജെയിംസ് സ്തബ്ധനായിപ്പോയി. പണമില്ലെങ്കിലും അഭിമാനം തകർന്നിട്ടില്ലാത്ത ആ കൊച്ചുകുടുംബത്തിനു് ഇങ്ങനെ ഒരു ദോഷം വരുത്തിവച്ച മോളിയിൽ അയാൾക്കു തികഞ്ഞ വിദ്വേഷവും ഒടുങ്ങാത്ത വേദനയും ഉണ്ടായി. വിവരമറിഞ്ഞതോടുകൂടി അവരുടെ മാതാവു കണ്ണുനീർ പൊഴിക്കുകമാത്രം.

അടക്കിയാൽ അടങ്ങാത്തതും, അനുനിമിഷം നുരപൊങ്ങിപ്പതഞ്ഞുവരുന്നതുമായ പ്രതികാരം ജെയിംസിനെ പുതിയ ഒരു മനുഷ്യനാക്കിത്തീർത്തു.

പശ്ചിമ ചക്രവാളച്ചെരുവിൽ സൂര്യബിംബം എരിഞ്ഞടങ്ങുന്നതേയുള്ളു. സന്ധ്യക്കുവേണ്ടി പകൽ വഴിമാറിക്കൊടുക്കുവാൻ ആരംഭിക്കുന്നതേയുള്ളു.

മോളി താമസിച്ചായിരുന്നു സ്കൂളിൽ നിന്നു വന്നതു്. ജെയിംസും മാതാവും വിഷാദമൂകരായി കാത്തിരിക്കുകയാണ്. അവരുടെ വേദനാനിർഭരമായ മുഖഭാവം കണ്ടതോടെ അവളുടെ ഹൃദയത്തിലും ഭീതിയുടെ പുകച്ചുരുളുകൾ നിറഞ്ഞു.

"മോളേ..." അമ്മ വിളിച്ചു.

"എന്നാമ്മേ..."

"കൊള്ളാം, എല്ലാം കൊള്ളാം. ഇതിഭേദം ഞങ്ങളെ നീ പിച്ചാത്തികൊണ്ടു കൊല്ലുകയായിരുന്നു... ......"

"എനിക്കൊന്നും മനസ്സിലാകുന്നില്ല. തുറന്നു പറയൂ. അച്ചാച്ചാ നിങ്ങളെന്തിനാ പിണങ്ങി ഇരിക്കുന്നെ...പറയൂ..."

ജെയിംസിന്റെ കോപം മൂർദ്ധന്യാവസ്ഥയിൽ എത്തിക്കഴിഞ്ഞു. അയാൾ പറഞ്ഞു:

"നിനക്കൊന്നും അറിഞ്ഞുകൂടാ അല്ലേ ... അഭിമാനം, അതുവില കൊടുത്താൽ വാങ്ങാൻ കിട്ടുന്ന ഒന്നല്ല. പക്ഷേ അതു വിൽക്കുവാൻ സാധിക്കും..."

മോളിയുടെ തിളങ്ങുന്ന കണ്ണുകളിൽനിന്നും അശ്രുകണങ്ങൾ ഉരുണ്ടുരുണ്ടു വീണു തുടങ്ങി.

"അച്ചാച്ചാ.....അഭിമാനം വിററിട്ടില്ല. അതു വിൽക്കുകയുമില്ല. സത്യമാണ്...."

"ആളുകൾ നാടോടി പാട്ടായി പറയുന്നതെല്ലാം അസത്യമാണ് അല്ലേ...? ആ മലേലെ തങ്കച്ചനുമായി നിനക്കു യാതൊരു പ്രത്യേകതയുമില്ല..."

നനഞ്ഞിരിക്കുന്ന കൺപോളകൾ തുടയ്ക്കുന്നതിനിടയിൽ അവൾ പറഞ്ഞു.

"പരിശുദ്ധമായ സ്നേഹമുണ്ട്. അതിൽ കവിഞ്ഞ ഒരു ബന്ധവുമില്ല..."

"ആ...സ്നേഹമുണ്ട് അല്ലേ...? എന്നാൽ ഇനിയും അങ്ങനെയുള്ള സ്നേഹവും മമതയും വേണ്ടാ. നീ ഒട്ടു പഠിക്കുകയും വേണ്ടാ..."

അവളുടെ ഹൃദയത്തിൽ ഒരിടിത്തീ വീണതുപോലെ അവൾക്കു തോന്നി. വീണ്ടും അവൾ പറഞ്ഞു.

"അച്ചാച്ചാ എന്നാലും ആ സ്നേഹബന്ധം പൊട്ടിപ്പോകുകയില്ല. തങ്കച്ചൻ അത്തരത്തിലുള്ളവനല്ല. ഹൃദയശുദ്ധിയുള്ള ഒരു നല്ല മനുഷ്യനാണ്..."

ആ മാതൃഹൃദയവും വിങ്ങിത്തകരുകയാണ്. മക്കളുടെ ചുടുകണ്ണീർ കാണുവാൻ അവർക്കു ശക്തിയില്ല. അവർ പറഞ്ഞു.

"മോളേ, നമ്മൾ പാവങ്ങളാണ്. ഇലവന്നു മുള്ളേൽ വീണാലും, മുള്ളുവന്നു ഇലയിൽ വീണാലും ഇലയ്ക്കാണ് കേടു്. നീ ഓർത്തു നോക്കൂ, അവരൊക്കെ വലിയ ആളുകളാ. നമുക്കു പണമില്ലന്നേ ഉള്ളു. പക്ഷേ അഭിമാനം ഉണ്ടു്. നമ്മേപ്പോലെയുള്ളവരുടെ സ്വത്തു് അതാണ്. പെണ്ണാണ് ഒരു കുടുംബത്തിന്റെ മണിവിളക്കു്. പെണ്ണിനെ പ്രസവിച്ച വയറിന്റെ ആധി തീരണമെങ്കിൽ അവളെ ഒരുവന്റെ കൈയിൽ ഏൽപ്പിക്കണം. അതു സാധിക്കുന്നതുവരെ തീ തിന്നുകയാണ്. അമ്മ പറയുന്നതു നിനക്കിപ്പോൾ മനസ്സിലാകത്തില്ല. അന്നു മനസ്സിലാകും..."

"എനിക്കെല്ലാം അറിയാം...അവിശ്വസിക്കരുതേ. എന്നാലും തങ്കച്ചനില്ലാത്ത ഒരു ജീവിതം ഓർക്കുവാൻകൂടി വഹിയാ..."

പിതാവിന്റെ അന്ത്യവാക്കുകൾ ജെയിംസിനെ സമാധാനപ്പെടുത്തി. മോളിയുടെ ഉറച്ച തീരുമാനത്തിന്റെ മുമ്പിൽ അവർ നിശ്ശബ്ദരായിത്തീർന്നു.

അങ്ങനെ മോളിയുടേയും തങ്കച്ചന്റേയും വിവാഹം നടന്നു.

(തുടരും)




# മാതൃകാകത്തോലിക്കൻ

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

ഒരു കത്തോലിക്കൻ നമസ്കാരങ്ങൾ മുഴുവൻ മനഃപാഠമാക്കിയതുകൊണ്ടോ ഞായറാഴ്ച കുർബാനയിൽ സംബന്ധിച്ചതുകൊണ്ടോ മാതൃകാ കത്തോലിക്കനാകുന്നില്ല. പിന്നെയോ അചഞ്ചലമായ വിശ്വാസത്തോടുകൂടി നിരൂപണ, വചനം, പ്രവൃത്തികൾ എന്നിവയിൽ കത്തോലിക്കനു യോജിച്ച ജീവിതം നയിക്കണം.

### ദൈവാലയത്തിൽ

ദൈവം അറിയാതെ തനിക്കൊന്നും സംഭവിക്കുന്നില്ല എന്ന ബോധമുള്ള ഇയാൾ കുർബാന കാണുന്നതിലും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിലും ശ്രദ്ധിക്കുന്നു. നൊവേന, ആരാധന, നോമ്പുകാലപരിപാടി എന്നിവയിൽ ഇയാൾ പങ്കെടുക്കുന്നു. സുവിശേഷപ്രസംഗം കഴിയുമ്പോൾ പള്ളിയിൽ വരികയും വൈദികന്റെ ദിവ്യകാരുണ്യസമയം ഇറങ്ങിപ്പോകയും ചെയ്യുന്ന ഇപ്പോഴത്തെ ചില യുവപരിഷ്കാരികളുടെ സമ്പ്രദായം ഇയാൾക്കില്ല. ഇയാൾ മുട്ടുകുത്തുന്ന വിധവും ആചാരവും കണ്ടാൽ മനസ്സിലാക്കാൻ സാധിക്കും പേരിനുവേണ്ടി ദൈവാലയത്തിൽ വരുന്നവരുടെ ഗണത്തിൽ ഇയാളെ ഉൾപ്പെടുത്താൻ സാധിക്കയില്ലെന്നു്. അനാവശ്യസംസാരം, ചിരി മുതലായവമൂലം ദൈവാലയത്തിലെ നിശ്ശബ്ദത ഭഞ്ജിക്കുകയോ മററുള്ളവരെ അതിനു പ്രേരിപ്പിക്കുകയോ ചെയ്യുന്നില്ല. ദിവ്യകാരുണ്യ സ്വീകരണശേഷം കുറയാതെ പതിനഞ്ചുമിനിട്ടു സമയം പ്രാർത്ഥനാനിരതനായി കഴിയുന്നു.

### ഇടവക പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു

ഇടവകജനങ്ങളുടെ ഉദാരമായ സഹകരണമില്ലാതെ പള്ളിക്കാര്യങ്ങൾ ശരിയായി നടക്കുകയില്ലെന്നു ബോദ്ധ്യമുള്ള ഇയാൾ കഴിവനുസരിച്ചു സഹായം ചെയ്യുന്നു. പള്ളിയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കന്യകാമഠം, സ്കൂൾ മുതലായ സ്ഥാപനങ്ങളെ സഹായിക്കുന്നു. ഇടവകയിലുള്ള സംഘടനകളുടെ ചുമതലയേറിയ ഭാരവാഹിയാകുക, വേദോപദേശം കുട്ടികൾക്കു നൽകുക, ശവസംസ്കാരങ്ങളിൽ സംബന്ധിക്കുക, പെരുന്നാൾ പ്രദക്ഷിണങ്ങൾ ശരിയായി നടത്തുന്നതിനു ശ്രമിക്കുക, ഇടവകജനങ്ങളുടെ ആത്മീയസ്ഥിതി അജപാലകനായ ബ. വികാരിയച്ചനെ അറിയിക്കുക, സ്ത്രീധനം കൊടുക്കാൻ നിവൃത്തിയില്ലാത്തവർക്കുവേണ്ടി ഇടവകയിലെ ഉദാരമതികളെ സമീപിച്ചു പണസഹായം അപേക്ഷിച്ചു സഹായിക്കുക മുതലായവ ഇയാളുടെ പല സത്പ്രവൃത്തികളിൽ ചിലതുമാത്രമാണ്.

### മാതൃകാപരമായ കുടുംബജീവിതം

മാതൃകാഭവനത്തിനു മാത്രമേ യഥാർത്ഥ കത്തോലിക്കനെ ജനിപ്പിക്കുവാൻ സാധിക്കയുള്ളു. എന്ന തത്വം മനസ്സിലാക്കിക്കൊണ്ടു ഇയാൾ കുടുംബത്തിലെ സകല ചടങ്ങുകളിലും പ്രവൃത്തികളിലും കത്തോലിക്കാ വിശ്വാസം പ്രതിഫലിപ്പിക്കുന്നതിനു ശ്രമിക്കുന്നു. ക്രൂശിതരൂപം, വിശുദ്ധരുടെ ചിത്രങ്ങൾ, ഹന്നാൻ വെള്ളം എന്നിവ ഭവനത്തിൽ യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കുന്നു. കുട്ടികളുടെ സ്വഭാവരൂപവല്കരണത്തിൽ കത്തോലിക്കാഗ്രന്ഥങ്ങൾക്കും പത്രമാസികകൾക്കും ഉള്ള സ്ഥാനം മനസ്സിലാക്കിക്കൊണ്ടു ദീപിക, സത്യദീപം മുതലായ പത്രങ്ങളും "അമ്മ", കുടുംബദീപം മുതലായ മാസികകളും വരുത്തി കുട്ടികളെക്കൊണ്ടു വായിപ്പിക്കുന്നു. ഭാര്യയും മക്കളുമുണ്ടെന്നു കരുതി വൃദ്ധരായ മാതാപിതാക്കന്മാരെ പുറംതള്ളുന്നില്ല.

### വിശ്വാസചൈതന്യം

ജോലിസ്ഥലത്തോ മററുള്ള സ്ഥലങ്ങളിലോ ആരെങ്കിലും ദൈവാസ്തികൃത്തെ നിഷേധിച്ചു സംസാരിക്കുകയോ വൈദികരെ അവഹേളിച്ചു സംഭാഷണം നടത്തുകയോ ചെയ്യുന്നതു കേട്ടാൽ മാതൃകാ കത്തോലിക്കൻ അപ്രകാരമുള്ളവരെ തിരുത്തി ദൈവത്തേയും അധികാരികളെയും സ്നേഹിച്ചുബഹുമാനിക്കേണ്ട ആവശ്യകത പറഞ്ഞുകൊടുക്കുന്നു. അകത്തോലിക്കാ സഹോദരങ്ങൾ അടുത്തു താമസിക്കുന്നുണ്ടെങ്കിൽ അവരെ സ്നേഹിക്കയും സഹായിക്കുകയും സത്യസഭയിലേക്കു കൊണ്ടുവരാൻ ശ്രമിക്കയും ചെയ്യുന്നു.

### രാജ്യസ്നേഹം

ജനാധിപത്യം നിലവിലിരിക്കുന്ന ആധുനികകാലത്തു കത്തോ

(ശേഷം 12-ാം പേജിൽ)

(2-ാംപേജ് തുടർച്ച)

79. ചോ: പുരാണവസ്തുഗവേഷകന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും കുഴിച്ചെടുക്കുന്ന പുരാണവസ്തുക്കളും രേഖകളും ലക്ഷക്കണക്കിനും ആയിരക്കണക്കിനും കൊല്ലത്തെ പഴക്കമുള്ളവയാണെന്നു ശാസ്ത്രകാരന്മാർ വിധിക്കുന്നു. ദൈവം ലോകത്തെ സൃഷ്ടിച്ചിട്ട് ആറായിരംവർഷം തികയുവാൻ ഇനിയും ഏതാനും കൊല്ലങ്ങൾകൂടി വേണമെന്നാണ് വേദപുസ്തകത്തിൽനിന്നു മനസ്സിലാകുന്നത്. ഇതിൽ ഏതാണു ശരി?

(കെ. ജെ. അറക്കളം)

ഉ: പുരാണവസ്തുഗവേഷകന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും കുഴിച്ചെടുക്കുന്ന പ്രാചീനപദാർത്ഥങ്ങൾ ആയിരവും ലക്ഷവും വർഷങ്ങൾ പഴക്കമുള്ളതാണെന്നു പറയുന്ന ശാസ്ത്രകാരന്മാരുണ്ടെന്നുള്ളതു ശരി. കോടിവർഷങ്ങൾ പഴക്കമുണ്ടെന്നു പറയുന്നവരും ഉണ്ട്. പക്ഷെ അവരുടെ ഈ പറച്ചിലിനുള്ള തെളിവെന്താണ്? ചരിത്രാരംഭകാലത്തിനു് അപ്പുറത്തുള്ള ഈ സംഗതികളെപ്പററി ചരിത്രപരമായ തെളിവുകളില്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. ശാസ്ത്രകാരന്മാർക്കും തെളിവുകളില്ല. അഭ്യൂഹങ്ങൾ മാത്രമാണ്. തന്മൂലം ഒരു ശാസ്ത്രകാരൻെറ അഭിപ്രായത്തെ മറെറാരു ശാസ്ത്രകാരൻ നിഷേധിക്കുന്ന അനുഭവങ്ങൾ കുറച്ചൊന്നുമല്ല. പ്രാചീനതയെ സംബന്ധിച്ചിടത്തോളം ശാസ്ത്രകാരന്മാർ ഏകാഭിപ്രായത്തിലെത്തിയിട്ടുള്ള, 5000 കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള, ഏതെങ്കിലും ഒരു പുരാണവസ്തു ഉണ്ടെന്നു തോന്നുന്നില്ല.

ഇനി വേദപുസ്തകത്തെപ്പററിയാണെങ്കിൽ, ദൈവം ലോകത്തെ സൃഷ്ടിച്ചിട്ടു ആറായിരം വർഷം തികയുവാൻ ഇനിയും ഏതാനും കൊല്ലങ്ങൾകൂടി വേണ്ടിയിരിക്കുന്നുവെന്നു വേദപുസ്തകത്തിൽ ഖണ്ഡിതമായി പറഞ്ഞിട്ടില്ല. ഉൽപത്തിപുസ്തകത്തിലെ ആരംഭഭാഗത്തിലെ പദപ്രയോഗത്തിൽനിന്നു് ആറുദിവസംകൊണ്ടാണ് ദൈവം ആകാശത്തേയും ഭൂമിയേയും സകല ചരാചരങ്ങളേയും സൃഷ്ടിച്ചതെന്നു ഒരു ധാരണ നിലവിലുണ്ട്.

"എബ്രായസുറിയാനി ഭാഷകളിൽ പ്രയോഗിച്ചിരിക്കുന്ന യൗമാ, യോം എന്ന പദത്തിനു്, പകൽസമയം, പകലും രാവും കൂടിയ സമയം, കാലഘട്ടം എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. ഏതർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നുവെന്നു സാഹചര്യങ്ങളിൽനിന്നു ഗ്രഹിക്കേണ്ടതാണ്. സൂര്യൻ നാലാംദിവസംമാത്രം സൃഷ്ടിക്കപ്പെട്ടിരിക്കകൊണ്ടു് ഇവിടെപ്പറയുന്നതു കാലഘട്ടമല്ലാതെ, ഇന്നു നാം അർത്ഥമാക്കുന്നതരത്തിലുള്ള സാധാരണദിവസമല്ലെന്നു സിദ്ധിക്കുന്നു... സൃഷ്ടിഗ്രന്ഥം അനുസരിച്ചുള്ളതിൽ കൂടുതൽ പഴക്കം ഭൂമിക്കുണ്ടെന്നും, അതിനാൽ മൂശെയുടെ വിവരണം അബദ്ധമാണെന്നും, ചില ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നുണ്ട്. മൂലപാഠത്തിൻെറ അർത്ഥവ്യാപ്തി മനസ്സിലാക്കാതെ, തർജ്ജമകളിൽ കാണുന്ന ദിവസം സാധാരണദിവസമായി കരുതിയതുമാത്രമാണ് അബദ്ധം. കാലഘട്ടം എത്രയെങ്കിലും ദീർഘമാകാവുന്നതിനാൽ, ശാസ്ത്രങ്ങളും മൂശയുടെ വിവരണവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല." (പഞ്ചഗ്രന്ഥി പുറം 4)

മൂശെയുടെ ഉല്പത്തിപ്പുസ്തകം ഒരു ശാസ്ത്രഗ്രന്ഥമല്ലെന്നും അതിലെ അനേകഭാഗങ്ങളും ആലങ്കാരികഭാഷയിലാണു രചിച്ചിരിക്കുന്നതെന്നും നാം ഓർക്കണം. വിശുദ്ധ ആഗുസ്തീനോസ്, വിശുദ്ധ തോമസ് അക്വിനാസ് മുതലായ സഭാപിതാക്കന്മാർ ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ലോകത്തിൻെറ ആയുസ്സിനെപ്പററി ഖണ്ഡിതമായ ഒരു പ്രതിപാദനം നൽകുകയെന്നുള്ളതല്ലായിരുന്നല്ലോ മൂശെയുടെ ഉദ്ദേശ്യം. തിരിഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൻെറ ഒരു ചരിത്രം നൽകുകമാത്രമാണ് വേദപുസ്തകം ചെയ്തിരിക്കുന്നത്.

ചുരുക്കത്തിൽ ലോകത്തിൻെറ ആയുസ്സിനെപ്പററി നാം ഇന്നും അഭ[illegible]ത്തിൽമാത്രമാണു കഴിയുന്നു.

വിമർശനപംക്തി

# യുക്തിവാദിയുടെ അന്ധവിശ്വാസങ്ങൾ

(തുടർച്ച)

14. യുക്തിവാദിയുടെ കുയുക്തിവാദത്തിനും അന്ധവിശ്വാസത്തിനും മറെറാരു തെളിവുകൂടി ഹാജരാക്കാം. ഇടവം ലക്കത്തിൽ യുക്തിവാദി ഇങ്ങനെ പറഞ്ഞിരുന്നു: "69 കർദ്ദിനാളന്മാരും...ഉൾപ്പെടെ 2013 പുരോഹിതന്മാരടങ്ങിയ ഒരു ബൃഹത്തായ വൈദികവ്യൂഹമാണ്, ലൂർദ്ദിലേക്കുള്ള ആദ്യത്തെ ദേശീയ തീർത്ഥാടക സംഘത്തെ സംഘടിപ്പിച്ചതും നയിച്ചതും." ഇതിനു സത്യദീപം ഇങ്ങനെ മറുപടി നൽകി: "ജൂബിലിവർഷത്തിൻെറ അവസാനമായപ്പോഴേക്കും 69 കർദ്ദിനാളന്മാരും...ഉൾപ്പെടെ 2013 വൈദികർ ലൂർദ്ദിലേക്കു തീർത്ഥയാത്ര ചെയ്യുകയുണ്ടായി എന്നു കാത്തലിക് എൻസൈക്ലോപീഡിയാ പറയുന്നുണ്ട്. ഒരു കൊല്ലംകൊണ്ടു ഇത്രപേർ ലൂർദ്ദിലേക്കു തീർത്ഥയാത്രപോയി എന്നു പറയുന്നതും ഇത്രയുംപേർകൂടി ആദ്യത്തെ ദേശീയതീർത്ഥാടകസംഘത്തെ സംഘടിപ്പിക്കുകയും നയിക്കുകയും ചെയ്തുവെന്നു പറയുന്നതും തമ്മിലുള്ള വ്യത്യാസം യുക്തിവാദിക്കു അറിഞ്ഞുകൂടെന്നു വരുമോ?... 1873-ലാണ് ആദ്യത്തെ ദേശീയതീർത്ഥാടകസംഘം ലൂർദ്ദിലേക്കു പോയതു്. അന്നു ആകെക്കൂടി 69 കർദ്ദിനാളന്മാർ കത്തോലിക്കാസഭയിലുണ്ടായിരുന്നില്ല." (കീഴ്‌വര ഞങ്ങളുടേതു്)

ഇതിനു ഇപ്പോൾ യുക്തിവാദി നൽകുന്ന സമാധാനമല്ലേ കേൾക്കേണ്ടതു്. "1908-ൽ 69 കർദ്ദിനാളന്മാരും 19 പാത്രിയർക്കീസുമാരും 10 മെത്രാപ്പോലീത്താമാരും 564 മെത്രാന്മാരും ഉൾപ്പെടെ 2013 പുരോഹിതർകൂടിയാണ് ലൂർദ്ദിലേക്കു ദേശീയതീർത്ഥാടനം നയിച്ചതു്. ഞങ്ങൾ ഈ വസ്തുത എടുത്തു പറഞ്ഞതു കത്തോലിക്കാസഭ അധികൃതമായി നടത്തുന്ന പ്രചാരവേലയുടെ തീവ്രതയേയും ബൃഹത്തത്തേയും കാണിക്കാനാണ്. ഈ വിധം ഉഗ്രപ്രചരണങ്ങൾ നടത്താതിരുന്നെങ്കിൽ ലൂർദ്ദ് ഇന്നും ഒരു ഓണംകേറാമൂലയായിത്തന്നെ കിടക്കുമായിരുന്നു." യുക്തിവാദി തുടങ്ങിയ വാദമേതു്? ഇപ്പോൾ ചെന്നു് അവസാനിച്ചിരിക്കുന്നതെവിടെ? ഇത്രയും കുറഞ്ഞ വാചകങ്ങളിൽ ഇത്രയധികം അയഥാർത്ഥങ്ങളും അന്ധവിശ്വാസങ്ങളും അസംബന്ധങ്ങളും എഴുതി നിറയ്ക്കുവാൻ യുക്തിവാദിക്കല്ലാതെ മററാർക്കും സാധിക്കുമെന്നു തോന്നുന്നില്ല.

15. ഒന്നാമതു 1908-ൽ 2013 പുരോഹിതർകൂടി ലൂർദ്ദിലേക്കു ദേശീയ തീർത്ഥാടനമൊന്നും നയിച്ചില്ല. നയിച്ചുവെന്നുള്ളതു യുക്തിവാദിയുടെ ഉച്ചക്കമ്പംമാത്രമാണ്. ലൂർദ്ദിലെ ദർശനങ്ങളുടെ കനകജൂബിലിവർഷമായ അക്കൊല്ലം അനേകം രാജ്യങ്ങളിൽനിന്നു് അനേകം തീർത്ഥാടകസംഘങ്ങൾ ലൂർദ്ദ് സന്ദർശിച്ചിട്ടുണ്ട്. അവയിലെല്ലാംകൂടി 2013 വൈദികർ ലൂർദ്ദിലേക്കു തീർത്ഥയാത്ര പോയി എന്നുമാത്രമാണു കാത്തലിക് എൻസൈക്ലോപീഡിയാ പറയുന്നതു്.

രണ്ടാമതു്, കർദ്ദിനാളന്മാരും പാത്രിയർക്കീസുമാരും മററും ലൂർദ്ദിലേക്കു പോയതു പ്രചരണത്തിനായിരുന്നില്ല. പ്രചരണം നടത്തുന്നതു അറിയപ്പെടാത്ത സ്ഥലങ്ങളിലാണല്ലോ. ലൂർദ്ദിനെപ്പററി ലൂർദ്ദിലുള്ളവർക്കു അറിയാവുന്ന സ്ഥിതിക്കു അവിടെച്ചെന്നു് എന്തൊരു പ്രചരണമാണു നടത്തുക. ലൂർദ്ദിനെപ്പററി കേട്ടിട്ടില്ലാത്ത അന്യനാട്ടുകാരും ലൂർദ്ദിൽ എത്തുകയില്ല. അതിനാൽ അവരുടെ ഇടയിലും പ്രചരണത്തിനു സന്ദർഭങ്ങളില്ല. തന്മൂലം ലൂർദ്ദിലേക്കു തീർത്ഥയാത്ര പോകുന്നതു തീവ്രവും ബൃഹത്തുമായ പ്രചാരവേലയാണെന്നു യുക്തിവാദി ജല്പിക്കുന്നതു സത്യത്തെ മറയ്ക്കുന്നതിനും അസത്യത്തെ മുറുകെപ്പിടിക്കുന്നതിനും യുക്തിവാദിക്കുള്ള സഹജമായ വാസനകൊണ്ടാണ്.

മൂന്നാമതു് 1908-ലെ ദേശീയ തീർത്ഥാടനം പോലെയുള്ള ഉഗ്രപ്രചരണങ്ങൾ നടത്താതിരുന്നെങ്കിൽ ലൂർദ്ദ് ഇന്നും ഓണംകേറാ

## For favours received



Excuse Delay

V. M. K.

മൂലയായിരിക്കുമായിരുന്നെന്നുള്ള വികത്ഥനം തീർത്തും യുക്തിശൂന്യമായ ഒന്നാണ്. ലൂർദ്ദിലെ ദർശനങ്ങളുടെ 50-ാം വത്സരമാണ് 1908. അതുവരെ അതൊരു ഓണംകേറാമൂലയായിരുന്നെങ്കിൽ, 1908-ൽ ഇത്രവലിയ ഒരു തീർത്ഥകപ്രവാഹം അവിടേക്കുണ്ടാകുമായിരുന്നില്ല. 1908-നു മുൻപുതന്നെ അതു പ്രസിദ്ധമായി കഴിഞ്ഞിരുന്നെങ്കിൽ അതിൻെറ പ്രസിദ്ധിക്കു കാരണം 1908-ലെ ദേശീയതീർത്ഥാടനമല്ലെന്നു സ്പഷ്ടമാണല്ലോ. (ആദ്യമായി ലൂർദ്ദിലേക്കു ഒരു ദേശീയതീർത്ഥാടനസംഘം പോയതു് 1873-ൽ ആയതു് ദർശനങ്ങൾ കഴിഞ്ഞു് 15-ാം വർഷത്തിലാണ്. ഒരു ദേശീയ തീർത്ഥാടനസംഘം അങ്ങോട്ടു പോകത്തക്ക പ്രശസ്തി ഈ 15 വർഷംകൊണ്ടു ലൂർദ്ദിനുണ്ടായിയെന്നാണല്ലോ അതു തെളിയിക്കുന്നതു്.)

16. "ശരിയായ വ്യാപാരകുശലതയോടെ പ്രചരണം നടത്തിയാൽ ബീഡി, സിഗരററ്, ചാരായം, ബ്രാണ്ടി മുതലായവയുടെ വില്പനപോലും ഊഹാതീതമായ തോതിൽ വർദ്ധിപ്പിക്കാ"മെന്നും "ഇന്നത്തെ ലൂർദ്ദിലെ തീർത്ഥാടനബഹളങ്ങളെല്ലാം അങ്ങനെ പ്രചരണംകൊണ്ടുണ്ടാക്കിയതാണെ"ന്നും യുക്തിവാദി പറയുന്നു. പക്ഷേ തന്ത്രപൂർവ്വമായ എതിർപ്രചരണംകൊണ്ടു ഏതു വമ്പിച്ച വ്യാപാരത്തെയും നശിപ്പിക്കാമെന്നും, എന്നാൽ കഴിഞ്ഞ ഒരു നൂററാണ്ടായി, ഗവമ്മെൻറുകളും യുക്തിവാദികളും സർവ്വശക്തിയുമുപയോഗിച്ച് എതിർപ്രചരണം നടത്തിയിട്ടും ലൂർദ്ദിൻെറ പ്രശസ്തി നാൾക്കുനാൾ വർദ്ധിച്ചാണു വരുന്നതെന്നുമുള്ള വസ്തുത യുക്തിവാദി സൗകര്യത്തിൽ മറന്നുകളഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല ഈ പ്രസ്താവം പൂർവ്വാപരവിരുദ്ധവുമായിരിക്കുന്നു. എന്തെന്നാൽ ലൂർദ്ദിലെ അത്ഭുതനീരാവയുടെയും ദർശനങ്ങളുടെയും സത്യത 9 വർഷക്കാലം പൊതുവിൽ അവിശ്വസനീയമായിരുന്നെന്നും പിന്നീടു സംശയഗ്രസ്തമായിരുന്നെന്നും യുക്തിവാദിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ലൂർദ്ദിലെ തീർത്ഥാടനബഹളമെല്ലാം "എതിർപ്രചരണം" കൊണ്ടുണ്ടായതാണെന്നല്ലേ സമർത്ഥിക്കേണ്ടതു്?

17. ഒരു യുക്തിവാദിയും, യുക്തിവാദിപ്പത്രാധിപരെപ്പോലെ തന്നെ സ്വപക്ഷസ്ഥാപനത്തിനു് ഏതു കളവും എഴുതിപ്പിടിപ്പിക്കുവാൻ ശങ്കയില്ലാതിരുന്നവനുമായ എമിലിസോളായുടെ വിക്രിയകളെപ്പററി സത്യദീപം എഴുതിയിരുന്നല്ലോ. അതിനു യുക്തിവാദിയുടെ മറുപടി സോളാ "ഊർജ്ജസ്വലതയും നിസ്സാരതയും കലന്ന ശൈലിയിൽ എഴുതിയിരുന്ന ഒരു അനുഗൃഹീത സാഹിത്യകാരനായിരുന്നു"വെന്നു് കാത്തലിക് എൻസൈക്ലോപീഡിയാ പറഞ്ഞിട്ടുണ്ടെന്നാണ്. സോളാ അങ്ങനെയല്ലായിരുന്നുവെന്നു സത്യദീപം പറഞ്ഞിട്ടില്ലല്ലോ. സോളാ തൻെറ ക്ഷുദ്രഗ്രന്ഥങ്ങളിൽ കള്ളത്തരങ്ങളും അസംബന്ധങ്ങളും എഴുതിപ്പിടിപ്പിച്ചതു് "ഊർജ്ജസ്വലതയും നിസ്സാരതയും കലന്ന ശൈലിയിൽ" ആയിരുന്നുവെന്നു സത്യദീപം സമ്മതിക്കുന്നു. (Writer എന്ന പദത്തെയാണു യുക്തിവാദി അനുഗൃഹീതസാഹിത്യകാരൻ എന്നു തർജ്ജമ ചെയ്തിരിക്കുന്നതു്.) സോളായുടെ ഗ്രന്ഥങ്ങൾ "അക്ഷന്തവ്യമായ പരുക്കത്തരംകൊണ്ടു കലുഷിതമാണ്" എന്നും കാത്തലിക് എൻസൈക്ലോപീഡിയാ പറയുന്നുണ്ട്.

"വോൾട്ടയറും തോമ്മസ് പെയിനും മററും മരിക്കുന്ന സമയം വിശ്വാസികളായി മനംതിരിഞ്ഞു കത്തോലിക്കരായി എന്നു ചില തല്പരകക്ഷികൾ പിന്നീടു കളവായി എഴുതിയിട്ടുള്ളതുപോലുള്ള ഒരു ക്ഷുദ്രഗ്രന്ഥമാണു "ലൂർദ്ദമാഹാത്മ്യം" എന്നു യുക്തിവാദി പറയുന്നു. ഈ വാചകംകൊണ്ടു് എന്താണുദ്ദേശിച്ചിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. മരണസമയം സോളായും മനസ്സുതിരിഞ്ഞു എന്നു ലൂർദ്ദമാഹാത്മ്യം പറഞ്ഞിട്ടുണ്ടെന്നാണോ? ലൂർദ്ദമാഹാത്മ്യം അങ്ങനെ പറഞ്ഞിട്ടില്ല. സോളാ തൻെറ ഗ്രന്ഥത്തിൽ പല കൃത്രിമങ്ങളും കള്ളത്തരങ്ങളും കാണിച്ചിട്ടുണ്ടെന്നു തെളിവുസഹിതം പ്രതിപാദിക്കുകയേ ലൂർദ്ദമാഹാത്മ്യം ചെയ്തിട്ടുള്ളൂ. ആ തെളിവുകളിൽ ചിലതു് ഒക്ടോബർ 3-ാംതീയതിയിലെ സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതേപ്പററി യുക്തിവാദിക്കൊന്നും പറയുവാനില്ല. മൗനം സമ്മതം, അല്ലേ?

18. "മാറാത്തതെന്നും മാരകമെന്നും കരുതപ്പെടുന്ന രോഗങ്ങളിൽ ഒരു അല്പശതമാനം അപ്രതീക്ഷിതമായും പെട്ടെന്നും സുഖപ്പെടുന്നതായി കാണാം" എന്നു യുക്തിവാദി പറയുന്നു. പക്ഷെ ഇതു യുക്തിവാദിയുടെ മനോരാജ്യത്തിൽ മാത്രമാണ്. മനുഷ്യരുടെ ഈ ലോകത്തിലല്ലായെന്നേയുള്ളൂ. ലൂർദ്ദിൽ നടന്ന 9 അത്ഭുതരോഗശാന്തികളെപ്പററി സത്യദീപം പ്രസ്താവിച്ചിട്ടുണ്ടല്ലോ. കേവലം വസ്തുസ്ഥിതികഥനമായ അവയിൽ ഒന്നിനെപ്പോലും നിഷേധിക്കുന്നതിനു യുക്തിവാദിക്കു സാധിക്കാത്തതിനു കണ്ടുപിടിച്ച ബാലിശമായ ഒരടവാണു മുകളിലുദ്ധരിച്ച വാചകം. ശരി, ലൂർദ്ദിൽ ശമിച്ചുവെന്നു സത്യദീപം പ്രസ്താവിച്ചിരിക്കുന്നതുപോലെയുള്ള ഒരു രോഗം അപ്രതീക്ഷിതമായി, പെട്ടെന്നു്, യാതൊരു ഔഷധത്തിൻെറയും സഹായംകൂടാതെ, സുഖപ്പെട്ട ഒരുദാഹരണം ചരിത്രത്തിൽനിന്നു യുക്തിവാദിക്കു ചൂണ്ടിക്കാണിക്കാമോ?

## വിനോദവീഥി



"അപ്പഴിതൊരഞ്ഞൂറു രൂപയേയൊള്ളു. പലിശക്കുട്ടി മാസംപിറന്നിവിടെത്തന്നെ കൊണ്ടന്നേക്കണം. മറക്കരുതു്, ങേ!"

× × ×

മേരി:- "ഗ്രേസി, ഇന്നലെ ഒരു പുകിലുണ്ടായതറിഞ്ഞുവോ?"

ഗ്രേസി:- "ഇല്ലല്ലോ. എന്താണതു്?"

മേരി:- "കഴിഞ്ഞയാഴ്ച നടന്ന ക്ലാരയുടെ വിവാഹത്തിൻെറ റിപ്പോർട്ടു ഇന്നലെയാണ് പത്രത്തിൽ വന്നതു്. ഞങ്ങളതു ക്ലാരയെ കാണിച്ചുകൊടുത്തു. പുള്ളിക്കാരി അതു വായിച്ചുകൊണ്ടു് പത്രം വലിച്ചുകീറി ദൂരെയെറിഞ്ഞു."

ഗ്രേസി:- "അതെന്തിനാ? റിപ്പോർട്ടിൽ വല്ല തെററുമുണ്ടായിരുന്നുവോ?"

മേരി:- "ഞങ്ങളൊന്നും കണ്ടില്ല. ഒരു പുരാണവസ്തുഗവേഷകനായ മി. ജോൺ ശ്രീമതി ക്ലാരയെ വിവാഹംചെയ്തു എന്നാണ് പ്രസിദ്ധപ്പെടുത്തിയിരുന്നതു്."

ഗ്രേസി:- "ആ, വെറുതെയാണോ ക്ലാര കോപിച്ചതു്. അവൾ വയസ്സു കൂടുതലുണ്ടെന്നു പറഞ്ഞാൽ ക്ഷമിക്കുമോ? പോരെങ്കിൽ ഒരു പുരാണവസ്തുവായിട്ടല്ലേ പറഞ്ഞിരിക്കുന്നതു്?"

× × ×

മേരി ഒരു വ്രതമെടുത്തിരിക്കുകയാണ്, സത്യമേ പറയൂ എന്നു്. ആ ഇടയ്ക്കാണ് ഒരു കച്ചേരിയിൽ ഹാജരാകേണ്ടിവന്നതു്. വക്കീലിൻെറ ചോദ്യം:- "നിങ്ങൾക്കു വയസ്സെത്രയായി?

മേരി:- (പരുങ്ങിത്തുടങ്ങി)... "20-ം കുറെ മാസങ്ങളും."

വക്കീൽ:- "മാസങ്ങൾ എത്രയായിരിക്കും?"

മേരി:- (വീണ്ടും പരുങ്ങി)... 162...."

× × ×

കപ്പലിൻെറ അടിത്തട്ടിൽ ഏതോ ശക്തിയായ സ്വരം കേട്ടു പരിഭ്രമിച്ചു കപ്പിത്താൻ ഫോണെടുത്തു വിളിച്ചു. പെട്ടെന്നു മറുപടി കിട്ടാതെ അദ്ദേഹം ഗർജ്ജിച്ചു:- "ഈ ഫോണിൻെറ അററത്തു ഏതെങ്കിലും മരമണ്ടൻ തൂങ്ങിക്കിടപ്പുണ്ടോ?"

മറുപടി:- "ഇല്ല സർ, ഈ അററത്തില്ല."

Wednesday February 27 1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg No. M. 2293 Vol. 30 No. 28






വി. തർസീസ്യൂസ്

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

വിശുദ്ധകുർബാനയെ നെഞ്ചിൽ അടക്കിപ്പിടിച്ചു് ശത്രുക്കളുടെ മദ്ധ്യത്തിലൂടെ മുമ്പോട്ടു പോകുന്ന തർസീസിയൂസിനെപ്പററി ചിന്തിക്കുമ്പോൾ എത്രയെത്ര മനോഹരസ്മരണകളാണു് ഓരോരുത്തരിലും ഉളവാകുന്നതു്. നിങ്ങളോരോരുത്തരുടേയും ആദ്യകുർബാന സ്വീകരണത്തിന്റെ മധുരസ്മരണ എത്ര ഹൃദയാവർജ്ജകം. ഓരോ തവണയും വിശുദ്ധകുർബാന സ്വീകരിക്കുന്ന ഭാഗ്യാവസരം ഇതിന്റെ ആവർത്തനമല്ലയോ. ആ കൊച്ചുബാലനിൽ തിരതല്ലിയിരുന്ന ഭക്തചിന്തകൾ നമ്മുടെ മനസ്സിനേയും നിറയ്ക്കുന്നതിനു ഇടയാകത്തക്കവണ്ണം വിശുദ്ധകുർബാനയെപ്പററി നമുക്കു കൂടുതൽ കൂടുതൽ പഠിച്ചറിയാൻ ശ്രമിക്കാം.

വിശുദ്ധകുർബാന നമ്മുടെ ജീവന്റെ ജീവനാണു്. നമ്മുടെ ആദ്ധ്യാത്മികജീവിതത്തിന്റെ രഹസ്യം ദൈവേഷ്ടപ്രസാദമാണെന്നു നിങ്ങൾക്കറിയാമല്ലോ. നമ്മുടെ ശരീരത്തിനു ജീവചൈതന്യമുണ്ടു് എന്നു അനുഭവം നമ്മെ മനസ്സിലാക്കുന്നു. ആ ചൈതന്യംമൂലം നാം നടക്കുന്നു, ഇരിക്കുന്നു, ഓടുന്നു, മററോരോന്നു പ്രവർത്തിക്കുന്നു. ആ ചൈതന്യംപോയാൽ നാം മരിച്ചു. നമ്മുടെ ശരീരം ഒരു ശവമായി. ഈ സ്ഥിതിവ്യത്യാസം നമുക്കറിയാവുന്നതുകൊണ്ടു് നമ്മുടെ ശരീരത്തിന്റെ ജീവചൈതന്യം നശിക്കാതിരിക്കുവാൻ നാം ശ്രമിക്കുന്നു. അതിനുള്ള അതിപ്രധാനമായ ഒരു മാർഗ്ഗമാണു് ഭക്ഷണം. നമുക്കു വിശപ്പു തോന്നുമ്പോൾ നാം ഭക്ഷണം കഴിക്കുന്നു. ആ ഭക്ഷണം ദഹിച്ചു നമ്മുടെ ശരീരത്തിൽ ചേർന്നു നമ്മുടെ ജീവചൈതന്യത്തിനു മാററു വർദ്ധിപ്പിക്കുന്നു. ഇതുപോലെതന്നെയാണു് ആദ്ധ്യാത്മികജീവിതത്തിലും നമ്മുടെ ദിവ്യനാഥൻ അവിടുത്തെ പദ്ധതി ക്രമപ്പെടുത്തിത്തന്നിരിക്കുന്നതു്. "ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവന്റെ അപ്പമാകുന്നു" എന്നാണു് അവിടുന്നു പറഞ്ഞിട്ടുള്ളതു്. വിശുദ്ധകുർബാനയിൽ ഈ അപ്പം നാം ഭക്ഷിച്ചാൽ നമുക്കു ആദ്ധ്യാത്മികജീവചൈതന്യത്തെ നിലനിർത്തുവാനും വർദ്ധിപ്പിക്കുവാനും കഴിയും. അതുതന്നെയാണു് ദൈവേഷ്ടപ്രസാദജീവിതം. ഇതാണു് വിശുദ്ധകുർബാനയുടെ പ്രത്യേകത. വിശക്കുന്നവൻ ഭക്ഷണം അന്വേഷിക്കുന്നു; ദാഹിക്കുന്നവൻ വെള്ളം ആരായുന്നു. അതു സ്വാഭാവികമാണു്. അതുപോലെ ആദ്ധ്യാത്മികജീവിതത്തിൽ ദൈവേഷ്ടപ്രസാദത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരായ നാം നമുക്കു സ്വർഗ്ഗീയഭക്ഷണവും പാനീയവും നൽകുന്ന വിശുദ്ധകുർബാനയെ ശരണം പ്രാപിക്കണം. അതു എത്രമാത്രം നമുക്കാവശ്യമാണെന്നു ഒന്നാമതായി നമുക്കു ബോദ്ധ്യമുണ്ടാകണം. ഈ ബോദ്ധ്യതയിലാണു് നമ്മുടെ ഭക്തി ആരംഭിക്കുന്നതു്. ബോദ്ധ്യതയിൽ ആരംഭിച്ചെങ്കിൽ മാത്രമേ അതു നീണ്ടുനിൽക്കുകയുള്ളു; അതു ഫലപ്രദമാവുകയുമുള്ളു. അതുകൊണ്ടു് നമ്മുടെ മാതൃകയായ വിശുദ്ധ തർസീസിയൂസിനെ അനുകരിച്ചു് വിശുദ്ധകുർബാനയോടുള്ള തീവ്രമായ ഒരു ഭക്തി നമ്മിലുണ്ടാകുന്നതിനു വിശുദ്ധകുർബാനയെപ്പററി കൂടുതൽ കൂടുതൽ പഠിക്കുന്നതിനു നമുക്കു ശ്രമിക്കാം.


വല്യേട്ടൻ.



ബ്രദർ ജോൺ ജെ. മൈലാടിയുടെ കീഴിലുള്ള കാററൂറി ബാലസംഘം



9. "തർസീസിയൂസേ, നീ പോകുക. കർത്താവു നിന്നോടുകൂടി ആയിരിക്കട്ടെ. വിശുദ്ധകുർബാന ശത്രുകരങ്ങളിൽ പെടാതിരിക്കുവാൻ ജാഗ്രതയായിരിക്കുക" തർസീസിയൂസിനെ വൈദികൻ അനുഗ്രഹിച്ചയച്ചു.



10. ഉത്സാഹഭരിതനായി തർസീസിയൂസ് യാത്രപുറപ്പെടുന്നു. "എന്റെ ദിവ്യഈശോയെ, നിന്നെ ഞാൻസ്നേഹിക്കുന്നു. നിന്നെ വഹിക്കുന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നു. എന്നെ നീ കൈവിടരുതേ! ഈശോ!"

## 105-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ക്ഷമാപണം

## പ്രശ്നം നമ്പർ 106

(അഗസ്റ്റിൻ എം. എടക്കര Reg. No. 3)

ഒരു സമചതുരക്കളത്തെ 9 സമചതുരക്കളങ്ങളായി തിരിക്കുക. 1 മുതൽ 9 വരെ അക്കങ്ങൾ ഓരോ കളത്തിലായി നിരത്തുക. ഇടത്തുനിന്നു വലത്തോട്ടോ, വലത്തുനിന്നു ഇടത്തോട്ടോ, മേലെനിന്നു കീഴോട്ടോ, കീഴെനിന്നു മേലോട്ടോ, കോണോടുകോണോ കൂട്ടിയാൽ 15 ആകത്തക്ക കിട്ടണം.

(ഉത്തരം അടുത്തതിൽ)

യാത്രാവിവരണം

## എന്റെ വിനോദയാത്ര

(ആൻറണി വാഴപ്പിള്ളി, ചിററാട്ടുകര, Reg. No. 13)

(തുടർച്ച)

ബാങ്കളൂരിലേക്കുള്ള എന്റെ വിനോദയാത്രയിലെ ചില അനുഭവങ്ങൾ മുൻലേഖനത്തിൽ നിങ്ങളെ അറിയിച്ചുവല്ലോ. ഡിസം: 29-ാംനു- കാലത്തു് "റസ്സൽ മാർക്കററാ"ണു് ഞങ്ങൾ കണ്ടതു്. അതിന്റെ ഉൾഭാഗം ഒരു എക്സിബിഷൻ തയ്യാറെടുത്തുനില്ക്കുന്നതുപോലെതോന്നി. വളരെ ദൂരത്തിൽ ഒരു ഭാഗത്തു് മാംസക്കച്ചവടം; മററൊരുഭാഗത്തു് നവീനരീതിയിലുള്ള സ്റ്റേഷനറിസാമാനങ്ങളും, അത്ഭുതകരങ്ങളായ കളിക്കോപ്പുകളും; നിറപ്പകിട്ടേറിയ പഴവർഗ്ഗങ്ങൾ വേറൊരു ഭാഗത്തു്. ഇവ ഓരോന്നും ആ രാജ്യത്തിന്റെ മഹത്തായ വിഭവസമൃദ്ധിയെ വെളിപ്പെടുത്തുന്നുണ്ടു്.

പിന്നീടു് ഞങ്ങൾ പുറപ്പെട്ടതു് "കപ്പംപാക്കു്" കാണാനായിരുന്നു. അവിടെ എത്തിയപ്പോൾ എന്റെ ശാരീരികക്ഷീണമെല്ലാം പമ്പകടന്നു. നടവഴികളുടെ ഇരുവശങ്ങളിലും നാനാവർണ്ണങ്ങളിലുള്ള പുഷ്പസമൂഹങ്ങൾ അണിനിരന്നു നില്ക്കുന്നു. ഒരുഭാഗത്തു് തൂങ്ങിക്കിടക്കുന്ന പൂക്കുലകൾ. മറെറാരുഭാഗത്തു് വിശാലമായ പുൽമൈതാനം നീണ്ടുനിവർന്നങ്ങനെ ശയിക്കുന്നു. നിരവധി ഏക്കർ വിസ്തീർണ്ണം ആ സ്ഥലത്തിനുണ്ടു്. അതു മുഴുവൻ മനോഹരവൃക്ഷങ്ങളാലും ചെടികളാലും നിറഞ്ഞിരിക്കുകയാണു്. ആ പ്രകൃതിമനോഹരതയുടെ നിഴലിലും മനുഷ്യന്റെ നിസ്സഹായതയെ ഞാൻ വേദനയോടെ ദർശിച്ചു. ജോലിയന്വേഷിച്ചുവന്ന ചില യുവാക്കന്മാർ വിശന്നു ക്ഷീണിച്ചു് വൃക്ഷത്തണലിൽ നിരത്തിയിട്ടിരിക്കുന്ന കോൺക്രീററുബെഞ്ചുകളിൽ ഇരുന്നു വിശ്രമിക്കുന്നു. പുഷ്പസൗരഭ്യമേന്തിവരുന്ന മന്ദാനിലൻമാത്രം അവരെ സാന്ത്വനപ്പെടുത്തുന്നു. എന്റെ ചിന്തകൾ പ്രപഞ്ചനാഥനെപ്പററി മായാത്ത ചില ചിത്രങ്ങൾ ഹൃദയഭിത്തിയിൽ എഴുതിവച്ചു. അതിനെപ്പററി ഇന്നല്ലാ, ഞാൻ എന്നും ചിന്തിക്കും.

അവസാനമായി ഞങ്ങൾ കണ്ടതു് പണി പൂർത്തീകരിച്ചുകഴിയാത്ത പാർലമെൻറു് കെട്ടിടമാണു്. നഗരത്തിലെ ജനനിബിഡമായ റോഡിലൂടെ, രാഷ്ട്രത്തിന്റെ നിയമനിർമ്മാണകാര്യാലയം സന്ദർശിക്കുവാൻ അത്യാവേശപൂർവ്വം ഞങ്ങൾ നടന്നു. അംബരചുംബികളായ പല സൗധങ്ങളും കണ്ടു കണ്ടു് ഞങ്ങളങ്ങനെ റോഡിന്റെ ഒരരികിൽക്കൂടി നീങ്ങുകയാണു്. അധികം താമസിച്ചില്ല. ഞാനറിയാതെതന്നെ ചെന്നുനിന്നതു് പഴയ മൈസൂർ സ്റ്റേററു്അസംബ്ളികെട്ടിടത്തിന്റെ മുന്നിലാണു്. അതിന്റെ അല്പം പിന്നിലായി ഉയരമേറിയ പാർലമെൻറു മന്ദിരം കാണാം. അതിന്റെ നിർമ്മാണശില്പത്തിനു് വളരെ മനോഹാരിതയുണ്ടു്. അതു കാണുവാൻ ദരിദ്രരും ധനികരും, പണ്ഡിതന്മാരും പാമരന്മാരും, തൊഴിലാളികളും വിദ്യാർത്ഥികളും, കർഷകരും എല്ലാം ഓടിക്കൂടുന്നുണ്ടു്. സന്ദർശകലക്ഷങ്ങളെ പട്ടാളക്കാരും, വാളണ്ടിയറന്മാരും, പോലീസ്ഉദ്യോഗസ്ഥന്മാരും നിയന്ത്രിച്ചു സൗകര്യപ്പെടുത്തുകയാണു്. കരിങ്കല്ലും സിമൻറുംമാത്രമാണു് അതിന്റെ നിർമ്മാണത്തിനു ഉപയോഗിക്കുന്നതു്. മന്ദിരത്തിനകത്തു കലാനൈപുണ്യം എടുത്തുകാണിക്കത്തക്കവണ്ണമുള്ളവ പലതുമുണ്ടു്. ഞാൻ താഴെയും മുകളിലും നടന്നുകണ്ടു. മൈസൂർ സ്റ്റേററു്അസംബ്ളി അതിനുള്ളിലെ പ്രത്യേകമൊരു ഹാളിൽ നടന്നുകൊണ്ടിരുന്നു. അതു് കാണുവാനുള്ള ആഗ്രഹം എന്നിൽ വർദ്ധിച്ചു. എന്റെ കൂട്ടുകാരന്റെ പരിശ്രമത്താൽ രണ്ടു പാസ്സുകൾ ഞങ്ങൾക്കു വേഗത്തിൽ കിട്ടി. അസംബ്ളിഹാളിൽ സന്ദർശകരോടൊപ്പം ഞങ്ങളും ഗാലറിയിൽ സ്ഥലംപിടിച്ചു. വൃത്താകൃതിയിലുള്ള ഹാളിൽ ഒരററത്തു് പ്ലാററുഫോമത്തിൽ സ്പീക്കർ ഇരിക്കുന്നു. അതിനു താഴെ കുറച്ചുകലെ മുൻവശത്തായിട്ടാണു് ചീഫ്സിക്രട്ടറിയും മററും ഇരിക്കുന്നതു്. സ്പീക്കറുടെ അടുത്തു താഴെയായി മന്ത്രിമാരും ഇടത്തുവശത്തു പത്രലേഖകന്മാരും ഇരിക്കുന്നു. സ്പീക്കറുടെ മുൻവശത്തു് വട്ടത്തിൽ അസംബ്ളി മെമ്പർമാർ നിരന്നിരിക്കുകയാണു്. പാർട്ടികളെ അടിസ്ഥാനപ്പെടുത്തിയുള്ള വിഭാഗങ്ങൾ ഞാൻ അവിടെ കണ്ടില്ല. എല്ലാവരുടെ മുമ്പിലും "മൈക്കു്" ഘടിപ്പിച്ചിട്ടുണ്ടു്. ഹാളിൽ മെമ്പർമാർക്കും, മുകളിലെ നിലയിലിരിക്കുന്ന സന്ദർശകർക്കും നടപടികൾ കേൾക്കാനായി ഇരുപതോളം ഉച്ചഭാഷിണികൾ വച്ചിട്ടുണ്ടു്. അസംബ്ളിയിൽ പങ്കെടുക്കാത്തവരുടെ ഒഴിഞ്ഞ സീററുകളും, പങ്കെടുക്കുന്നവരിൽ ഉറക്കംതൂങ്ങുന്നവരും, വന്നവരിൽ പരിപാടികൾ കഴിയും മുമ്പേ പോകുന്നവരും, അവസാനിക്കാറാകുമ്പോൾ വരുന്നകൂട്ടരും അവിടെയുണ്ടു്.

അന്നു കൃത്യം അഞ്ചരമണിക്കു അസംബ്ളി പിരിഞ്ഞു. ഈ കെട്ടിടത്തിലേക്കു ഒരു കൊല്ലത്തിൽ 6 മാസം പാർലമെൻറുസമ്മേളനം ഡൽഹിയിൽനിന്നു അടുത്ത ഭാവിയിൽ മാററുമെന്നു പറഞ്ഞു കേൾക്കുകയുണ്ടായി.

(10-ാംപേജു് തുടർച്ച)

ലിക്കർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പ തി ക്കേണ്ടിയിരിക്കുന്നു. ഈശ്വരാസ്തികൃത്തിലും പ്രകൃത്യതീതസംഭവങ്ങളിലും വിശ്വസിക്കാതെ, മതാധികാരികളെ ബഹുമാനിക്കാതെ നടക്കുന്ന സ്ഥാനാർത്ഥികൾക്കു മാതൃകാകത്തോലിക്കൻ വോട്ടുനൽകുന്നുമില്ല മററുള്ളവരെക്കൊണ്ടു കൊടുപ്പിക്കുന്നുമില്ല. ഗവമ്മെൻറിനു കരംകൊടുക്കുന്നതിലും രാഷ്ട്രീയാധികാരികൾ ഓരോ സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ അവരെ യഥായോഗ്യം സ്വീകരിക്കുന്നതിലും ആചാരബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നതിലും ഇയാൾ ശ്രദ്ധപതിക്കുന്നു.

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കു പുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1